Mr. Speaker: When the reply is made at the end of the discussion on the clear Demands Government will make their position regarding these incidents.

CALLING ATTENTION UNDER RULE 61

1970 ഫെബ്രുവരി ഒന്നാംതീയതി പീരുമേടിൽ Ranimudi, Pattumudi, Rajamudi, Kallar, തുടങ്ങിയ എസ്റ്റേററുകളിലെ ഉൽപ്പന്നങ്ങൾ ലേലം ചെയ്യാൻ ഗവൺമെൻറ് തീരുമാനിച്ചതിനുശേഷം ഉണ്ടായ ഗുരുതരാവസ്ഥ ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെടുത്തുവാൻ ശ്രീ. കെ. ഐ. രാജൻ റൂൾ അറുപത്തിഒന്ന് അനുസരിച്ച് ഒരു നോട്ടീസ് നൽകിയിട്ടുണ്ട്. ശ്രീ. രാജൻ ഇവിടെയില്ല. ഉണ്ടായിരുന്നുവെങ്കിൽ അദ്ദേഹത്തിന് സംസാരിക്കുവാൻ അനുവാദം കൊടുക്കുമായിരുന്നു.

Resignation of seas in the Assembly

Mr. Speaker: Order, Order. I have to inform the House that Shri E. Chandrasekharan Nair has resigned his seat in the Kerala Legislative Assembly with effect from February 1, 1970.

FINANCIAL BUSINESS

Discussion and voting on Demands for Supplementary Grants in the Budget for 1969-70.

Mr. Speaker: As suggested by the Leader of the Opposition, we may take up the following Demands:

Demand II—Land Revenue

Demand XIII—Police

Demand IX—Heads of States, Ministers and Headquarters Staff.

Demand XXII—Agriculture

Now the Demands may be moved.

Minister for Revenue (**Shri K. T. Jacob**): Sir, I move for a supplementary grant of Rs. 32,58,500 under Demand II—Land Revenue.

Minister for Education & Home (**Shri C. H. Mohammed Koya**): Sir I move for a supplementary grant of Rs. 100 under Demand XIII—Police.

Chief Minister (**Shri C. Achutha Menon**): Sir, I move for a supplementary grant of Rs. 3,30,500 under Demand IX—Heads of States, Ministers and Headquarters Staff.

Minister for Irrigation & Agriculture (**Shri O. Koran**): Sir, I move for a supplementary grant of Rs. 22,98,300 under Demand XXII—Agriculture

LIBRARY ARCHIVES Kerala Legislative Assembly

Mr. Speaker: Now, according to the time available, the following allocation is made:

Ruling Party	:	80 minutes
CPM	:	63 ,,
SSP	:	10 ,,
Congress (both)	:	10 minutes each
Independents	:	14 ,,
Ministers' Reply	:	23 ,,

Shri A. S. Purushothaman may speak. He has got 12 minutes.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. എസ്. പുരുഷോത്തമൻ: സർ, പോലീസ് വകുപ്പിലേക്കുള്ള സപ്ലിമെൻററി ഡിമാൻഡിനെ ഞാൻ എതിർക്കുകയും ഈ സന്ദർഭത്തിൽ പോലീസ് ഭരണത്തെക്കുറിച്ച് ചില കാര്യങ്ങൾ സ്വന്തം അനുഭവത്തിൽനിന്ന് പരാമർശിക്കാൻ ആഗ്രഹിക്കുകയും ചെയ്യുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കഴിഞ്ഞ നിയമസഭാകാലത്ത് പൊതുവെ, ലോക്കപ്പു മർദ്ദനങ്ങൾ ഒന്നും നടക്കുകയില്ലെന്നും എവിടെയെങ്കിലും പോലീസ് മർദ്ദനങ്ങൾ നടക്കുകയാണെങ്കിൽ അന്വേഷിച്ചു നടപടി സ്വീകരിക്കുമെന്നും പറയുകയുണ്ടായി. ഇന്നാകട്ടെ, ബഹുമാനപ്പെട്ട ട്രാൻസ്പോർട്ടുവകുപ്പു മന്ത്രി, യാതൊരു കേസിൽപ്പെട്ട പ്രതിയുടെയും നേരെ ലോക്കപ്പുമർദ്ദനം നടത്തുകയില്ലെന്ന് ഇവിടെ പ്രഖ്യാപിക്കുകയുണ്ടായി. എന്നാൽ നമ്മുടെ സംസ്ഥാനത്ത് ഇന്നു കാണുന്നത് എന്താണ്. എവിടെയെങ്കിലും യാദൃശ്ചികമായി നടക്കുന്ന പോലീസ് മർദ്ദനങ്ങളല്ല, മറിച്ച് നമ്മുടെ ഈ സംസ്ഥാനത്ത് ഇതിനുമുമ്പ് ഒരിക്കലും കണ്ടിട്ടില്ലാത്തതരത്തിൽ, കേരളത്തിന്റെ എല്ലാമുക്കിലും മൂലയിലും സാർവത്രികമായ പോലീസ്മർദ്ദനമാണ് നടക്കുന്നത്. ഇതുപോലെ, ആളുകളെ റോഡിൽവച്ചും വീടുകൾ കൈയേറിയും, ഭീകരമായും സാർവത്രികമായും ആക്രമിക്കുന്ന നടപടിയും സ്ഥിതിവിശേഷവും ഏതെങ്കിലുമൊരു ഭരണകാലത്തു നമ്മുടെ സംസ്ഥാനത്തുണ്ടായിട്ടില്ല. 1949 കാലത്ത് ടി. കെ. നാരായണപിള്ള മുഖ്യമന്ത്രിയായിരുന്നപ്പോഴാണ് നമ്മുടെ സംസ്ഥാനത്ത് അതി ഭീകരമായ പോലീസ് മർദ്ദനങ്ങൾ നടന്നിട്ടുള്ളത്. അന്നും ഏതെങ്കിലും മുക്കും മൂലയുംപോലും ഒഴിച്ചുവിടാതെ സാർവത്രികമായ പോലീസ് മർദ്ദനം നമ്മുടെ സംസ്ഥാനത്ത് കണ്ടിട്ടില്ല. പോലീസ് ലോക്കപ്പുമർദ്ദനം നടത്തുന്നില്ലെന്ന് ട്രാൻസ്പോർട്ട്മന്ത്രി ഇവിടെ പറഞ്ഞത് നമ്മുടെ സംസ്ഥാനത്തെ പത്രങ്ങൾ നാളെ റിപ്പോർട്ടുചെയ്യുമ്പോൾ കേരളത്തിലെ ജനങ്ങൾ ലജ്ജിച്ചു തലതാഴ്ത്തുമെന്നുള്ളതിൽ യാതൊരു സംശയവുമില്ല. ഗവൺമെൻറിന് പിൻതുണനൽകുന്ന പത്രങ്ങളും സ്ഥാപിതതാൽപ്പര്യക്കാരുടെപത്രങ്ങളും കഴിഞ്ഞ കാലത്ത് നമ്മുടെ സംസ്ഥാനത്തു ജനങ്ങളുടെ നേരെ നടന്ന മർദ്ദനങ്ങൾ പലതും മറച്ചുവച്ചിട്ടുണ്ട്. അന്നൊന്നും മർദ്ദനത്തിന്റെ കഥകൾ വെളിച്ചം കണ്ടിട്ടില്ല. (1948—ൽ ഇന്നത്തെ) മുഖ്യമന്ത്രി അച്ചുതമേനോൻ കൊച്ചി സംസ്ഥാനത്തെ പാർട്ടിയുടെ സെക്രട്ടറിയായിരുന്നകാലത്ത്, എലക്ഷൻ ബഹിഷ്കരിക്കുന്നതിന് നൽകിയ ആഹ്വാനമനുസരിച്ച് പ്രവർത്തിച്ച നിരവധി പാർട്ടി പ്രവർത്തകരെയും അനുഭാവികളേയും മർദ്ദിച്ചതിൽ പ്രതിഷേധിച്ച് അച്യുതമേനോൻ എഴുതിയ ലഘുലേഖയുടെ പതിനായിരക്കണക്കിനു കോപ്പികൾ പ്രചരിപ്പിച്ച കാര്യം

ഞാൻ ഇപ്പോൾ ഓർക്കുകയാണ്. 1949—ൽ, ടി. കെ. നാരായണപിള്ളയുടെ ഭരണ കാലത്ത്, നടന്ന മർദ്ദനങ്ങളെ അച്ചുതമേനോനും കൂട്ടരും മററു പുരോഗമനാശയക്കാരും എതിർത്തെങ്കിലും പിൻതിരിപ്പൻ പത്രങ്ങൾ ആ മർദ്ദനങ്ങളുടെ കഥ മൂടിവച്ച കാര്യം നമുക്കറിയാം. ഇന്നും പിൻതിരിപ്പൻ പത്രങ്ങൾ ആ മർദ്ദനങ്ങളുടെ കഥ മൂടിവയ്ക്കുകയാണ്. ഇന്ന് ആ മർദ്ദനങ്ങൾ അനുഭവിക്കുന്ന ജനങ്ങൾക്ക് ആയിരക്കണക്കിന് മർദ്ദനങ്ങളുടെ കഥകൾ പറയാനുണ്ട്. ഞാൻ എന്റെ നിയോജകമണ്ഡലത്തിലെ കാര്യം മാത്രമാണ് ഇപ്പോൾ പറയുന്നത്. റവന്യൂമന്ത്രി ശ്രീ. ജേക്കബ്—അദ്ദേഹമിന്ന് കുടികിടപ്പുകാർക്ക് ഭൂമിനൽകാൻ ഒരു തീവ്രയത്ന പരിപാടി എറണാകുളം ജില്ലയിൽ ആരംഭിച്ചിരിക്കുകയാണ്. പക്ഷേ ഭൂമി കൊടുക്കുന്ന പരിപാടിമാത്രമല്ല, ആളുകളുടെ മുതുക് ഇടിച്ചു നിരത്തുന്ന നടപടിയും തീവ്രമായി നടക്കുന്നുണ്ട്. എന്റെ നിയോജകമണ്ഡലമായ വൈപ്പിൻ കരയിൽ പോലീസിന്റെ ഭീകരവാഴ്ചയാണ് നടക്കുന്നത്. അരമണിക്കൂർ കൊണ്ട് ആ മണ്ഡലത്തിന്റെ ഭൂരിഭാഗവും വാഹനങ്ങളിൽ ഗതാഗതം ചെയ്യാൻ കഴിയുന്ന പ്രദേശമാണത് ഈ പ്രദേശത്ത് രണ്ടു പോലീസ് സ്റേറഷനുകളുണ്ട്. ഇപ്പോൾ കൂടുതൽ പോലീസ്ക്യാമ്പുകൾ സ്ഥാപിച്ച് മർദ്ദനം നടത്തുകയാണ്. പത്തും അൻപതും പോലീസുകാർ പാവപ്പെട്ടവരുടെ വീടുകൾ വളയുക, പരസ്യമായി അടിക്കുക, ആളുകളെ ലോക്കപ്പിൽ കൊണ്ടുപോയി ഭീകരമായി മർദ്ദിക്കുക, കള്ളക്കേസുകളിൽ ആയിരക്കണക്കിനാളുകളെ പ്രതികളാക്കുക ഇതൊക്കെയാണ് ചെയ്തുവരുന്നത്. ഇതെല്ലാം ഞാൻ മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ആരെയെല്ലാമാണ് അറസ്ററുചെയ്തത്? ക്രിമിനൽ നടപടിനിയമം 151—ാം വകുപ്പ് അനുസരിച്ച് ജോസ്മാമ്പള്ളി തുടങ്ങിയവരെ അറസ്ററുചെയ്തു. ജോസ് മാമ്പള്ളിയുടെ കാര്യംമാത്രം, സമയച്ചുരുക്കംകൊണ്ട്, ഞാൻ പറയുകയാണ്. 37 കുടികിടപ്പുകാർക്ക് ശ്രീ. ജോസ് 10 സെൻറു ഭൂമി വീതം കൊടുക്കാമെന്നു പ്രഖ്യാപിച്ചു കൊടുക്കുകയും ചെയ്തു. ഇതാണ് ചെയ്ത തെററ്. യാതൊരു കേസിലും ജോസ് പ്രതിയല്ല, പോലീസ് സ്റേറഷനിൽ ആരുടെയും യാതൊരു പരാതിയുമില്ല. നല്ല രീതിയിൽ അറിയപ്പെടുന്ന സൽസ്വഭാവിയായ വേറെ ഒൻപതു പേരെയും പോലീസ് വീട്ടിൽചെന്ന് അറസ്ററുചെയ്ത് ജയിലിൽ കൊണ്ടുപോയി. അച്യുതമേനോൻറ പോലീസ് കൈവിലങ്ങുവച്ചാണ് ഇവരെക്കോടതിയിൽ ഹാജരാക്കിയത്. എന്തു കുററമാണ് ഇവർ ചെയ്തതെന്ന് അദ്ദേഹത്തിന്റെ പാർട്ടിക്കാരോടെങ്കിലും അന്വേഷിപ്പിക്കാൻ ഞാൻ അഭ്യർത്ഥിക്കുകയാണ്. ചെറായി വിജ്ഞാനവർദ്ധിനി സഭയെപ്പററി മുഖ്യമന്ത്രിക്കറിയാം; അയ്യപ്പൻമാസ്ററും മററും പ്രവർത്തിച്ചിരുന്നതും ഹൈസ്കൂളുകളുൾപ്പെടെ ഏതാനും സ്കൂളുകളുടെ മാനേജുമെൻറുകൂടി വഹിക്കുന്ന സ്ഥാപനമാണ്. അതിന്റെ മുൻ പ്രസിഡൻറും ഇപ്പോൾ തിരഞ്ഞെടുക്കപ്പെട്ട പ്രസിഡൻറുമായ ശ്രീ. എം. ഐ. അച്ചുതൻ യാതൊരു കേസിലും പ്രതിയല്ല. എന്തെങ്കിലും പാർട്ടിപ്രവർത്തനങ്ങൾ നടത്തുന്നയാളല്ല. ഞങ്ങളുടെ പാർട്ടിയോട് അനുഭാവമുണ്ടെന്ന ഏക കാരണത്താലാണ് അറസ്ററുചെയ്തതും ലോക്കപ്പിലാക്കിയതും മർദ്ദിച്ചതും. ഇപ്പോൾ ഒരു കുത്തുകേസ്സിൽ കുടുക്കിയിരിക്കുകയാണ്. ജനുവരി 22—ാം തീയതി ചെറായിയിൽ ജാഥ നടത്തടിയ ആളുകളുടെ (സ്ത്രീകളുൾപ്പെടെ) നേരെ യാതൊരു കാരണവും കൂടാതെ പോലീസ് ലാത്തിച്ചാർജ് നടത്തുകയുണ്ടായി. അനവധി പേർക്കു പരിക്കുപററി. പലരും ആസ്പത്രിയിലായി. കൈകുഞ്ഞുങ്ങളുമായി വന്ന അമ്മമാരെക്കൂടി പോലീസ് അടിച്ചു. ഫെബ്രുവരി 13—ാം തീയതി ഞാറയ്ക്കൽ വച്ച് തെക്കുനിന്നും വടക്കുനിന്നു വന്ന ആയിരക്കണക്കിന് സ്ത്രീകളും കൊച്ചുകുട്ടികളും അടങ്ങുന്ന രണ്ടു ജാഥകളുടെ നേരെ യാതൊരു ദാക്ഷിണ്യവും കൂടാതെ പോലീസ് ലാത്തി

LIBRARY ARCHIVES Kerala Legislative Assembly

ച്ചാർജ് നടത്തി. ലാത്തിച്ചാർജിന്റെ കാര്യമന്വേഷിച്ച ഇൻസ്പെക്ടറോടു സംസാരിച്ചുകൊണ്ടുനിൽക്കുമ്പോൾ എന്നെ പുറകിൽനിന്നു പോലീസുകാർ അടിച്ചു. പത്തുരണ്ടായിരം ആളുകളുടെ സാന്നിദ്ധ്യത്തിൽ ജനപ്രതിനിധികളെ അടിക്കുന്നതിന് ഈ സർക്കാരിന്റെ പോലീസിനു യാതൊരു സങ്കോചവും ഉണ്ടായിരുന്നില്ല. അതിനെപ്പറ്റി അച്യുതമേനോൻ അദ്ദേഹത്തിന്റെ പാർട്ടിക്കാരോട് അന്വേഷിപ്പിക്കണം. അടുത്ത കുറെ ദിവസങ്ങളായി കള്ള കേസെടുത്ത് രാത്രികാലങ്ങളിലാണ് ആളുകളെ അറസ്റ്റുചെയ്യുന്നത്. ഞങ്ങൾ പോലീസുകാരോടു പറഞ്ഞു, നിങ്ങൾക്ക് ആരെ വേണമെങ്കിലും അറസ്റ്റുചെയ്യാം, ആരും എങ്ങും ഓടിപ്പോകുകയില്ല, നിങ്ങൾക്ക് ഏതു പ്രതിയെ ആണു വേണ്ടതെങ്കിലും അറസ്റ്റുചെയ്യാം. എന്ന്. പക്ഷേ രാത്രിയിൽ വീടുവളയുക, പരസ്യമായി അടിക്കുക മുതലായവയാണ് അവർ ചെയ്യുന്നത്. സ്ത്രീകളോടു കാണിക്കുന്ന ആക്ഷേപങ്ങൾക്കു കണക്കില്ല. 1948–49 കാലത്ത് ജനങ്ങൾ മർദ്ദനത്തിനുവിധേയമായതിനുശേഷം, ഇരുപതുവർഷത്തിനുശേഷം, അച്യുതമേനോൻ മുഖ്യമന്ത്രിയായിരിക്കുമ്പോഴാണ് നമ്മുടെ സംസ്ഥാനത്ത് പോലീസിന് യാതൊരു സങ്കോചവുംകൂടാതെ പരസ്യമായും ലോക്കപ്പിൽവച്ചും ഇത്തരം മർദ്ദനം നടത്താനുള്ള അവകാശം ലഭിച്ചിരിക്കുന്നത് എന്നു മനസ്സിലാക്കണം. ലോക്കപ്പുമർദ്ദനത്തിനു വിധേയരായ ഓരോരുത്തരുടെയും കാര്യം ഇവിടെ സവിസ്തരം സംസാരിക്കാൻ സമയമില്ല. എങ്കിലും ജനുവരി 21–ാം തീയതി നേരത്തെ ഞാൻ പറഞ്ഞ വിജ്ഞാനവർദ്ധിനി സഭയുടെ മുൻപ്രസിഡണ്ട് എം. ഐ. അച്ചുതൻ, ദേവൻ പുരുഷൻ, അയ്യപ്പുണ്ണി ബാവ, എന്നിവരെ ലോക്കപ്പിൽവച്ചു മർദ്ദിച്ചു. മർദ്ദിച്ചകാര്യം എടുത്തുപറയുകയാണ്. കുഴപ്പള്ളി വില്ലേജിൽനിന്നും ചാത്തൻ, മോഹനൻ, സുബ്രൻ, ശിവൻ തുടങ്ങിയ 5 പേരെ അറസ്റ്റുചെയ്ത് മുനമ്പം പോലീസ് സ്റ്റേഷനിൽ കൊണ്ടുവന്ന് ജനുവരി 10–ാം തീയതി പോലീസ് അതിഭീകരമായി മർദ്ദിച്ചു. പൈലി ഉണ്ണി എന്നിവരെ ഭീകരമായി മർദ്ദിച്ചു. 19–ാം തീയതി കുഞ്ഞി എന്നൊരാളെ മർദ്ദിച്ചു 20–ാം തീയതി ചന്ദ്രൻ, ചിന്നൻ, തമ്പി എന്നിവരെ മറ്റൊരു കേസിൽ പ്രതികളായതുകൊണ്ട് ജാമ്യം വ്യവസ്ഥയനുസരിച്ച് സ്റ്റേഷനിൽ ഹാജരാക്കി യാതൊന്നും പറയാതെ അവരെ ലോക്കപ്പിൽ ആക്കി. വിവരം അറിഞ്ഞ അവരുടെ ബന്ധുക്കൾ അവരെ വിടണമെന്നാവശ്യപ്പെട്ടുകൊണ്ട് ആലുവാ അഡിഷണൽ മജിസ്ട്രേട്ടിന്റെ മുൻപാകെ അപേക്ഷ സമർപ്പിച്ചു. മജിസ്ട്രേട്ട് അവരെ വിടാൻ ഉത്തരവിട്ടു. അതനുസരിച്ച് അവരെ വിട്ടയയ്ക്കാനാവശ്യപ്പെട്ടപ്പോൾ ആ ഉത്തരവു കൊണ്ടുചെന്നയാളുകളോട് പോലീസ് ധിക്കാരമായി മറുപടി പറഞ്ഞു. അതിനുശേഷം അവരെ അതിഭീകരമായി മർദ്ദിച്ചു. 49 കാലത്തു നടന്നതുപോലെ, റൂൾവടി ശരീരത്തിന്റെ പുറത്ത് ഉരുട്ടുക, അവസാനം കുത്തുക, കൈമുട്ടുകൊണ്ട് ഇടിക്കുക തുടങ്ങിയ മർദ്ദന മുറകളാണ് നടത്തിയത്. പിന്നീട് മജിസ്ട്രേട്ട് മുമ്പാകെ ഹാജരാക്കിയപ്പോൾ ഇവരെ മർദ്ദിച്ചു എന്നു ബോധ്യപ്പെട്ടയാളിനോട് "എന്നെ തല്ലിയതുപോലെയാണ്, ഞാൻ വിടാൻപറഞ്ഞ പ്രതികളെ മർദ്ദിച്ചത്" എന്ന് അദ്ദേഹം പറഞ്ഞു. ഫെബ്രുവരി 21-ാം തീയതി ഞങ്ങളുടെ പാർട്ടിയിലെ എം. കെ. കീരൻ എന്ന ഒരാളെ പരൂർ കോടയിതിൽ വരാന്തയിൽവച്ച് അറസ്റ്റു ചെയ്തു. പരൂർ പോലീസ് സ്റ്റേഷനിൽവച്ച് ഭീകരമായി മർദ്ദിച്ചു. അവസാനം ഏതു കേസിൽ പെടുത്തുമെന്ന് പോലീസുകാർ ആലോചിക്കുകയാണ്. ആദ്യം ഒരു പോലീസുകാരൻ പറഞ്ഞു അയാളെ 'ഇന്ന കേസിൽ പെടുത്താം' എന്ന്. മറ്റൊരു പോലീസുകാരൻ പറഞ്ഞു അന്ന് ഇയാൾ 151–ാം വകുപ്പുപ്രകാരം അറസ്റ്റുചെയ്യപ്പെട്ട് സബ്ജെയിലിൽ കഴിയുകയായിരുന്നു എന്ന്. അതുകൊണ്ട് അവസാനം മറ്റൊരു കേസിൽ. മന:പൂർവ്വം കള്ളക്കേസുകൾ ഉണ്ടാക്കുക, ഏതു കേസിൽപെടു

LIBRARY ARCHIVES Kerala Legislative Assembly

62585

ത്തണമെന്ന് പ്രതികളെ അറസ്റ്റു ചെയ്ത ശേഷം ആലോചിക്കുക. ഇത്തരം മർദ്ദനങ്ങൾ എന്റെ മണ്ഡലത്തിൽ തുടർച്ചയായി നടന്നുകൊണ്ടിരിക്കുകയാണ്. വിശേഷിച്ചും ജനുവരി 22-ാം തീയതി ചെറായിയിൽ നടത്തിയ ലാത്തിച്ചാർജ്ജും ഫെബ്രുവരി 13-ാം തീയതി ഞാറയ്ക്കൽ നടത്തിയ ലാത്തിച്ചാർജ്ജും യാതൊരു കാരണവുമില്ലാതെ വളരെ പരസ്യമായി മനഃപൂർവ്വം രാഷ്ട്രീയ പരിഗണനനൽകി നടത്തിയതാണ്. അവിടെവച്ചാണ് എന്നെയും മർദ്ദിച്ചത്. മുഖ്യമന്ത്രി ഒരു കാര്യം വ്യക്തമാക്കണം: രാഷ്ട്രീയ പാർട്ടികൾ ഒരുപക്ഷേ നിയമവിരുദ്ധപ്രവർത്തനങ്ങൾ നടത്തിയെന്നുവരാം. രാഷ്ട്രീയപാർട്ടികൾ നിയമവിരുദ്ധപ്രവർത്തനങ്ങൾ നടത്തുകയാണെങ്കിൽ അവരെ അറസ്റ്റുചെയ്തു ലോക്കപ്പിലിട്ടുമർദ്ദിക്കുന്ന നയം ഉണ്ടോ എന്നും ഈ മർദ്ദനങ്ങൾ അവസാനിപ്പിക്കാൻതയ്യാറുണ്ടോ എന്നും ഗവൺമെന്റിനോട് ഞാൻ ചോദിക്കുകയാണ്. ഈ സ്ഥിതിഗതികളിൽ പോലീസ് വകുപ്പിലേക്കുള്ള ഈ സപ്ലിമെന്ററി ഡിമാന്റിനെ ഞാൻ ശക്തിയായി എതിർക്കുകയാണ്.

ശ്രീ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ള: സർ, ഈ ഗവൺമെന്റ് അതിന്റെ ഒരു നയപ്രഖ്യാപനം എന്നുള്ള നിലയിൽ ഇവിടെ കൊണ്ടുവന്നിട്ടുള്ള ബഡ്ജററിന്റെ വിപുലമായ ചർച്ച ഇവിടെ വരുന്നതുകൊണ്ട്, ബഡ്ജററിനെക്കുറിച്ചുള്ള ചർച്ചാവേളയിൽ ആവശ്യമായ അഭിപ്രായപ്രകടനം സ്വരൂപിക്കാൻ സാധിക്കുമെന്നുള്ളതുകൊണ്ട് ഇന്നത്തെ ഈ സപ്ളിമെന്ററി ഡിമാന്റിനെക്കുറിച്ച് വലിയചർച്ച ഉണ്ടാകുമെന്ന് തോന്നുന്നില്ല. മുൻകാലങ്ങളിൽ ഇവിടെ ഭരിച്ചുകൊണ്ടിരുന്ന ഗവൺമെന്റുകളും, കഴിഞ്ഞ സാമ്പത്തികവർഷത്തിലേക്ക് ഇവിടെ ഭരിച്ചുകൊണ്ടിരുന്ന ഗവൺമെന്റും ചെയ്തുകൊണ്ടിരുന്നതും ചെയ്യേണ്ടതുമായ കാര്യങ്ങൾ ഈ സഭയുടെ ശ്രദ്ധയിൽകൊണ്ടുവന്ന് അംഗീകാരം വാങ്ങിക്കുന്നുവെന്നുള്ളതിൽകവിഞ്ഞ് ഇപ്പോൾ അധികാരത്തിലിരിക്കുന്ന ഗവൺമെന്റിന്റെ സാമൂഹ്യ—ആഭ്യന്തരകാര്യങ്ങളെ സംബന്ധിക്കുന്ന ഒന്നാണ് ഇതെന്ന് പറയാൻ സാധിക്കുകയില്ല. അതുകൊണ്ട് ഞാൻ ഇതിനെപ്പററി വിപുലമായ ഒരു ചർച്ചയ്ക്കു തയ്യാറാകുന്നില്ലെങ്കിലും, എനിക്ക് മുമ്പു പ്രസംഗിച്ച മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടിയിലെ ബഹുമാനപ്പെട്ട മെമ്പർ ഈ ഗവൺമെന്റിന്റെ പോലീസു നയത്തെക്കുറിച്ചു സംസാരിച്ചതുകൊണ്ട് ഇനി മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റ്പാർട്ടിയിൽനിന്ന് ഈ നിലയിലുള്ള ചർച്ചകൾ വരുമെന്നുള്ളതുകൊണ്ട് ഒരു കാര്യം സൂചിപ്പിക്കാൻ ഞാനാഗ്രഹിക്കുകയാണ്.

ഇവിടത്തെ ഒരു പ്രധാനപ്രതിപക്ഷ പാർട്ടിയായ മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടി മുഖ്യമായും പറയുന്നത് ഇവിടത്തെ പോലീസ് മർദ്ദനത്തെസംബന്ധിച്ചിടത്തോളവും, സി. ആർ. പി. യെ സംബന്ധിച്ചിടത്തോളവുമാണ്. വിപുലമായ ചർച്ച പിന്നീടുണ്ടാകുമെങ്കിലും സി. ആർ. പി. യെ സംബന്ധിച്ചിടത്തോളം, നിയമസമാധാന പ്രശ്നത്തെസംബന്ധിച്ചിടത്തോളം ചില കാര്യങ്ങൾ മാത്രം പറയാൻ ഞാനാഗ്രഹിക്കുകയാണ്. ഈ ഗവൺമെന്റു അവിശുദ്ധമായ പാതയിൽകൂടിയാണ് അധികാരത്തിൽ വന്നതെന്നും, ന്യായരഹിതവും, പുറവാതിലിൽകൂടിയുമാണ് ഇവിടെ അധികാരത്തിൽ വന്നതെന്നുമാണ് അവർ നടത്തുന്ന പ്രചരണങ്ങൾ. ഈ ഗവൺമെന്റു അധികാരത്തിൽ വന്നനാൾ തൊട്ടു കരിങ്കൊടി പ്രകടനം നടത്തലും, പ്രതിഷേധദിനവും, വഞ്ചനാദിനവും കൊണ്ടാടുകയുമാണ് മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടി അവലംബിച്ചു വരുന്നത്. ഏതുഗവൺമെന്റു അധികാരത്തിൽ വന്നാലും, ഗവൺമെന്റു ഭരണം നടത്തികൊണ്ടുപോകുമ്പോൾ നല്ല കാര്യങ്ങളെ അനുകൂലിക്കുകയും ചീത്ത കാര്യങ്ങളെ എതിർക്കുകയും ചെയ്യുക എന്നുള്ള ക്രിയാത്മകമായ സമീപനമാണ് ഏതൊരു രാഷ്ട്രീയപാർട്ടിയും സ്വീകരിക്കുന്നത്. വിശേഷിച്ചും കഴിഞ്ഞ പ്രാവശ്യം ഇവിടെ അധികാരത്തിലിരുന്ന മന്ത്രിസഭയിലെ മുഖ്യമന്ത്രിയായിരുന്ന ശ്രീ. നമ്പൂതിരിപ്പാട്

LIBRARY ARCHIVES Kerala Legislative Assembly

ആരുമാരും പറയാതെ ഇവിടെ നിന്നും ജാഥയായി ഗവർണ്ണറുടെ അടുക്കൽ പോയി രാജിവയ്ക്കുകയും, അതിനെത്തുടർന്ന് ഇവിടെ ഒരു ഗവൺമെൻറു അധികാരത്തിൽ വരികയും ചെയ്തു. അങ്ങിനെ അധികാരത്തിൽ വന്ന ഗവൺമെൻറു സത്യപ്രതിജ്ഞ എടുക്കുന്നതിനുമുമ്പുതന്നെ വഞ്ചനാദിനം കൊണ്ടാടുകയും, കരിങ്കൊടി പ്രകടനം നടത്തുകയും പ്രതിക്ഷേധപ്രകടനങ്ങൾ നടത്തുകയും ചെയ്തു. കരുതിക്കൂട്ടിയുള്ള മുൻ കാഴ്ചപ്പാടുകളോടുകൂടി, മുൻ തീരുമാനങ്ങളോടുകൂടി ഈ ഗവൺമെൻറിനെ എതിർക്കുക, എതിർക്കുക, എതിർക്കുക എന്ന ഒരു മുദ്രാവാക്യമായിട്ടാണ് ഈ രാജ്യത്തെ ഒരു പ്രധാന പ്രതിപക്ഷ പാർട്ടിയായ മാർക്സിസ്ററു കമ്മ്യൂണിസ്ററു പാർട്ടി ഇറങ്ങിതിരിച്ചിരിക്കുന്നത്. ഈ നിലയിൽ അന്ധമായ നിലയിൽ പ്രശ്നങ്ങളെ കാണുകയും, ഈ ഗവൺമെൻറിൻെറ നയങ്ങളെയും പ്രശ്നങ്ങളെയും പ്രവർത്തനങ്ങളെയും സംബന്ധിച്ച് പരിശോധിക്കാൻ തയ്യാറാകാതെ ഈ ഗവൺമെൻറിൻെറ പ്രവർത്തനങ്ങളെസംബന്ധിച്ചിടത്തോളം എതിർക്കുക, എതിർക്കുക, എന്തു ചെയ്താലും എതിർക്കുക, എന്തു വന്നാലും എതിർക്കുക, എന്തു പറഞ്ഞാലും എതിർക്കുക എന്നുള്ള നയമാണ് മാർക്സിസ്ററു കമ്മ്യൂണിസ്ററു പാർട്ടി സ്വീകരിച്ചിരിക്കുന്നത്. ഇന്ദിരാഗാന്ധിയുടെ ഗവൺമെൻറ് കോൺഗ്രസ് ഗവൺമെൻറാണ് അങ്ങിനെയുള്ള ഇന്ദിരാഗാന്ധിയുടെ ഗവൺമെൻറ് ഏതു നല്ല കാര്യങ്ങൾ ചെയ്താലും ഞങ്ങൾ അനുകൂലിക്കുമെന്ന് പറയുന്ന മാർക്സിസ്ററു കമ്മ്യൂണിസ്ററു പാർട്ടി, കേരളത്തിൽ ഇൻഡ്യൻ കമ്മ്യൂണിസ്ററു പാർട്ടിയായാലും, ആർ. എസ്. പി. യായാലും, ഐ. എസ്. പി. യായാലും, മുസ്ലീംലീഗായാലും മററാരായാലും അധികാരത്തിൽ വരുമ്പോൾ, അവരുടെ പ്രവർത്തികളെ അന്ധമായി കാണുകയും, എതിർക്കുക, എതിർക്കുക എന്ന മുദ്രാവാക്യങ്ങൾ മുഴക്കുകയുമാണ് ചെയ്യുന്നത്. ഈ സമീപനത്തിൽ അടിസ്ഥാനപരമായ ഒരു മാററം ഉണ്ടാകാതെ അവർക്കും, ഈ രാജ്യത്തിനും, അവർക്ക് ഈ രാജ്യത്തിൽ, ഈ രാജ്യത്തെ ജനങ്ങൾക്ക് എന്തെങ്കിലും നല്ല കാര്യങ്ങൾ ചെയ്യണമെങ്കിൽ അതിനും സാധിക്കുകയില്ല. അതിന് ഈ പോക്ക് നല്ലതല്ല. ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനു ശേഷം ചെയ്ത നല്ല കാര്യങ്ങളെസംബന്ധിച്ചിടത്തോളം, നല്ല കാര്യങ്ങൾ എന്തൊക്കെയാണെന്ന് ഈ രാജ്യത്തെ ജനങ്ങൾമനസിലാക്കിയിട്ടും, അംഗീകരിച്ചിട്ടും, മാർക്സിസ്ററുകമ്മ്യൂണിസ്ററു പാർട്ടി ഇരുട്ടത്തു തപ്പുന്ന രീതിയാണ് ഇപ്പോഴും സ്വീകരിച്ചിരിക്കുന്നത്. രാജ്യത്തിനാവശ്യമായ പ്രമുഖമായ നിയമനിർമ്മാണങ്ങൾ നടപ്പിലാക്കുന്നതിനാവശ്യമായനിയമനിർമ്മാണങ്ങൾ കൊണ്ടുവരികയും, മുൻഗവൺമെൻറു ചെയ്തുവച്ചിട്ടുള്ള നല്ല കാര്യങ്ങൾ നടപ്പിലാക്കാൻ ശ്രമിക്കുകയും ചെയ്യുന്നതു നല്ല കാര്യങ്ങളാണെന്നു ജനങ്ങൾ സമ്മതിച്ചിട്ടുള്ള ഈ സന്ദർഭത്തിൽ ഇരുട്ടത്തുതപ്പുന്ന ഈ ഏർപ്പാടുമായിട്ടാണ് മുന്നോട്ടുപോകുന്നത്. അതിൻെറ മുൻപിൽ കൂരിരുട്ടാക്കാൻ ശ്രമിക്കുകയും, അതിൻെറ ഭാഗമായി പ്രതിഷേധപ്രകടനങ്ങൾ നടത്താൻ ശ്രമിക്കുകയും ചെയ്തിട്ട് ഒന്നും നടക്കുന്നില്ലെന്ന് വന്നപ്പോൾ, ഈ കഴിഞ്ഞ പതിമൂന്നാം തീയതി ട്രാൻസ്പോർട്ട് സമരത്തിൻെറ പേരിൽ ഈ രാജ്യത്തെ കിടിലം കൊള്ളിക്കുന്ന പ്രതിഷേധപ്രകടനങ്ങൾ നടത്തുമെന്നും, ഈ രാജ്യത്തെ ഫാക്ടറികൾ ചലിപ്പിക്കുകയില്ലെന്നും, മറെറാന്നും തന്നെ ചലിപ്പിക്കുകയില്ലെന്നും പറഞ്ഞ് എൻ. ജി. ഒ. മാരെ കൂട്ടുപിടിക്കുകയും ഏററവും ഭയങ്കരമായ ബഹളം ഈ രാജ്യത്ത് സൃഷ്ടിക്കാൻ ശ്രമിക്കുമെന്നു പറയുകയും ചെയ്തിട്ടു ഒന്നും നടന്നില്ല. അങ്ങിനെയൊന്നുംതന്നെ നടന്നില്ലെന്ന് മനസിലാക്കിയിട്ടും അവർ അവരുടെ തെററുകൾ തിരുത്താൻ തയ്യാറാകാത്തത് വളരെ ഖേദകരമാണ്. ഈ ഗവൺമെൻറു അധികാരത്തിൽ വന്നതിനുശേഷം എന്താണ് തകരാറ്, ഏത് അണികളിലാണ്, ഏത് നേതൃത്വത്തിൻെറ തീരുമാനത്തിലാണ് തകരാറു എന്നുള്ളതിനെപ്പററിയെല്ലാം സമചിത്തതയോടുകൂടി സാവകാശമായി ഇരുന്നു ചിന്തിക്കാനും, തെററുകൾ തിരുത്താനും, ഇനിയെങ്കിലും

LIBRARY ARCHIVES Kerala Legislative Assembly

മാർക്സിസ്ററു കമ്മ്യൂണിസ്ററു പാർട്ടിയിലുള്ളവർ തയ്യാറാകാത്തത് വളരെ ഖേദകരമാണ്. ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാടിന് ഈ രാജ്യത്ത് നിൽക്കാൻ സമയമില്ല. അദ്ദേഹം ഇവിടെ മുഖ്യമന്ത്രിയായിരുന്നപ്പോഴും അദ്ദേഹത്തിന് ഇവിടെ പ്രവർത്തിക്കുന്നതിനുള്ള സമയം ഉണ്ടായിരുന്നില്ല. അദ്ദേഹത്തിനു കേരളത്തിന്റെ വെളിയിൽ പ്രവർത്തനം നടത്തുന്നതിനുള്ള സമയം മാത്രമേ ഉണ്ടായിരുന്നുള്ളു. അങ്ങിനെ പോയിട്ടു വരുമ്പോൾ അദ്ദേഹം കേരളവും ബംഗാളുമായി താരതമ്യപ്പെടുത്തിനോക്കണം. ബംഗാളിലെ ഡെപ്യൂട്ടിമുഖ്യമന്ത്രിയായിരുന്ന ശ്രീ. ജോതിബാസുവും മാർക്സിസ്ററു കോൺഗ്രസ് പോളിററുബ്യൂറോ മെമ്പറൻമാരും കൂടി കാൺഗ്രസ്കാരിയായ ഇന്ദിരാഗാന്ധിയെ സാഷ്ടാംഗം പ്രണാമം ചെയ്തു ആയിരക്കണക്കിന് പതിനായിരക്കണക്കിന് പട്ടാളക്കാരെ ബംഗാളിൽ കൊണ്ടുവന്ന് തൊഴിലാളികളുടെ സമരങ്ങളെയും മററു സമരങ്ങളെയുമെല്ലാം അടിച്ചമർത്തി രക്തമൊഴുക്കുകയുണ്ടായി. ഇന്ദിരാഗാന്ധിയുടെ പട്ടാളത്തെ വിളിച്ചു വരുത്തി തൊഴിലാളികളെയും ജനങ്ങളെയും അടിച്ചമർത്തി രക്തമൊഴുക്കുകയും ആ രക്തത്തിന്റെ പുറത്തുകയറിനിന്നുകൊണ്ട് ശ്രീ. നമ്പൂതിരിപ്പാട് പ്രസംഗിക്കുകയും ചെയ്തിട്ടു ഇവിടെവന്നുനിന്ന് പറയുന്നത് കേരളത്തിൽ സി. ആർ. പി. അക്രമം കാണിച്ചുവെന്നാണ്. ആര് എവിടെ അക്രമം കാണിച്ചാലും ജനങ്ങളെ സംബന്ധിച്ചിടത്തോളം അത് അക്രമം തന്നെയാണ്. എതിർക്കേണ്ടത് എതിർക്കണം. അതിനുള്ള പ്രതിവിധി എന്താണെന്നു പറയണം. വളരെ വ്യക്തമായി പറയുകയാണെങ്കിൽ സി. ആർ. പി. യെ കേരളത്തിൽ കൊണ്ടുവന്നത് ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാടിന്റെ കാലത്തായിരുന്നു. മലപ്പുറം ജില്ല രൂപികരിച്ച കാലത്തു മലപ്പുറം ജില്ലയിൽ നടന്ന ബഹളം അടിച്ചമർത്താൻ അന്ന് സി. ആർ. പി. യെ ഉപയോഗിച്ചില്ലേ? ശ്രീമതി ഇന്ദിരാഗാന്ധി തിരുവനന്തപുരം പട്ടണത്തിൽകൂടി സഞ്ചരിച്ചപ്പോൾ ഇന്ദിരാഗാന്ധിയെ ആളുകളെ കാണിക്കാതെ കൊണ്ടുപോകുന്നതിന് സി. ആർ പി. യെ ഉപയോഗിച്ചു പ്രൊട്ടക്ഷൻ കൊടുക്കുന്നതിനു വേണ്ടി നിങ്ങൾ ശ്രമിച്ചിട്ടില്ലേ? മാർക്സിസ്ററു കമ്മ്യൂണിസ്ററു പാർട്ടിയിൽപ്പെട്ട ജ്യോതിബാസു പട്ടാളത്തേയും പോലീസിനെയും ഉപയോഗിച്ചില്ലേ? പോലീസും പട്ടാളവും ആവശ്യമാണെന്നു വരുമ്പോൾ ആരു ഭരിച്ചാലും സംസ്ഥാനത്തിനാവശ്യമായ മെഷീനറി ഇല്ലാതെവരുമ്പോൾ കേന്ദ്രത്തെ സമീപിക്കേണ്ടതാവശ്യമാണ്. ഇതിനെപ്പററിയൊന്നും ചിന്തിക്കാതെ ഈ ഗവൺമെൻറിനെ കുററപ്പെടുത്തുക എന്നുള്ള ഒരു നയം മാത്രം മാർക്സിസ്ററു കമ്മ്യൂണിസ്ററു പാർട്ടി സ്വീകരിച്ചിരിക്കുന്നത് വളരെ ഖേദകരമാണ്.

ഇപ്പോൾ മന്ത്രിമാർ എവിടെപോയാലും മന്ത്രിമാരുടെ കാറിന്റെ മുമ്പിലും പിമ്പിലും പോലീസുണ്ടെന്ന് ഇവിടെ പറയുകയുണ്ടായി. ഒരു പ്രമുഖ പാർട്ടിയിലെ ഒരു പ്രമുഖനായ നേതാവും, പല കേസുകളിലും പ്രതിയുമായിട്ടുള്ള ഒരാൾ തന്നെ കണ്ടു സംസാരിക്കണമെന്നാവശ്യപ്പെട്ടപ്പോൾ ഈ മന്ത്രിസഭയിലെ ഒരു ബഹുമാനപ്പെട്ട മന്ത്രി വളരെ സമചിത്തതയോടുകൂടി വളരെ മര്യാദയോടുകൂടി ആ മനുഷ്യനുമായി സംസാരിക്കാൻ തയ്യാറായി. എന്നാൽ ആ മനുഷ്യൻ ആ മന്ത്രിയെ കണ്ടു സംസാരിക്കാൻ ചെന്നപ്പോൾ അദ്ദേഹത്തിന്റെ മുഖത്ത് ബോംബെറിയുകയാണ് ചെയ്തത്. ആ ആൾ ആദ്യമെല്ലാം മാർക്സിസ്ററു പാർട്ടിയിൽപ്പെട്ടതല്ലെന്ന് പറഞ്ഞുവെങ്കിലും ഒടുവിൽ സമ്മതിക്കേണ്ടിവന്നിട്ടുണ്ട്. ഒരു പ്രധാനപ്പെട്ട പാർട്ടിയിലെ ഒരു പ്രമുഖനായ ഒരു നേതാവു മന്ത്രിയോട് സംസാരിക്കണമെന്നു പറഞ്ഞിട്ട് ഈ രീതിയിൽ പ്രവർത്തിക്കുകയാണെങ്കിൽ, ഈ രാജ്യത്തെ സാധാരണ ജനങ്ങൾക്ക് ഒരു മന്ത്രിയുടെ അടുക്കൽ പോലും നിവേദനം നടത്തേണ്ട സൗകര്യമില്ലാത്ത ഒരു അന്തരീക്ഷമാണ് സൃഷ്ടിച്ചിരിക്കുന്നത്. അതുകൊണ്ട് എനിക്ക് പറയുവാനുള്ളത് നിങ്ങൾ തന്നെയാണ് ഈ രാജ്യത്ത് അക്രമം നടത്തുന്നതിനും അക്രമം അഴിച്ചു

LIBRARY ARCHIVES Kerala Legislative Assembly

വിടുന്നതിനും നേതൃത്വം കൊടുത്തിട്ടുള്ളത് എന്നാണ്. ഞാൻ ഇതു പറയുന്നത് പോലീസ് അവരുടെ കർത്തവ്യങ്ങൾ ശരിയായും നീതിയായും പ്രവർത്തിക്കുന്നുവെന്നുള്ള ധാരണയിലല്ല. പോലീസ് എപ്പോഴും കടിഞ്ഞാൺ ഇട്ടു നിറുത്തേണ്ട ഒരു വിഭാഗം തന്നെയാണ്. ആര് ഇവിടെ ഭരിച്ചാലും പോലീസിനെ കടിഞ്ഞാൺ ഇട്ടു നിറുത്തണം. ജനങ്ങൾക്കു സുരക്ഷിതത്വം കൊടുക്കാനാണ് പോലീസിനെ നിയമിക്കുന്നതെന്നുള്ളതുകൊണ്ട് പോലീസിനെ ന്യായമായും നിഷ്പക്ഷമായും പ്രവർത്തിക്കുന്നതിനുള്ള സമയം കൊടുക്കേണ്ടതാണ്. എന്നാൽ അതേ സമയം അതിനെ ദുരുപയോഗപ്പെടുത്തുകയും, ആവശ്യമില്ലാതെ കടന്നുചെല്ലുകയും ചെയ്യുന്ന പോലീസുദ്യോഗസ്ഥൻമാർ ആരു തന്നെയായാലും ശരി അവരുടെ മേൽ കർശനമായ നടപടികൾ എടുക്കാൻ തയ്യാറാണ്, ഇനി നടപടികൾ എടുക്കുകയും ചെയ്യും എന്ന് ഗവൺമെൻറു തെളിയിച്ചു കഴിഞ്ഞിട്ടുണ്ട്. ഈ ഗവൺമെൻറു അധികാരത്തിൽ വന്നതിനുശേഷം ഉത്തരവിട്ടിട്ടുള്ള പരസ്യന്വേഷണങ്ങളുടെ ലിസ്റ്റ് എടുത്തു പരിശോധിച്ചാൽ എവിടെയെല്ലാം അനധികൃതമായ പോലീസു എക്സസ് ഉണ്ടായിട്ടുണ്ടോ അവിടെയെല്ലാം കർശനമായി പരിശോധിക്കാനും നടപടികളെടുക്കാനും കുററക്കാരെ ശിക്ഷിക്കാനുമുള്ള ആവശ്യമായ സമീപനമാണ് സ്വീകരിച്ചിട്ടുള്ളതെന്നു കാണാം. പോലീസുദ്യോഗസ്ഥൻമാരെ സംബന്ധിച്ചിടത്തോളം അവർ ജനങ്ങളുടെ സേവകൻമാരാണെന്നുള്ള മാനദണ്ഡം സ്വീകരിച്ചുകൊണ്ട് കർശനമായും നീതിപൂർവ്വകമായും അച്ചടക്കത്തോടുംകൂടി പെരുമാറണമെന്നുള്ള കാര്യം മനസിലാക്കണം.

സർ, എനിക്ക് ഒരു കാര്യം കൂടി വ്യക്തമായി സൂചിപ്പിക്കാനുള്ളത് ഈ ഗവൺമെൻറു അധികാരത്തിൽ വന്നതിനുശേഷം മാർക്സിസ്ററു കമ്മ്യൂണിസ്ററു പാർട്ടി എന്തെല്ലാം ശ്രമിച്ചിട്ടും, ഈ രാജ്യത്ത് ഏററവും വലിയ പുരോഗതിയുടെ പാതയാണ് വെട്ടിത്തുറന്നിട്ടുള്ളതെന്ന് കാണാം. ഈ രാജ്യത്ത് ഭൂപരിഷ്ക്കരണനിയമപ്രകാരമുള്ള നടപടികൾ സ്വീകരിച്ചിരിക്കുകയാണ്. ആദ്യം കുറെനാൾ പ്രതിപക്ഷ ഡെപ്യൂട്ടി നേതാവായ ശ്രീമതി ഗൗരിയമ്മ പറയുകയുണ്ടായി പട്ടയം കൊടുക്കുന്നുവെന്നു പറയുന്നതെല്ലാം കള്ളപട്ടയമാണെന്ന്. പട്ടയം കൊടുക്കുന്നുണ്ടോ എന്നെല്ലാം ചോദിക്കുകയുണ്ടായി. എന്നാൽ ഈ രാജ്യത്തിന്റെ എല്ലാ ഭാഗത്തും ആളുകൾ തടിച്ചുകൂടുകയും പട്ടയം വാങ്ങിക്കുകയും ചെയ്തപ്പോൾ മാർക്സിസ്ററു കമ്മ്യൂണിസ്ററു പാർട്ടിയുടെ ഡെപ്യൂട്ടിനേതാവു പറയുകയുണ്ടായി, ''ഞങ്ങൾ പട്ടയം തയാറാക്കി വെച്ചിട്ടുണ്ടായിരുന്നു, അതാണ് ശ്രീ. ജേക്കബ് കൊടുക്കുന്നതെന്ന്.'' ഏതായാലും ഇങ്ങനെ തെററുകൾ തിരുത്തിക്കൊണ്ടിരിക്കുന്നത് നല്ല ഒരു തുടക്കമാണ്. എത്രത്തോളം അപാകതകൾ ഉണ്ടെങ്കിലും ആ നിയമം നടപ്പിലാക്കുന്നതിനും, അതിനാവശ്യമായ നടപടികൾ എടുക്കുന്നതിനും അങ്ങിനെ രാജ്യത്തെയും ജനങ്ങളേയും മുന്നോട്ടു കൊണ്ടുപോകുന്നതിനും നിയമം നടപ്പിലാക്കുന്നതിന് എന്തെങ്കിലും അപാകതകൾ ഉണ്ടെങ്കിൽ അത് ചർച്ച ചെയ്തു തിരുത്തുന്നതിനുവേണ്ടി കോൺഫറൻസുകൾ കൂടുമ്പോൾ വരികയും ചെയ്യേണ്ടത് ഈ രാജ്യത്തിലെ പ്രതിപക്ഷരാഷ്ട്രീയ പാർട്ടികളുടെ ചുമതലയാണ്. നൂററാണ്ടുകളായി അധ:പതിച്ചു കിടക്കുന്ന ഹരിജനങ്ങൾക്കും കിടപ്പാടവുമില്ലാത്ത കർഷകതൊഴിലാളികൾക്കും അഞ്ചും പത്തും സെൻറു ഭൂമി വീതം കൊടുക്കുന്നതിനുള്ള ഗവൺമെൻറിന്റെ സദുദ്ദേശപരമായ നടപടികളോടു സഹകരിക്കണമെന്നും, അതിനെ പിൻതാങ്ങണമെന്നും, അതിനുവേണ്ടി പ്രവർത്തിക്കണമെന്നുമാണ് എനിക്ക് അവരോടു പറയുവാനുള്ളത്. അങ്ങനെ പ്രവർത്തിക്കുന്ന സമയത്ത് തെററുകളും കുററങ്ങളും ഉണ്ടെങ്കിൽ അതു തിരുത്തി മുന്നോട്ടുപോകുന്നതിനും പ്രതിപക്ഷ പാർട്ടികൾ സഹകരിക്കണമെന്നാണ് എനിക്കു പറയുവാനുള്ളത്. എന്താണ് ഈ രാജ്യത്ത് നടക്കുന്നത്? ഭൂനയ പരിഷ്ക്കരണത്തിന്റെ പേരിൽ ഇന്ന് ഓരോ ജില്ലയും എടുത്തു പരിശോധിച്ചാൽ പതിനായിരക്കണക്കിന് ഇരുപത്തിയയ്യായിരക്കണക്കിന് ആളുകൾക്ക് ഭൂമിയിൽ

LIBRARY ARCHIVES Kerala Legislative Assembly

പട്ടയം കൊടുക്കുകയും അങ്ങിനെ വസ്തുവിൽ സ്ഥിരാവകാശം അവരുടേതായി കൊടുക്കുകയുമാണ്. സമയമില്ലാത്തതുകൊണ്ട് ഇത്രയും കാര്യങ്ങൾ പറഞ്ഞു കൊണ്ട് ഞാൻ ഇവിടെ അവതരിപ്പിച്ചിരിക്കുന്ന സപ്ലിമെൻററി ഡിമാൻറുകളെ അനുകൂലിച്ചുകൊണ്ട് അവസാനിപ്പിച്ചുകൊള്ളുന്നു.

<u>ശ്രീ. കെ. കെ. അബു:</u> സർ, ഞാൻ ഈ ഡിമാൻറുകളെ എതിർക്കുന്നു. പോലീസ് ശാസ്ത്രീയോപകരണങ്ങൾ വാങ്ങിക്കുകയും കുററാന്വേഷണം കുറേ കൂടി നല്ല നിലയിൽ ആക്കുകയും ചെയ്യുക എന്നുള്ളതിനുവേണ്ടിയാണ് ഇതു കൊണ്ടുവന്നിരിക്കുന്നത്. ഇവിടുത്തെ പോലീസിന് ഈ ശാസ്ത്രീയോപകരണങ്ങളുടെ ആവശ്യമൊക്കെയുണ്ടോ? യാതൊരു പ്രകോപനവുമില്ലാതെ വഴിയിൽകാണുന്നവരെയൊക്കെ തല്ലുകയും കാൽ അടിച്ചൊടിക്കുകയും മററും ചെയ്യുകയാണ് ഇവിടുത്തെ പോലീസ്. കായംകുളം പോലുള്ള സ്ഥലങ്ങളിൽ ആളുകളെ ഭയപ്പെടുത്തത്തക്കനിലയിൽ സ്പീഡിൽ വാഹനങ്ങൾ ഓടിച്ച് ടൗണിലുള്ള കച്ചവടക്കാർപോലും നിലവിളിക്കത്തക്കവിധത്തിലും, ഒരു കോൺഗ്രസുകാരൻ പോലും ബോധം കെട്ടുപോകത്തക്കവിധത്തിലും ആണ് പോലീസ് മർദ്ദനം നടത്തുന്നത്. ഈ രീതിയിലുള്ള പോലീസ് മർദ്ദനങ്ങൾ ഭരണകക്ഷിയിൽപ്പെട്ട ആളുകൾക്കുതന്നെ വിഷമങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. ഇത് എത്രകാലം ഇങ്ങനെ നിങ്ങൾക്ക് തുടർന്നുകൊണ്ടുപോകാൻ സാധിക്കും.? പ്രസംഗിക്കാൻ സാധിക്കും? ന്യായീകരിക്കാൻ നിങ്ങൾക്ക് കഴിഞ്ഞേക്കാം. പക്ഷേ, മന: സാക്ഷി കുത്തില്ലേ? തിരുവനന്തപുരം സിററിയിൽ യാതൊരു പ്രകോപനവും ഉണ്ടാകാതെ നടന്ന ലാത്തിച്ചാർജിനെപ്പററി ഇവിടെ നിയമസഭയിൽ പറയുകയുണ്ടായി. പൊട്ടിയ ലാത്തിയുടെ ഭാഗം കൊണ്ടുവന്ന് ഹാജരാക്കി. എം. എൽ. എ. മാർ പറഞ്ഞു, ഞങ്ങൾ ഇതുകണ്ടുവെന്ന്. മന്ത്രിക്ക് കിട്ടിയ റിപ്പോർട്ട് കള്ള റിപ്പോർട്ടായിരുന്നു. അത് ഇവിടെ വായിച്ചു. എവിടെയൊക്കെ അടി നടക്കുന്നുണ്ട് എന്നുള്ളതിനെപ്പററിയൊന്നും നേരിട്ടുപോയി അന്വേഷിക്കാൻ സാദ്ധ്യമല്ല. പക്ഷേ ഇങ്ങനെ കള്ള റിപ്പോർട്ടുകൾ അയക്കുന്ന പോലീസ് ഉദ്യോഗസ്ഥൻമാരെ ശിക്ഷിക്കാൻ എന്തെങ്കിലും നടപടി, മെഷീനറി ഉണ്ടാക്കാനുള്ള ഒരു ശ്രമം നടത്തിയിട്ടുണ്ടോ? ഇന്ന് യാതൊരു പ്രകോപനവും ഇല്ലാതെതന്നെ ആളുകളെ തല്ലിച്ചതച്ച ആ പോലീസ് ഉദ്യോഗസ്ഥനെ സ്ഥലം മാററുകയെങ്കിലും ചെയ്തിട്ടുണ്ടോ? ഈ കാര്യങ്ങളൊക്കെ നമുക്ക് അന്വേഷിക്കേണ്ടതുണ്ട്. ഇവിടെ എന്താണ് നടക്കുന്നതെന്ന് ചോദിച്ചാൽ ഇവിടുത്തെ പോലീസ് ഉദ്യോഗസ്ഥൻമാർക്ക് ഈ ഗവൺമെൻറിനെ പേടിയില്ല. ഇത് എന്നും ആടികുഴഞ്ഞുകൊണ്ടിരിക്കുകയാണെന്നും അഞ്ചാറുപേർ അങ്ങോട്ടോ, ഇങ്ങോട്ടോ മാറിയാൽ പൊട്ടിപ്പോകുമെന്നും ഉള്ള ഒരു ബോധം അവർക്കുള്ളതുകൊണ്ട് പോലീസിന് ഗവൺമെൻറിനെ പേടിയില്ല. അതുകൊണ്ട് അങ്ങനെ ഒരു അന്തരീക്ഷം സൃഷ്ടിക്കാതിരിക്കത്തക്കവണ്ണം പോലീസുകാരെ നിയന്ത്രിക്കേണ്ടതാണ്. ഇവിടെ പൊതുവെയുള്ള ധാരണ പോലീസ് തല്ലുന്നു എന്നുള്ളതാണ്. അതു ശരിയുമാണ്. ജനാധിപത്യ സംപ്രദായത്തിൽ പോലീസിനെ തെരഞ്ഞെടുക്കുന്ന സംപ്രദായമുണ്ട്. പഞ്ചായത്തുകളിലേക്ക് ആളുകളെ തെരഞ്ഞെടുക്കുന്നതുപോലെ. നമുക്കൊന്നും അതിൽ വിശ്വാസമില്ല. നമുക്ക് പോലീസ് എന്നു പറഞ്ഞാൽ എത്രത്തോളം വീര്യം കൂട്ടിതല്ലുമോ അവരാണ്. അങ്ങനെയുള്ള പോലീസിനു അരു നിൽക്കുന്ന, ആവരുടെ ഭാഗം പറയുന്ന ഗവൺമെൻറാണ് നല്ല ഗവൺമെൻറ്. അതിനെ പിൻതാങ്ങുന്ന ആളുകളും ഇവിടെയുണ്ട്. എന്തെങ്കിലും സംഭവിച്ചാൽ പ്രതിപക്ഷത്തുള്ള ആളുകൾപോലും ശ്രീമാൻ കരുണാകരനെപ്പോലുള്ള ആളുകൾ പോലും പോലീസിൻെറ ഈ നടപടിയിൽ അഭിനന്ദനം രേഖപ്പെടുത്തുന്നുണ്ട്. പ്രതിപക്ഷമാണ് ഇങ്ങനെയൊക്കെ പറയുന്നത്. ഇവിടുത്തെ പ്രതിപക്ഷമെന്നു പറയുന്ന ഇവരുടെ കക്ഷിയിൽപ്പെട്ട ഇന്ദിരാഗാന്ധിയുടെ അനുഗ്രഹത്തോടു

LIBRARY ARCHIVES Kerala Legislative Assembly

കൂടിയാണ് ഇവിടുത്തെ മന്ത്രിസഭ നിലകൊള്ളുന്നത്. അവർക്കുവേണ്ടിയുള്ള ഗവൺമെൻറുമാണ്. പക്ഷേ ശ്രീമാൻ കരുണാകരനും അദ്ദേഹത്തിൻെറ പാർട്ടിയും ഒരു കാര്യം മനസ്സിലാക്കേണ്ടതുണ്ട്. ഇവിടുത്തെ മാർക്സിസ്റ്റ് പാർട്ടിയെ ശക്തിപ്പെടുത്തിയത് അവരാണ്. ഇവിടെ പല സമരങ്ങളും നടക്കുന്നുണ്ട്. അവരുടെ സിദ്ധാന്തങ്ങളും സമരങ്ങളും ഒക്കെ വേറെയുണ്ട്. കാൺഗ്രസ്സുകാരെപ്പററി പറഞ്ഞാൽ അവർ ഒരിക്കലും ഒന്നും പഠിക്കുകയില്ല. പഠിച്ചത് ഒരിക്കലും മറക്കുകയുമില്ല. പോലീസിനേയും ഗവൺമെൻറിനേയും തല്ലാൻ പ്രേരിപ്പിക്കുക, പ്രതിപക്ഷത്തിരുന്നുകൊണ്ട് ഗവൺമെൻറിനെ വിമർശിക്കാൻ തയ്യാറാകുന്നതിനു പകരം ഇപ്രകാരം ചെയ്യുന്നത് തെററാണ്. പ്രതിപക്ഷത്താണെന്ന് പറയുക, ഇതുപോലുള്ള മർദ്ദനങ്ങളെ ആക്ഷേപിക്കാതിരിക്കുക, ഇതാണ് ഇവരുടെ നിലപാട്. എം. എൽ. എ. മാരെ തല്ലിക്കുകയെന്നുള്ളത് ഏതു ഭരണത്തിലാണ് ഉണ്ടായിട്ടുള്ളത്. ശ്രീമാൻ സി. പി. യുടെ കാലത്തുപോലും ആതുണ്ടായിട്ടില്ല. എം.എൽ.എ. മാരുടെ കുററം കൊണ്ടാണോ അവരെ തല്ലുന്നത്. ശ്രീമാൻ നമ്പീശൻ മാസ്ററർ ഇവിടെ ഇല്ല. അയാൾ എന്താണ് തെററ് ചെയ്തത്. ആററംബോംബുണ്ടാക്കിയതായോ ആസിഡ് ബൾബ് എറിഞ്ഞതായോ അറിവില്ല. ശ്രീമാൻ കരുണാകരൻെറ പാർട്ടിയിൽപ്പെട്ട ശ്രീമാൻ സ്ററീഫൻ പറഞ്ഞതുപോലെ "ഉൽസവചന്തയിലെ പോക്കററടിപോലെ" അക്രമങ്ങൾ നടക്കുന്നു എന്ന പ്രചരണം സംഘടിപ്പിച്ച് പക വീട്ടാനുള്ള തല്ലുകളാണ് നടക്കുന്നത്. തലശ്ശേരിയിലെ മുസ്ലീം തൊഴിലാളികളെ പോലീസ് സ്റേറഷൻ മുതൽ പിലാക്കൂസ്‌വരെ തല്ലി. ചന്ദ്രിക പത്രം വരെ ഇത് റിപ്പോർട്ട് ചെയ്തിരുന്നതാണ്. പോലീസിൽപ്പെട്ട ജനസംഘക്കാരും മാർക്സിസ്ററുകളുമാണ് തല്ലിയതെന്നാണ് പറയുന്നത്. മാർക്സിസ്ററ് പോലീസെന്നും ജനസംഘം പോലീസെന്നും മുസ്ലീം ലീഗ് പോലീസെന്നും എസ്. എസ്. പി. പോലീസെന്നും ഒക്കെ പറയാൻ പററുമോ? അങ്ങനെ പറഞ്ഞിട്ടു കാര്യമില്ല. അപ്പോൾ തല്ല് പരക്കെ നടക്കുകയാണ്. ഇതിന് ഒരു പരിഹാരം വേണം. അല്ലെങ്കിൽ അങ്ങനെയുള്ള ഈ ഭരണത്തെ കാട്ടാളഭരണമെന്നല്ലാതെ പറയാൻ പററുമോ? ജാഥ നയിച്ചാൽ തല്ലുകയാണോ? സമാധാനപരമായി പിക്കററിംഗ് നടത്തിയാൽ തല്ലുകയാണോ? ലാക്കപ്പിൽ കൊണ്ടുപോയി തല്ലുന്നതിനെ ന്യായീകരിക്കാൻ എന്തു നിയമമുണ്ട്. വർഗ്ഗീസിനെപ്പററി ഇന്ന് പല പാർട്ടികളും പറയാൻ തുടങ്ങിയിട്ടുണ്ട്. ഇവിടുത്തെ മുഖ്യമന്ത്രിയുടെ പാർട്ടി, മാനന്തവാടി മൺഡലം കമ്മിററിവരെ ഇതിനെപ്പററി അന്വേഷണം നടത്തണമെന്ന് പ്രമേയം പാസാക്കിയിരിക്കുകയാണ്. വർഗ്ഗീസിനെ പിടിച്ചുകൊണ്ടുവന്ന് കൊന്നതിനുശേഷം അവിടെ കൊണ്ടുവന്നിട്ടതാണെന്നാണ് പറയുന്നത്. അത് വിശ്വസിക്കാൻ ധാരാളം കാരണങ്ങളുമുണ്ട്. ചേക്കു എന്നു പറയുന്ന ആളിൻെറ വീട്ടിൽനിന്നും രണ്ടു ഫർലാംഗ് അപ്പുറത്തുവച്ചാണ് മൃതദേഹം കണ്ടുമുട്ടുന്നത്. അയാളുടെ കൈവശം തോക്കുണ്ട്. വെടിവച്ചുകൊന്ന ആളുടെ കയ്യിൽ പിന്നെ വല്ലതും കാണുമോ? സ്വാഭാവികമായിട്ടു മനശാസ്ത്രപരമായി അലോചിച്ചാൽമതി. എന്നാൽ തോക്കു കൈവശമുണ്ട്. പിന്നെ പത്രങ്ങളിൽ പടം വന്നതുതന്നെ രണ്ടുവിധത്തിലാണ്. മനോരമയിലേയും മാതൃഭൂമിയിലേയും പടങ്ങൾതമ്മിൽ വ്യത്യാസമുണ്ട്. ഒന്ന് നിന്നമാതിരിയും ഒന്ന് ചാരി നിന്ന മാതിരിയും. അപ്പോൾ ഇതൊക്കെ കരുതിക്കൂട്ടി പോലീസ് ചെയ്യുന്നു. കോടതി ഇയാളെ വെറുതെ വിടുകയോ, മറെറാരു ഗവൺമെൻറ് വന്നാൽ ഇയാളെ വിടുകയോ മറേറാ ചെയ്യുകയാണെങ്കിലോ എന്നു വിചാരിച്ചാണ് ഇങ്ങനെ ചെയ്തതെന്നാണ് പറയുന്നത്. ഈ നക്സൽബാരികളോട് എൻെറ പാർട്ടിക്ക് അൽപ്പവും യോജിപ്പില്ല. ഇതുപോലുള്ള വ്യക്തികളുടെ മേലുള്ള ആക്രമണം കൊണ്ട് യാതൊന്നും നേടാൻ പോകുന്നില്ല. എങ്കിലും അയാളെ ഒരു സബ് ഇൻസ്പെക്ടർ കൊന്നു എന്ന് പറയുന്നത് ശരിയല്ല. ഇവിടെ ഒരു ഫുഡ്

LIBRARY ARCHIVES Kerala Legislative Assembly

ബാറം മൽസരം നടക്കുമ്പോറം പത്തുപേരേ കൊല്ലാൻ കഴിയും. മഹാത്മാ ഗാന്ധിയെക്കൊന്നു. എന്നിട്ട് കൊന്ന ആളെ എന്തുചെയ്തു. കെന്നഡിയെക്കൊന്ന ആളെ എന്തുചെയ്തു. അതുപോലെ വർഗീസിനേയും കൊണ്ടുവന്ന് നടപടിയെടുക്കണം. അയാളെ അറസ്ററ് ചെയ്തതായി ആദ്യം പോലീസ് സമ്മതിച്ചു. ചില പത്രത്തിൽ അയാളെ ജീവനോടുകൂടി പിടിച്ചു എന്ന് റിപ്പോർട്ടുണ്ട്. അതേ പത്രത്തിൽതന്നെ അടുത്തപേജിൽ പിടിച്ചോ ഇല്ലയോ എന്ന് സംശയിക്കത്തക്ക വാർത്ത. ഇങ്ങനെ വളരെ അധികം സംശയങ്ങളുണ്ടാക്കുന്ന വാർത്തകളാണ് ഇതു സംബന്ധിച്ച് വന്നുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് ഈ കാര്യത്തിൽ ഗവൺമെൻറ് വേണ്ട തൊക്കെ ചെയ്യണം.

പുൽപ്പള്ളി ആക്രമണം നടന്ന അവസരത്തിൽ ഭരണകക്ഷിയിൽപ്പെട്ട ഒരു വിഭാഗംതന്നെ അതിന് ജുഡീഷ്യൽ അന്വേഷണം നടത്തണമെന്നും, ഇല്ലെങ്കിൽ സമര പരിപാടികറം ആസൂത്രണം ചെയ്യുമെന്നും പറയുകയുണ്ടായി. ഇന്ന് ശ്രീമാൻ അച്ചുതമേനോൻ മുഖ്യമന്ത്രിയും, ശ്രീമാൻ സി. എച്ച്. ആഭ്യന്തരമന്ത്രിയുമാണ്. ആ ചുററുപാടിൽ വേറേ ആക്രമണം നടന്നിരിക്കുന്നു. അതിനെ എങ്ങനെ സമീപിക്കണമെന്നുള്ളത് വേറേ പ്രശ്നമാണ്.

ശ്രീ. ജോസഫ് ചാഴിക്കാട്: ഈ വർഗീസല്ലേ രണ്ടുമൂന്ന് വിട്ടുടമസ്ഥൻമാരുടെ വീട്ടിൽ കയറി മുതൽ അപഹരിക്കുകയും ആ വീട്ടുടമസ്ഥൻമാരെ കൊല്ലുകയും ചെയ്തത്?

ശ്രീ. കെ. കെ. അബു: ഈ വർഗീസ് തന്നെയാണ്. അത് വളരെ തെററായ പ്രവൃത്തിയാണ്. കൊള്ളരുതായ്മയാണ് കാണിച്ചിരിക്കുന്നത്. പക്ഷെ അതിനുള്ള ശിക്ഷ പോലീസ് അയാളെ വെടിവച്ചു കൊല്ലുകയാണോ? അതിനുള്ള അധികാരം പോലീസിനുണ്ടോ? മഹാത്മാഗാന്ധിയെ വെടിവച്ചു കൊന്നയാളെ വെടിവച്ച് അന്നുതന്നെ കൊന്നിട്ടുണ്ടോ, മഹാത്മാഗാന്ധിയെക്കാറം ആരാധ്യനായ ഒരാറം വേറേ ആരാണ്. അതുപോലെ ശ്രീമാൻ വർഗീസ് ചേക്കുവിനെ കൊന്നു. അത് ശരിയാണ്. അതൊക്കെ മൃഗീയമാണ്. അതിനെ അനുകൂലിക്കാൻ ആരും തയ്യാറില്ല. പോലീസ് അയാളെ കൊല്ലുന്നതിനുംപകരം അയാളുടെ പേരിൽ കേസെടുക്കണം. അയാളുടെ പേരിൽ കേസ് ചാർജ്ചെയ്യണം, കോടതികയററണം, തൂക്കിൽ കയററണം. കോടതി വിട്ടുകളയുമെങ്കിൽ പോകട്ടെ. അതുകോടതിയുടേയും മററും സംവിധാനത്തിലുള്ള തകരാറാണ്. ആ രീതിയിൽ ഒരു മാററം പോലീസിൻെറ ഭാഗത്തു നിന്നും ഉണ്ടാകണം. ഇവിടെ എം.എൽ.എ. മാർക്ക് പോലും രക്ഷയില്ല. സത്യാഗ്രഹം നടക്കുമ്പോറം അവിടെപോയി നിൽക്കാൻ പോലും സാധ്യമല്ല. ഏതു സ്ഥലത്തും മർദ്ദനം നടത്തും. എന്തുകൊണ്ട് ഇതിനെപ്പററി നിങ്ങറം ഗൗരവമായിട്ട് ആലോചിക്കുന്നില്ല. പ്രതിപക്ഷം പറയുന്നു എന്നുള്ളതല്ല കാര്യം. ഈ രീതിയിലുള്ള നടപടികറം ഈ ഗവൺമെൻറിന് കളങ്കമല്ലേ, നമുക്കൊക്കെ അപമാനകരമല്ലേ? ഇന്ന് നമ്പീശൻ മാസ്ററർ ഇവിടെ ഉണ്ടോ? നമ്മുടെ കൂടെ ഇരിക്കേണ്ട ആളാണ്. അദ്ദേഹം ആശുപത്രിയിലാണ്. ഇങ്ങനെ മർദ്ദനങ്ങറം നടത്തിയിട്ട് അങ്ങനെയൊന്നും നടന്നിട്ടില്ലെന്നു പറഞ്ഞ് റിപ്പോർട്ട് അയക്കുന്ന സംപ്രദായത്തിൽ മാററംവരുത്താൻ ഈ മന്ത്രിസഭ ശ്രമിക്കേണ്ടതാണ്. അങ്ങനെ ചെയ്തില്ലെങ്കിൽ നാട്ടിൽ ഇതിനെക്കാളും കുഴപ്പങ്ങളുണ്ടാകും. എവിടെയെങ്കിലും ലാത്തിച്ചാർജ് ഉണ്ടായാൽ, എവിടെയെങ്കിലും വെടിവയ്പുണ്ടായാൽ അതിനെപ്പററി അന്വേഷിക്കുകയെന്നുള്ള സംപ്രദായം കൊണ്ട് ഇന്നത്തെ പോലീസിൻെറ ഈ രീതിയിലുള്ള പ്രവർത്തനത്തിൽ മാററം വരുകയില്ല. പോലീസിൻെറ പ്രവർത്തനത്തിൽ ആകപ്പാടെ ഒരു മാററം വരണം.

LIBRARY ARCHIVES Kerala Legislative Assembly

ആളുകളെ തല്ലാനുള്ളതല്ല പോലീസ് എന്ന ഒരു മനോഭാവം തീർച്ചയായും ഉണ്ടാകണം. അതിനുള്ള ഒരു ശ്രമം ഈ സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകണം. ഇല്ലെങ്കിൽ ആർക്കും ഇവിടെ രക്ഷ ഉണ്ടാവുകയില്ല.

ഈ നിയമസഭയിൽ അന്തസ് പരിപാലിക്കണമെന്ന് പലപ്പോഴും പറയാറുണ്ട്. ആരു പറയുന്നു വേണ്ടായെന്ന്. ജനാധിപത്യ സംപ്രദായത്തിൽ അതിനു കുറെ അന്തസൊക്കെ വേണം. ഈ നിയമസഭയുടെ അന്തസ് എന്നുപറയുന്നത് ബിൽഡിംഗിന്റെ അന്തസാണോ, സ്പീക്കറുടെ അന്തസാണോ, എം.എൽ.എ. മാരുടെ അന്തസും വരുകയില്ലേ? എം.എൽ.എ. മാരെ ഇന്നു നാട്ടിലാകെ തല്ലുകയാണ്. അതിന് ഒരു അറുതി വരുത്താതെ 30 തടിയൻമാരെ-പോലീസുകാരെ-കൊണ്ടുവന്ന് അന്തസ് പരിപാലിപ്പിക്കാമെന്ന് വിചാരിച്ചാൽ അതു സാധ്യമല്ല. അഞ്ചു സുബേദാരെക്കൊണ്ടുവന്നാലും സാധ്യമല്ല. അതുകൊണ്ട് നിയമസഭയുടെ അന്തസ് സുക്ഷിക്കാൻ ആദ്യമായി എം. എൽ. എ. മാരുടെ അന്തസ് സുക്ഷിക്കാൻ നാം തയ്യാറാകണം. അതിനുള്ള നീക്കം ഈ സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകണം. സർ, ഞാൻ ഡിമാൻറുകളെ എതിർക്കുകയാണ്.

ശ്രീ. അലക്സാണ്ടർ പറമ്പിത്തറ: സർ, ഈ സപ്ലിമെൻററി ഡിമാൻറിന്റെ രാഷ്ട്രീയ വശങ്ങളിലേക്ക് കടക്കാൻ ഞാനുദ്ദേശിക്കുന്നില്ല. ഇത്രയും വലിയ ഒരു സപ്ലിമെൻററി ഡിമാൻറ് അടുത്തകാലത്തൊന്നും ഉണ്ടായിട്ടില്ല. അതിന്റെ ആവശ്യകത എന്തുമാകട്ടെ. ഇങ്ങനെ ഒരു ഡിമാൻറ് അവതരിപ്പിച്ചിരിക്കുന്ന സന്ദർഭത്തിൽ ഇതിനപ്പററി വിശദമായിസംസാരിക്കാൻ സമയം അനുവദിച്ചിരുന്നെങ്കിൽ കൊള്ളാമായിരുന്നു എന്ന അഭിപ്രായം എനിക്കുണ്ട്. ഇത് മൂന്നാമത്തേതും അവസാനത്തേതുമാണെന്നാണ് പറയുന്നത്. അവസാനത്തേതാകുമോയെന്ന് കണ്ടറിയണം. ഇത്ര വലിയ ഒരു ഡിമാൻറ് ഉണ്ടാകാനുള്ള ഒന്നാമത്തെ കാരണം പറയുന്നത് ജനറൽ റിവിഷൻ ഓഫ് പേ ഉദ്യോഗസ്ഥൻമാർക്ക് അനുവദിച്ചുകൊടുത്തത് കൊണ്ടുണ്ടായ അധികച്ചെലവാണെന്നാണ്. അതു നമുക്കു മനസിലാക്കാൻ സാധിക്കും. പക്ഷേ റിവിഷൻ ആഫ് പേ വന്നാൽ എന്നും അതിനെത്തുടർന്ന് സെക്രട്ടേറിയററിന്റെ പടിക്കൽ സത്യാഗ്രഹികളുടെ ഒരു കൂട്ടം തന്നെ ഉണ്ടാകും. ഈ റിവിഷൻ ഓഫ് പേ കൊണ്ടുണ്ടാകുന്ന അനാമലി കാരണം പ്രയാസങ്ങൾ ഉണ്ടാകുന്നവരുടേതാണ്. വാസ്തവത്തിൽ വിഷമത അനുഭവിക്കുന്ന ഉദ്യോഗസ്ഥൻമാരാണ്. അങ്ങനെയുള്ളവർ കുറെ നാളത്തെ സമരത്തിനുശേഷം ഒരു ഒത്തുതീർപ്പുണ്ടാക്കി കൂടുതൽ ആനുകൂല്യം നേടുക പതിവാണ്. അതിനുവേണ്ടി ഒരു പ്രൊവിഷൻ ഇതിൽ കാണുന്നില്ല. എനിക്കുപറയാനുള്ളത് ഇങ്ങനെയുള്ള റിവിഷൻ ഉണ്ടാകുമ്പോൾ ഈ മാതിരി സത്യാഗ്രഹങ്ങൾ ഉണ്ടാകാത്ത വിധത്തിൽ കഴിയുന്നത്ര ശ്രദ്ധിച്ച് പേ റിവിഷൻ സംഘടിപ്പിക്കണമെന്നാണ്.

പിന്നൊന്ന് ഇതിൽ കാണുന്നത് 3 കോടി 50 ലക്ഷം രൂപാ പ്ലാൻ ഔട്ട്ലേയിൽനിന്നും ! പവ്വർ ഇനത്തിൽനിന്നും ഇറിഗേഷൻ, മൈനർ ഇറിഗേഷൻ ജനറൽ എഡ്യൂക്കേഷൻ, റോഡ്സ് ഇതിനുവേണ്ടി മാററം ചെയ്തതാണ്. പവ്വർ പൊസിഷൻ തൃപ്തികരമായിട്ടാണ് ഇങ്ങനെ മാററം ചെയ്തതെങ്കിൽ തെററില്ല. പവ്വർ ഇന്ന് തൃപ്തികരമല്ല. വളരെയധികം ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നുണ്ട്. ദിനപ്പത്രങ്ങൾതന്നെ അച്ചടിക്കാൻ കഴിയാതെ വരുന്നുണ്ട്. ലൈററ് ആവശ്യത്തിന് കിട്ടാതെ വരുന്നുണ്ട്. വ്യവസായ ശാലകൾ വിഷമിക്കുന്നുണ്ട്. ഇങ്ങനെ ഒരു സ്ഥിതി പവ്വറിന്റെ കാര്യത്തിൽ ഉണ്ടായിരിക്കുമ്പോൾ ആ പണം മറെറാന്നിലേക്ക് നീക്കിക്കൊണ്ട് പോകുന്നത് ശരിയല്ല. എന്നാൽ മററ് ഡിപ്പാർട്ടുമെൻറ് തൃപ്തികരമായി പ്രവർത്തിക്കുന്നുണ്ടോ? ഇല്ല. ഒന്നിനുവേണ്ടി വകയിരുത്തിയിട്ട് മററ് ഡിപ്പാർട്ടുമെൻറിലേക്ക് കൊണ്ടുപോകുന്നത് ശരിയല്ല. റോഡിന് മൂന്നുകോടി രൂപായുണ്ട്. റോഡിന്റെ സ്ഥിതി ഇന്ന് ദയനീയവുമാണ്. ഇതിൽനിന്നുമെല്ലാം മനസ്സിലാക്കേണ്ടത് പൊതു

LIBRARY ARCHIVES Kerala Legislative Assembly

ബഡ്ജററ് തയാറാക്കുന്ന സമയത്ത് പ്ലാൻ പദ്ധതികൾക്ക് നീക്കിവയ്ക്കുന്ന തുകയെ സംബന്ധിച്ചു ശരിയായി ചിന്തിക്കുന്നില്ലെന്നുള്ളതാണ്. ഒരു ആവശ്യത്തിനുവേണ്ടി പണം വകയിരുത്തിയിട്ട് ഇഷ്ടംപോലെ ഇങ്ങനെ കൈമാററം ചെയ്യുകയെന്നുള്ള സ്ഥിതിയിൽ ഏർപ്പാടു ചെയ്തിട്ടാണ്. അതുശരിയല്ല. ഇങ്ങനെ സപ്ലിമെൻററി ഡിമാൻറുകളിൽ കസ്സാംകളി നടത്താനുള്ള സന്ദർഭമുണ്ടാക്കുന്നതു ശരിയല്ല. ബഡ്ജററ് രൂപീകരണാവസരത്തിൽ ഇതൊന്നു ശ്രദ്ധിച്ചാൽക്കൊള്ളാം.

ശ്രീ. ജോസഫ് ചാഴിക്കാട്: ഇപ്പോഴത്തെ ബഡ്ജററ് ഉണ്ടാക്കാൻ പോകുന്നതേയുള്ളു. പഴയ ബഡ്ജററിലെ കുഴപ്പം തീർക്കാൻ വേണ്ടി മാത്രമല്ലേ ഇതു ചെയ്യുന്നത്?

ശ്രീ. അലക്സാണ്ടർ പറമ്പിത്തറ: അപ്പോൾ ഗവൺമെൻറ് എന്നൊന്നുണ്ടല്ലോ. ഇപ്പോഴത്തേതോ പഴയതെന്നുള്ളതോ അല്ല ഇവിടുത്തെ പ്രശ്നം. പിന്നീട് ഈ ബഡ്ജററിൽ ജനറൽ എഡ്യൂക്കേഷൻ നമ്പർ 17, പേജ് 31—ൽ

10 A.M. ഒരിനം കാണുന്നത് എന്താണെന്നു മനസ്സിലാകുന്നില്ല. 36,100 ഉറുപ്പിക ഫൈനാൻഷ്യൽ അസിസ്ററൻസ് ടു സാൻസ്ക്രിററ് പണ്ഡിററ് അണ്ടർ ഇൻറിജൻറ് സർക്കംസ്ററാൻസസ് എന്നൊരു ഇനം കാണുന്നുണ്ട്. അതിൽ നിന്ന് മനസ്സിലാക്കേണ്ടത് സംസ്കൃത പണ്ഡിതൻമാരിൽ ദാരിദ്ര്യം അനുഭവിക്കുന്ന ആളുകളെ സഹായിക്കാൻവേണ്ടി 36,100 ഉറുപ്പിക കൊടുക്കുന്നു എന്നാണ്. ദാരിദ്ര്യം അനുഭവിക്കുന്ന സംസ്കൃത പണ്ഡിതൻമാർക്ക് മാത്രമേ കൊടുക്കുന്നുള്ളോ? വേറേയാരും ദാരിദ്ര്യം അനുഭവിക്കുന്നവരായി ഇല്ലേ? എവിടെ നിന്നാണ് ഈ സംഖ്യ വന്നത്. ഇതുകൊണ്ടു സംസ്കൃത വിദ്യാഭ്യാസം പ്രോൽസാഹിപ്പിക്കാനുള്ള പദ്ധതിയായിട്ടുകൂടിയാണോ ചെയ്യുന്നതെന്ന് മനസ്സിലാകുന്നില്ല. സംസ്കൃത വിദ്യാഭ്യാസത്തെ സംബന്ധിച്ചിടത്തോളമാണെങ്കിൽ ഇന്നു വളരെയേറെ വിഷമതകൾ സംസ്കൃത വിദ്യാലയങ്ങൾ അനുഭവിച്ചുപോരുന്നുണ്ട്. അതിൻെറ പ്രവർത്തനം മുന്നോട്ടു കൊണ്ടുപോകാൻ പാടില്ലാത്ത വിധത്തിൽ, (പ്രത്യേകിച്ച് പ്രൈവററ് സംസ്കൃത ഹൈസ്കൂളുകളിൽ ചിലത്) വിഷമതകൾ അനുഭവിക്കുന്നുണ്ട്. ഉദാഹരണമായിട്ട് ഫൈനാൻസ് മിനിസ്ററർ ശ്രീ. ശേഷനും മുൻ ട്രാൻസ്പോർട്ട് മന്ത്രി ശ്രീ. ഇമ്പിച്ചിബാവായും ഞാനും ഒരു സംസ്കൃത സ്കൂളിൻെറ വാർഷികയോഗത്തിൽ ചെന്നപ്പോൾ അവർ അനുഭവിക്കുന്ന സങ്കടത്തിൻെറ പട്ടിക നിരത്തിവയ്ക്കുകയുണ്ടായി. ഇതൊക്കെ കണക്കിലെടുക്കുമ്പോൾ സംസ്കൃത വിദ്യാഭ്യാസത്തിൻെറ പ്രോൽസാഹനത്തിനാണോ 36,100 ഉറുപ്പിക അതോ ദാരിദ്ര്യം അനുഭവിക്കുന്ന അദ്ധ്യാപകർക്കാണോ കൊടുക്കുന്നതെന്നു മനസ്സിലാകുന്നില്ല. ഇങ്ങനെയൊരു തത്വം വച്ചാണെങ്കിൽ മററ് അദ്ധ്യാപകർക്കും കൊടുക്കേണ്ടിവരും. അദ്ധ്യാപകൻമാർക്ക് അദ്ധ്യാപക ക്ഷേമനിധിയും മററുമുണ്ട്. ഇതൊക്കെയുണ്ടായിട്ട് ഇങ്ങനെയൊരിനം വച്ചിരിക്കുന്നത് എന്തിനാണ്.

അടുത്തതായി ഇൻഡസ്ട്രീസ് 27 ഡിമാൻറ് സാധാരണയായിട്ടു നമ്മുടെ പഴയ മാമൂലിൻെറ ഇടപാടാണ്. ലാൻറ് അക്വിസിഷനുവേണ്ടിയിട്ടു നീക്കിവച്ചിട്ടുള്ള സംഖ്യ മതിയാകാതെ ലാൻറ് അക്വസിഷൻ അവാർഡിൻെറ അപര്യാപ്തതമൂലം കോടതിയിൽപ്പോയി പരിഹാരം നേടി കുടുതൽ സംഖ്യയ്ക്ക് അവകാശപ്പെട്ടിട്ടുള്ളത് ഈ ഗവൺമെൻറിൻെറ മാത്രമല്ല പഴയ കാലം മുതൽ അനുഭവിക്കുന്ന ശാശ്വതമായ വിഷമമാണ്. അതിപ്പോഴും തുടർന്നു പോകുന്നുണ്ട്. പട്ടികകൾ വായിച്ചാൽ കാണാം അവാർഡിൻെറ മൂന്നിരട്ടി ഉറുപ്പിക കോടതിയിൽ കൊടുത്തിട്ടുണ്ട്. എന്തടിസ്ഥാനത്തിലുള്ളതാണ് അവാർഡ്. ഏതു നിയമത്തിൻെറ പേരിലാണ് ഇതു ചെയ്യുന്നത്. മനുഷ്യനെ ബുദ്ധിമുട്ടിക്കാമെന്നല്ലാതെ ചെറിയ ഉടമകൾ കുറച്ചു സ്ഥലം മാത്രമുള്ള ആളുകളുടെ സ്ഥലം

LIBRARY ARCHIVES Kerala Legislative Assembly

കൊടുത്തിട്ട് അവർ കോടതിയിൽ പോയി പരിഹാരം നേടുക എന്നു പറഞ്ഞാൽ അതു വലിയ വിഷമമുള്ള കാര്യമാണ്. ഈകാര്യത്തിൽ ജനറൽ ബഡ്ജററ് വരുന്ന സമയത്തു മേലാലെങ്കിലും അതിന് എന്തെങ്കിലും വ്യതിയാനം വരുത്താൻ ശ്രദ്ധിക്കണം.

പിന്നെ ഡിമാൻറ് 35—ൽ വാട്ടർ ട്രാൻസ്പോർട്ടിനു വേണ്ടിയിട്ട് കുറെ സംഖ്യ ചെലവാക്കുന്നുണ്ട്. അത് ഫിനാൻസിൻെറ സാലറി റിവിഷൻെറ പേരിൽ വന്നിട്ടുള്ള അധികച്ചെലവ് നികത്താനാണ്. അതൊക്കെ കൊള്ളാം. എന്നാൽ ഇന്നു വാട്ടർ ട്രാൻസ്പോർട്ടിൻെറ പ്രവർത്തനം എത്രയോ ശോചനീയമാണ്. ആലപ്പുഴയിൽ ആദ്യം ഒരു കോർപ്പറേഷനുണ്ടായി. അതു പരാജയപ്പെട്ടു. പിന്നീടു രണ്ടാമത് അതൊന്നു സംഘടിപ്പിച്ചു. ഇതൊക്കെയായാലും ഇതിൻെറ സർവ്വീസിൻെറ ബനിഫിററ് അനുഭവിക്കേണ്ട ആളുകൾ കഷ്ടപ്പെടുന്നതിനു യാതൊരുകണക്കുമില്ല. ഉദാഹരണമായിട്ട് 24 സർവ്വീസുകൾ റഗുലറായിട്ടു നടന്നുകൊണ്ടിരുന്ന സ്ഥലത്ത് ഇന്ന് രണ്ടു സർവ്വീസുകൾ മാത്രമേയുള്ളു. കുട്ടനാട്ടുനിന്ന് ആലപ്പുഴയിലേക്കു വരാൻ ഒന്നോ രണ്ടോ ദിവസം വേണ്ടിവരുന്നു. അതുപോലെതന്നെ സംസ്ഥാനത്തിൻെറ മദ്ധ്യഭാഗത്ത് എറണാകുളം കേന്ദ്രമായിട്ടുള്ള പ്രദേശത്തും വാട്ടർ ട്രാൻസ്പോർട്ടിൻെറ പ്രവർത്തനംമൂലം അനുഭവിക്കുന്ന കഷ്ടപ്പാട് ചില്ലറയല്ല. കോട്ടപ്പുറം മുതലുണ്ടായിരുന്ന പ്രൈവററ് ലൈനുകളെല്ലാം രംഗത്തുനിന്നുപോയിട്ട് അവിടെയെല്ലാം ട്രാൻസ്പോർട്ടിൻെറ സേവനം വരുന്നു എന്നാണറിയുന്നത്. പക്ഷേ ഒരു കാര്യം മാത്രം നോക്കിയാൽമതി. കഴിഞ്ഞകൊല്ലത്തെ യൂണിവേഴ്സിററി എക്സാമിനേഷനു മുളവുകാട് എന്ന സ്ഥലത്തുനിന്ന് എറണാകുളത്ത് പരീക്ഷ എഴുതുന്നതിന് കുട്ടികൾക്ക് എത്താൻ സാധിച്ചിട്ടില്ല. ബോട്ട് വടക്കുനിന്നു വിട്ടപ്പോൾത്തന്നെ ഓവർലോഡായി. വഴിക്കുള്ള കുട്ടികളെയാരേയും ബോട്ടിൽ കടത്തിയില്ല. ആ കുട്ടികൾക്ക് പരീക്ഷ എഴുതാൻ സാധിക്കാതെ ഒരു കൊല്ലം പാഴായി. ഇതുമുഴുവനും വാട്ടർ ട്രാൻസ്പോർട്ടിൻെറ കുഴപ്പം കൊണ്ടാണ്. വാട്ടർ ട്രാൻസ്പോർട്ട് എന്നു പറയുന്നത് ഒന്നു കാര്യമായി പുന:സംഘടിപ്പിച്ച് ജനങ്ങളുടെ സൗകര്യത്തിനു കൂടുതൽ പ്രാധാന്യം കൊടുത്ത് ഈ സൗകര്യങ്ങൾക്കു നിർവഹണം ഉണ്ടാകത്തക്കവിധത്തിൽ ഇതൊന്നു പുനരാവിഷ്ക്കരിക്കണമെന്നുള്ള കാര്യംകൂടി ചൂണ്ടിക്കാണിച്ചുകൊണ്ട് സമയച്ചുരുക്കം കൊണ്ടു ഞാൻ നിറുത്തുകയാണ്.

ശ്രീ. ജോസഫ് ചാഴിക്കാട്: സർ, എനിക്കുള്ള അൽപ്പംസമയംകൊണ്ടു വിദ്യാഭ്യാസത്തെപ്പററിയാണു സ്വല്പം പറയാനുള്ളത്. ഇതു പറയുന്നതിന് മുൻപ് ഒരു സംഗതി എനിക്കു പറയാനുണ്ട്. നമ്മുടെ ഈ നിയമസഭ അടുത്തകാലംവരെ വളരെ ഭേദമായിട്ടും മാനംമര്യാദയായിട്ടും നടന്നിരുന്ന നിയമസഭയായിരുന്നു. അതിൻെറ അന്തസ്സ് കഴിഞ്ഞ കുറെ കാലമായിട്ട് വളരെ അധ:പതിച്ചു. സർ, ഇവിടത്തെ സ്പീക്കർക്ക് ഡിസ്ട്രിക്ട് മജിസ്ട്രേട്ടിൻെറ അധികാരമുണ്ട്, നിയമസഭയ്ക്കകത്ത്. അദ്ദേഹത്തിന് പോലീസുണ്ട്, പട്ടാളമുണ്ട്. ഈ നിയമസഭ കുറെ മര്യാദയായിട്ടും മററുള്ളവർക്ക് ഒരു മാതൃകയായിട്ടും അന്തസായിട്ടും പെരുമാറുന്നതിനു ബഹുമാനപ്പെട്ട സ്പീക്കർ കൂടുതൽ ശ്രദ്ധിക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട സ്പീക്കറോട് വിനീതമായി അപേക്ഷിച്ചുകൊള്ളുന്നു. സ്പീക്കറുടെ നോട്ടക്കുറവുകൊണ്ടും , സ്പീക്കർ ചെയ്യേണ്ട കാര്യങ്ങൾ ചെയ്യേണ്ട സമയത്ത് ചെയ്യേണ്ടതുപോലെ ചെയ്യാത്തതുകൊണ്ടും നിയമസഭയുടെ അന്തസ് താഴുന്നതിന് ഇടയായിട്ടുണ്ട്. ഇതു മേലാൽ വരാതിരിക്കത്തക്കവണ്ണം സ്പീക്കർ പ്രത്യേകം ശ്രദ്ധിക്കണമെന്ന് ഞാൻ വീണ്ടും അപേക്ഷിച്ചുകൊള്ളുന്നു.

സർ, വിദ്യാഭ്യാസത്തിൻെറ ഇന്നത്തെ നില നോക്കിയാൽ നാം നിലം ഒരുക്കി വിത്തു വിതയ്ക്കുന്നു; അതു മുളച്ചുവരുന്ന കൂട്ടത്തിൽ കളകളാണ്

LIBRARY ARCHIVES Kerala Legislative Assembly

അധികം മുളച്ചുവരുന്നത്. ഇന്ന് ഹൈസ്ക്കൂളുകളിലും കോളേജുകളിലും കളകളാണ് അധികം മുളച്ചുവരുന്നത്. വിത്ത് അധികം മുളയ്ക്കുന്നില്ല. അല്ലെങ്കിൽ മുളച്ചുവരുന്ന വിത്ത് കളകളായിട്ടു മാറിപ്പോവുകയാണ്. അതിനുവേണ്ടിയിട്ട് എന്തെങ്കിലും ചെയ്തില്ലെങ്കിൽ വിദ്യാഭ്യാസത്തിനു വേണ്ടി പണം ചെലവഴിക്കുന്നതു നിരുപയോഗമായി പോകുമോ എന്നു ഞാൻ സംശയിക്കുന്നു. ഇന്നലെ വൈകുന്നേരം യൂണിവേഴ്സിററി സ്റേറഡിയത്തിൽ ഒരു ഫംഗ്ഷൻ ഉണ്ടായിരുന്നു. സർവ്വകലാശാലയിലെ മഹത്തുക്കളെല്ലാം അവിടെ ഉണ്ടായിരുന്നു. കുട്ടികളും വളരെ കൂടിയിരുന്നു. വൈസ്ചാൻസലർ പ്രസംഗിക്കാൻ എഴുന്നേററു. പിള്ളേർ പുറകിൽനിന്ന് കൂകാൻ തുടങ്ങി. "sit down. we don't want to hear you. sit down" എന്നു പറഞ്ഞു കൂകാൻ തുടങ്ങി. മൂന്നുമണിക്കൂർനേരം യൂണിവേഴ്സിററി സ്റേറഡിയത്തിൽ അനേകം ഡാൻസ്, കഥകളി, സംഗീതം, വിവിധതരത്തിലുള്ള സംഗീതം ഇതെല്ലാം നടന്നുകൊണ്ടിരിക്കുകയായിരുന്നെങ്കിലും ആ സമയത്തെല്ലാം സ്റേറഡിയത്തിലെ കിഴക്കേയററത്ത് ഇരുനൂറു കുട്ടികൾ കൂടിയിട്ട് ആദ്യംമുതൽ മൂന്നുമൂന്നര മണിക്കൂർ നേരത്തേക്ക് കൂക്കുവിളിയും കൈയടിയുംതന്നെയായിരുന്നു. യാതൊരു സംഗതിയും മാനം മര്യാദയായി കാണാനും കേൾക്കാനുമൊന്നും ആർക്കും കഴിയാതെ അസൗകര്യം സൃഷ്ടിച്ചിരുന്നു. സർ, സ്ക്കൂളുകളിലും ഇതല്ലേ കാണുന്നത്. സമരം. വിദ്യാർത്ഥിസമരം. വിദ്യാർത്ഥികൾ സമരം നടത്തി നടത്തി മതിയാകുമ്പോൾ അപ്പോൾ തുടങ്ങും അദ്ധ്യാപകസമരം. കാളേജ് പ്രൊഫസറൻമാരുടെ സമരം. ഞാൻ കണ്ടു, വെട്ടിയ കോട്ടും തൂക്കിയിട്ടുകൊണ്ട് മൂന്നുനാലു കൊല്ലംമുമ്പ് കോളേജ് അദ്ധ്യാപകർ വഴിയിലൂടെ പോകുന്നത്. ഇതാണ് ഇന്നു പഠിപ്പിക്കുന്നത്. സമരിക്കാൻ മാത്രം പഠിപ്പിക്കുന്നു. അല്ലാതെ ഫിസിക്സോ, കെമിസ്ട്രിയോ, മാത്തമററിക്സോ ഇതൊന്നുമല്ല ഇപ്പോൾ പഠിപ്പിക്കുന്നത്. സമരിക്കാനുള്ള വിവിധ മാർഗ്ഗങ്ങളാണ് പഠിപ്പിക്കുന്നത്. അങ്ങനെയായിപ്പോയി. വിദ്യാഭ്യാസമന്ത്രി ഇവിടെ ഇരിക്കുന്നതുകൊണ്ടാണ് പ്രത്യേകമായി പറയുന്നത് ഈ സമരം നിറുത്തുന്നതിനു വല്ല മാർഗ്ഗവുമുണ്ടോ എന്നു കണ്ടുപിടിക്കേണ്ടിയിരിക്കുന്നു. ഇല്ലെങ്കിൽ കയറൂരി വിട്ടേക്കണം, അവർ സമരിക്കട്ടെ. പഠിക്കാൻ മനസുള്ളവർക്കു പഠിക്കാനുള്ള എന്തെങ്കിലും ഏർപ്പാട് ഈ ഗവൺമെൻറിന് ഉണ്ടാക്കാൻ കഴിയുമോ എന്നു നോക്കേണ്ടതാണ്. കളകളെ നിറുത്താതെ ചെറുപ്രായത്തിൽത്തന്നെ പറിച്ചു കളയുമെങ്കിൽ നെല്ലുവളർന്നു നല്ല കതിരാകും. സ്ക്കൂളുകളിൽ കളകളാണ അധികം. സ്ക്കൂളുകളിൽ കള പറിക്കുന്നതിന് കുറെ ആളുകളെ വിദ്യാഭ്യാസമന്ത്രി ഏർപ്പെടുത്തണം. കളകൾ ഉണ്ടാകുമ്പോൾത്തന്നെ പറിച്ചുകളയുകയോ മറേറാ ചെയ്തില്ലെങ്കിൽ നമ്മുടെ വിദ്യാഭ്യാസം ഇന്നത്തെക്കാൾ പതിൻമടങ്ങ് അധഃപതിക്കാനാണ് ഈ രാജ്യത്ത് ഇടയുള്ളത്. അങ്ങ് ഒരുകാര്യം ചെയ്താൽ കൊള്ളാം. എല്ലാ ഹൈസ്ക്കൂളുകളിലും പ്രൈമറിസ്ക്കൂളുകളിലും രക്ഷിതാക്കളും അദ്ധ്യാപകരും കൂടിയിട്ടുള്ള ഒരു സംഘടന (അതിപ്പോൾ പലയിടത്തും തുടങ്ങിയിട്ടുണ്ട്) ഉണ്ടാകണം. രക്ഷകർത്താക്കളെന്നു പറയുമ്പോൾ, തന്തയില്ലാത്ത പിള്ളേരും കാണും. അമ്മതന്നെയായിരിക്കും ചിലർക്ക് രക്ഷകർത്താക്കൾ. അതാണു ഞാൻ പറഞ്ഞത്. ഇങ്ങനെയുള്ളവരുടെ അമ്മമാരേയും വിളിച്ചുവരുത്തി തന്തമാരുള്ള പിള്ളേരുടെ തന്തമാരേയും വരുത്തി അവരെല്ലാം കൂടി രക്ഷിതാക്കളും വിദ്യാർത്ഥികളും കൂടി എല്ലാ സ്ക്കൂളുകളിലും സംഘടന ഉണ്ടാക്കി സ്ക്കൂളുകളിൽ കുഴപ്പമുണ്ടാക്കുന്ന കുട്ടികളെ വിളിച്ചുകൊണ്ടുപോയി മര്യാദയ്ക്കു നിറുത്തുകയോ അല്ലെങ്കിൽ വീട്ടിൽ കൊണ്ടുപോയി നിറുത്തുകയോ ചെയ്താൽ ഈ തെററുകളെല്ലാം മാററാൻ സാധിക്കുമെന്നാണ് എനിക്കു തോന്നുന്നത്. സമയക്കുറ

LIBRARY ARCHIVES Kerala Legislative Assembly

ആയതുകൊണ്ട് ഞാൻ ചുരുക്കിപ്പറയാം. ഒന്നുരണ്ടു സ്കൂളുകളെപ്പററി ചില സംഗതികൾ പറയാനുണ്ട്. കടപ്പൂർ ഹൈസ്കൂളിൽ നാലു ഷിഫ്ററാണ്. ഏഴര മണിക്ക് കുട്ടികൾ വന്നിട്ട് പത്തര പതിനൊന്നുമണിയാകുമ്പോൾ ഇറങ്ങിപ്പോകും. പതിനൊന്നരയ്ക്ക് കുട്ടികൾ വന്നിട്ട് രണ്ടരമണിയാകുമ്പോൾ പോകും. മൂന്നരയ്ക്ക് വന്നിട്ട് അഞ്ചര മണിക്ക് ഇറങ്ങിപ്പോകും. കെട്ടിടം ഇല്ല. ഒരു കെട്ടിടമേയുള്ളു. എല്ലാംകൂടി ഒരു പാടു കുട്ടികൾ ഉണ്ട്. ആ കുട്ടികൾക്കെല്ലാം പഠിക്കുകയുംവേണം. മൂന്നുനാലും ഷിഫ്ററ് ഒരുദിവസം. ശരിയായി നടത്തുന്ന സ്കൂളുകൾ കണ്ടിട്ടുള്ളവർക്ക് ഇങ്ങനെയുമുണ്ടോ ഈ കേരളത്തിൽ എന്നു തോന്നിപ്പോകും. അവിടെ കെട്ടിടമില്ല. ഇരിക്കാൻ ഇടമില്ല. കുറെ പിള്ളേരെയിരുത്തി 'യസ്യജ്ഞാനദയാസിന്ധോ' എന്നു പറഞ്ഞുകൊടുത്തു. അവരെ ഇറക്കി വേറൊരു കൂട്ടരെ ഇരുത്തി. അതിന്റെ ബാക്കി പറഞ്ഞുകൊടുത്തു. ഇങ്ങനെ പഠിപ്പിച്ചുകൊണ്ടിരിക്കുകയാണ്. വല്ലതരത്തിലും കെട്ടിടം ഉണ്ടാക്കി കൊടുക്കണം. അതിനു നിവൃത്തിയില്ലെങ്കിൽ സ്കൂളുകൾ ക്ലോസുചെയ്യണം. ഇങ്ങനെ പിള്ളേരും രക്ഷകർത്താക്കളും കൂടി കുഴയുന്നതിനു പകരം അതുനിറുത്തിയേച്ചാൽ മതി. ഇതൊന്നു പ്രത്യേകം ശ്രദ്ധിക്കണം.

പിന്നെ ഒന്നു സർ, വെക്കേഷൻ തുടങ്ങുന്നത്, സൂര്യൻ ഉത്തരായനമല്ല, ദക്ഷിണായനത്തിന്റെ മദ്ധ്യേ തിരിഞ്ഞ് നിൽക്കുമ്പോഴാണ് സ്കൂളുകൾ അടയ്ക്കാൻ പോകുന്നത്. ഇതൊരു പരിപൂർണ്ണ പരാജയമായിരിക്കുമെന്ന് 1970 മാർച്ചുമാസം 2-ാം തീയതി ശ്രീ. ജോസഫ് ചാഴിക്കാട് വളരെ പബ്ലിക്കായിട്ട് പറഞ്ഞുകൊള്ളുന്നു. ഒരാണ്ട് പരീക്ഷിച്ചിട്ട് തിരിച്ചാക്കേണ്ടിവരും. മാർച്ചുമാസം ഒടുവിൽ വെക്കേഷൻ തുടങ്ങിയാൽ മദ്ധ്യപ്രദേശത്ത് അല്ലെങ്കിൽ എം. സി. റോഡിനു കിഴക്കുവശമുള്ള റോഡിൽ ഇന്നു കുടിക്കാൻ വെള്ളമില്ല. ഉച്ചയ്ക്ക് പൊതിച്ചോറു കൊണ്ടുവരുന്ന കുട്ടികൾ ഉണ്ടുകഴിഞ്ഞിട്ട് ഇല പറിച്ച് തുടച്ചു കളയുകയാണ്. കുടിക്കാൻ വെള്ളമില്ലാത്തവർ കുപ്പികളിൽ വെള്ളം കൊണ്ടുവരുന്നുണ്ട്. ഇങ്ങനെ വെള്ളമില്ലാതെ വിഷമിക്കുന്ന സ്കൂളുകളിൽ മാർച്ചവസാനം വെക്കേഷൻ തുടങ്ങുന്നു എന്നു പറഞ്ഞാൽ ഏപ്രിലിൽ അടച്ചാൽ വെള്ളപ്പൊക്കം ഉണ്ടാകുന്നു. സ്കൂളുകൾ ഉരുണ്ടുചാടുന്നു എന്നാണ് പറയുന്നത്. ഈ കേരളം നമ്പൂരിശ്ശൻ മഴു എറിഞ്ഞ് ഉണ്ടാക്കിയ അന്നുമുതൽ മഴയുള്ളതാണ്, ഇതൊക്കെ നടക്കുന്നതുമാണ്. അതുകൊണ്ട് വെക്കേഷൻ മാററുന്നത് ശരിയല്ലെന്നാണ് എന്റെ സുചിന്തിതമായ അഭിപ്രായം. അതു തെററാണെന്നു ബോദ്ധ്യംവരും. ഒരുകൊല്ലം പരീക്ഷിച്ചുനോക്കിയിട്ട് മാററാൻ നിർബന്ധിതമാകും. കരിംകുന്നത്ത് കുടിക്കാൻ വെള്ളം കിട്ടുന്നില്ല. വാട്ടർസപ്ലൈയ്ക്കുള്ള അപേക്ഷ കൊടുത്തിട്ടുണ്ട്. പണം അവരുടെ കൈയിലുണ്ട്. കുട്ടികളിൽനിന്നു പിരിച്ചെടുത്ത സംഖ്യയുണ്ട്. അനുവാദം കൊടുത്താൽമാത്രംമതി. കുളവും കുഴിച്ചു പൈപ്പും ഏർപ്പെടുത്തിയാൽ കുട്ടികൾക്കു വെള്ളം കിട്ടും. ഇപ്പോൾ അവിടെ ഒരു ഫർലോംഗ് രണ്ടു ഫർലോംഗ് നടന്നുപോയി തോട്ടിനടുത്താണ് കുട്ടികൾ ഉച്ചയ്ക്ക് ഉണ്ണുന്നത്. അവിടുത്തെ ഹെഡ്മാസ്ററെ ഞാനീയിടയ്ക്കു കണ്ടു. കരിംകുന്നം ഹൈസ്കൂളിൽ വാട്ടർസപ്ലൈയ്ക്കു പണമുണ്ട്. സർക്കാരിൽനിന്ന് ഒന്നും കൊടുക്കേണ്ട. അതൊന്ന് അനുവദിച്ചാൽമാത്രംമതി. എഡ്യൂക്കേഷൻ ഡയറക്ടർ പറയുന്നു ആ പണംകൊണ്ടു ഭൂമിശാസ്ത്രത്തിനു പടങ്ങൾ വാങ്ങണമെന്ന്. വെള്ളം കുടിച്ചില്ലെങ്കിലും വേണ്ടില്ല. സ്കൂളിലെ ഉപകരണങ്ങൾക്കുവേണ്ടി ആ പണം ഉപയോഗിക്കുന്നതാണു കൂടുതൽ ആവശ്യമെന്ന്. കുട്ടികൾ വെള്ളം കുടിച്ച് ജീവിക്കണമെന്നാണ് എന്റെ അഭിപ്രായം. അതിനുവച്ചിരിക്കുന്ന പണം അതിനു വേണ്ടി ഉപയോഗിക്കുന്നതിന് ഉടനെ ഉത്തരവുണ്ടാകണം. പിന്നെ ഒരുകാര്യംകൂടി പറയാനുണ്ട്. ശ്രീ. നമ്പൂരിശ്ശൻ

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ ഇല്ലല്ലോ. ശ്രീ. നമ്പൂതിരിപ്പാട് തനിയെ രാജിവച്ച് ഇറങ്ങിപ്പോയതാണ്. ഞാൻ പറഞ്ഞില്ല "Able was I ere I saw Elba" ജർമ്മനിക്കു പോകുന്നതുവരെ He was a bright ഇവിടെ രാജ്യം ഭരിക്കണം. നിവൃത്തിയുള്ളവരെ തല്ലിക്കണം, പാർട്ടിയെ രക്ഷിക്കണം, പോലീസ് അനങ്ങരുത്, ഇങ്ങനെയുള്ള നിർദ്ദേശത്തിൽ രാജ്യം ഭരിച്ചു. അദ്ദേഹം തനിയെ ചെയ്തതാണ്. അങ്ങനെയിരുന്നപ്പോൾ അദ്ദേഹം രാജിവച്ച് ഇറങ്ങിപ്പോയി. ഇവിടെ ആരും വോട്ടു ചെയ്തില്ല, പോരാ എടുത്തില്ല., ഒന്നുമുണ്ടായില്ല. രാജിവച്ചിരിക്കുന്നു എന്നു പറഞ്ഞ് അദ്ദേഹം തനിയെ ഇറങ്ങിപ്പോയി. എന്നിട്ടിപ്പോൾ വഴക്കുണ്ടാക്കി പുറകേ നടക്കുന്നു. ഇനി ഒന്നരക്കൊല്ലമോ രണ്ടുകൊല്ലമോ ഉണ്ട്. ഇവർ ഭരിച്ചുകൊള്ളട്ടെ. ഇവർ ഭരണമേററപ്പോൾ പോലീസുണ്ടെന്നും ഭരണമുണ്ടെന്നും തോന്നുന്നു. കുട്ടനാട്ടിൽ കൊയ്ത്തു നടന്നു. മുമ്പൊക്കെ അറിവാം അതു രണ്ടുകൂട്ടർക്കും ഉണ്ടല്ലോ. കുററക്കാരെമാത്രമേ പോലീസ് തല്ലാവു. കുററം ചെയ്യാത്തവരെ തല്ലരുത്. ശ്രീ. അബു പറഞ്ഞു പോലീസ് വർഗ്ഗീസിനെ പിടിച്ചിട്ടാണു വെടിവച്ചതെന്ന്. വർഗ്ഗീസിനെ കയ്യിൽ കിട്ടുമെങ്കിൽ തീർച്ചയായും കൊല്ലുമായിരുന്നില്ല. വർഗ്ഗീസിനെ കയ്യിൽ കിട്ടിയിരുന്നെങ്കിൽ അനേകം കേസുകൾക്കു തെളിവു സിദ്ധിക്കുമായിരുന്നു. വർഗ്ഗീസിനെ പിടിക്കാൻ യാതൊരു നിവൃത്തിയുമില്ലാതെ വന്നപ്പോൾ കാട്ടിൽക്കൂടി ഓടിയപ്പോൾ വെടിവച്ചുകൊന്നതാണ്. അങ്ങനെയാണ് ഞാൻ വിശ്വസിക്കുന്നത്. ഇത്രയും പറഞ്ഞുകൊണ്ട് ഞാൻ നിറുത്തുന്നു.

ശ്രീ. ടി. എം. മീതിയൻ: സർ, ഈ സപ്ലിമെൻററി ഡിമാൻറുകളെ ഞാൻ എതിർക്കുകയാണ്. കഴിഞ്ഞ നവംബർ ഒന്നാംതീയതി മനുഷ്യക്കുരുതിയോടുകൂടി ആരംഭിച്ച ഈ ഭരണം നമ്മുടെ രാജ്യത്ത് ചരിത്രം കണ്ടിട്ടില്ലാത്തത്ര ഭീകരവും ജനങ്ങളെ ഞെട്ടിപ്പിക്കുന്നതുമായ മർദ്ദനം നടത്തിക്കൊണ്ടാണു മുന്നോട്ടു പോകുന്നത്. അങ്ങനെ ഭരണം നടത്തിക്കൊണ്ടിരിക്കുന്ന ഈ ഗവൺമെൻറിന് പോലീസ് ഡിപ്പാർട്ടുമെൻറിൻെറ ധനാഭ്യർത്ഥനയുമായി വരാൻ തീർച്ചയായും കഴിയുമോ എന്നു ഞാൻ സംശയിക്കുകയാണ്. കാരണം ജനപ്രതിനിധികളായ ഞങ്ങൾക്കുപോലെ ഈ നിയമസഭയിൽ പങ്കെടുത്തുകൊണ്ട് ഈ ധനാഭ്യർത്ഥനകൾക്കുവേണ്ടി വോട്ടു ചെയ്യേണ്ടതിനോ ജീവിക്കാനോ വഴിയിറങ്ങി നടക്കാനോ സാധിക്കാത്ത ഒരു സ്ഥിതിവിശേഷം നമ്മുടെ രാജ്യത്ത് എന്നെങ്കിലും ഉണ്ടായിട്ടുണ്ടെങ്കിൽ അത് ഈ നവംബർ ഒന്നാം തീയതിക്കു ശേഷമാണ് എന്നുള്ള കാര്യത്തിൽ ആർക്കുംതന്നെ അഭിപ്രായ വ്യത്യാസമുണ്ടാകുമെന്നു തോന്നുന്നില്ല. എന്താണു സർ കേരളത്തിൽ ഇന്നു നടന്നുകൊണ്ടിരിക്കുന്നത്? ഞങ്ങളെത്തന്നെ ഈ അസംബ്ലിയിൽനിന്നും സസ്പെൻറു ചെയ്യുകയുണ്ടായി. എന്തിനു വേണ്ടിയായിരുന്നു സർ ഞങ്ങളെ സസ്പെൻറു ചെയ്തത്? കാരണം മറെറാന്നുമല്ല. ഈ തിരുവനന്തപുരം പട്ടണത്തിൻെറ മധ്യഭാഗത്തുവച്ച് ആയിരക്കണക്കിനു ജനങ്ങൾ നോക്കിനിൽക്കേ ഓവർ ബ്രിഡ്ജിനു സമീപം ഞാനുൾപ്പെടെ പല എം. എൽ. എ. മാരും പങ്കെടുത്തിരുന്ന ഒരു പ്രകടനത്തെ യാതൊരുവിധ അലങ്കോലമോ യാതൊരു വിധ കോപ്രായമോ യാതൊരുവിധ പ്രകോപനമോ ഉണ്ടാകാതെ പോലീസ് വാനിൽനിന്നും ചാടിയിറങ്ങിക്കൊണ്ട് നൂറുകണക്കിനു ആളുകളെ തലതല്ലി പൊളിക്കുകയും കൈകാലുകൾ ഒടിക്കുകയും ചെയ്തു. ആ തല്ലിൻെറ ഫലമായി ഒടിഞ്ഞ ലാത്തിക്കഷണവുമായി വന്ന് അക്കാര്യത്തെപ്പററി സംസരിക്കാൻ അവസരം തരണമെന്ന് ആവശ്യപ്പെട്ടപ്പോൾ അതൊന്നും ശരിയല്ലെന്നും ഷട്ടർ വലിച്ചിട്ടപ്പോൾ ആളുകൾ ലാത്തിയടിയാണെന്നു ധരിച്ചതിൻെറ ഫലമായി

LIBRARY ARCHIVES Kerala Legislative Assembly

സംഭവിച്ചതാണെന്നും ബഹുമാനപ്പെട്ട ആഭ്യന്തരമന്ത്രി ഈ സഭയിൽനിന്നുകൊണ്ടു പ്രഖ്യാപിച്ചപ്പോൾ ഈ സഭയുടെ അന്തസ്സിനെയും ഈ സഭയുടെ അഭിമാനത്തേയും കളങ്കപ്പെടുത്തുകയല്ലേ ചെയ്തിട്ടുള്ളത്? അതു തീർച്ചയായും ഈ രാജ്യത്തു നടന്നുകൊണ്ടിരിക്കുന്ന പോലീസ് മർദ്ദനത്തിനും ആക്രമണങ്ങൾക്കും ഒരു പ്രേരണനൽകുകയാണ് മന്ത്രിമാർ ചെയ്തുകൊണ്ടിരിക്കുന്നത്. അതിന്റെ ഫലമായിട്ടാണ് പോലീസ് ഇത്രയധികം ഭീകരമായ പ്രവർത്തനങ്ങൾ നടത്തുന്നത്.

ശ്രീ. കെ. ജി. നീലകണ്ഠൻനമ്പൂതിരിപ്പാട്: ബഹുമാനപ്പെട്ട ജനപ്രതിനിധികൾ പോലീസിനെ മർദ്ദിക്കുന്നതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായമെന്താണ്?

ശ്രീ. ടി. എം. മീതിയൻ: ബഹുമാനപ്പെട്ട തിരുമേനി! അങ്ങനെ മർദ്ദിച്ചിട്ടുണ്ടാകും. ഞങ്ങളാരും മർദ്ദിച്ചില്ല. അതിനെ സംബന്ധിച്ചു ഞാൻ പിന്നീട് പറയാം. ഇത്രയധികം ഭീകരവും ഭയാനകവുമായ മർദ്ദനങ്ങളെ ന്യായീകരിക്കാൻവേണ്ടി മന്ത്രിമാർ ഈ അസംബ്ലിതലം ഉപയോഗപ്പെടുത്തുകയെന്നു പറഞ്ഞാൽ അതു തീർച്ചയായും ഈ രാജ്യത്തെ ജനങ്ങളോടു ചെയ്യുന്ന ഏററവും വലിയ അപമാനമായിരിക്കും. തീർച്ചയായും അത് അസംബ്ലിയുടെ ബഹുമാനത്തിനു കളങ്കം വരുത്തുന്നതല്ലേ? ഇതല്ലേ ഞങ്ങളെ സസ്പെൻറു ചെയ്യുന്ന സ്ഥിതിയിലേക്ക് എത്തിച്ചത്! ഇതുപോലെയുള്ള പോലീസ് മർദ്ദനങ്ങളെസംബന്ധിച്ച് എത്രയെത്ര ഞെട്ടിപ്പിക്കുന്ന കഥകളാണു കേരളത്തിന്റെ അങ്ങേയററം മുതൽ ഇങ്ങേയററം വരെ നടന്നുകൊണ്ടിരിക്കുന്നത്? കഴിഞ്ഞ 13—ാം തീയതി എനിക്കുണ്ടായ അനുഭവം എന്താണു സർ? അതു നിങ്ങളൊന്നാലോചിക്കണം. ഇവിടെ ഭരണം നടത്തിക്കൊണ്ടിരിക്കുന്ന മന്ത്രിമാർ അക്കാര്യത്തെപ്പററി ഗൗരവമായി ചിന്തിക്കണം. പോലീസ് മർദ്ദനം നടത്തിയിട്ടില്ലെന്നു പറയുകയും മറുവശത്ത് പോലീസ് മർദ്ദനത്തിന് ഉപദേശം നൽകുകയുമാണ് നമ്മുടെ മന്ത്രിമാർ ചെയ്തുകൊണ്ടിരിക്കുന്നത്. കഴിഞ്ഞമാസം റവന്യൂമന്ത്രി കെ. ടി. ജേക്കബ് മൈക്കിൽക്കൂടി ആഹ്വാനം നൽകിക്കൊണ്ടാണു പോലീസ് മർദ്ദനം നടത്തിച്ചത്. ഒരു കാട്ടാള ഭരണത്തിനല്ലാതെ ഒരു ജനാധിപത്യ ഭരണയുഗത്തിൽ ഇതുപോലെയുള്ള സംഭവങ്ങൾ നടക്കുമെന്നു വിചാരിക്കാൻ കഴിയുകയില്ല. കൂത്താട്ടുകുളം പട്ടണത്തിൽ നടന്ന സമാധാനപരമായ പ്രകടനത്തിനെതിരെ 'ജാഥയെ കടത്തി വിടരുത്, ബലംപ്രയോഗിച്ച് പിരിച്ചുവിടുക' എന്നു മന്ത്രി മൈക്കിൽകൂടി പ്രഖ്യാപിച്ചുകൊണ്ടാണ് നൂറു കണക്കിനാളുകളെ തല്ലുകയും സ്ത്രീകളെയും കുഞ്ഞുങ്ങളെയും വാരിയെല്ലും തലയും തല്ലിപ്പൊളിച്ച് ആശുപത്രിയിലാക്കുകയും ചെയ്തിട്ടുള്ളത്. ഇതെന്തു ഭീകര ഭരണമാണ്? ഈ ഭീകര ഭരണം നടത്താൻ വേണ്ടിയാണോ ഈ ധനാഭ്യർത്ഥനയുമായി ബഹുമാനപ്പെട്ട മന്ത്രിമാർ വന്നിട്ടുള്ളതെന്ന് അറിയേണ്ടതാണ്. കഴിഞ്ഞ 13—ാം തീയതി എന്തുണ്ടായി? എനിക്കു നേരിട്ടനുഭവമുള്ളതാണ്. ബഹുമാനപ്പെട്ട നമ്പൂതിരിപ്പാടു ചോദിക്കുകയുണ്ടായി, പോലീസുകാരെ ആക്രമിക്കാൻ എം. എൽ. എ. മാർക്ക് അവകാശമുണ്ടോ എന്ന്. ബഹുമാനപ്പെട്ട നമ്പൂതിരിപ്പാടും ആ ഭാഗത്തിരിക്കുന്ന മററു മന്ത്രിമാരും എന്റെ ചോദ്യത്തിനുത്തരം പറയണം. എന്നെപ്പോലെയുള്ള എം. എൽ. എ. മാരെ മർദ്ദിച്ചതു ശരിയായ കാരണത്തിന്റെ അടിസ്ഥാനത്തിലാണോ, ഞങ്ങൾ അക്രമപ്രവർത്തനം നടത്തിയെന്നു തെളിയിക്കാൻ നിങ്ങൾ തയ്യാറുണ്ടോ എന്നു ഞാൻ വെല്ലുവിളിക്കുകയാണ്. തീർച്ചയായും സമാധാനമായി പതിമൂന്നാം തീയതി പത്തുപേർമാത്രമുള്ള ഒരു ബാച്ച് ട്രാൻസ്പോർട്ടാഫീസിനുമുൻപിൽ പിക്കററു ചെയ്യാൻ വന്നു,

LIBRARY ARCHIVES Kerala Legislative Assembly

അങ്ങനെ സമാധാനപരമായി പിക്കററു ചെയ്യാൻവന്ന ഞങ്ങളുടെ രണ്ടുകൈയിലും പിടിച്ചു വലിച്ചിഴച്ച് കൊണ്ടുപോകുകയും പിറകിൽനിന്നു പോലീസുകാർ ലാത്തികൊണ്ട് അടിക്കുകയും കുത്തുകയും ചെയ്തിട്ടുള്ളതിന്റെ വേദന ഇന്നും എനിക്കുണ്ടു സർ. ആ വേദന അനുഭവിച്ചുകൊണ്ടാണ് ഇന്നു ഞാൻ ഇവിടെ നിന്നു സംസാരിക്കുന്നത്. എത്രയോ ആളുകളാണ് അടികൊണ്ട് തല പൊട്ടി ആശുപത്രിയിൽ കിടക്കുന്നത്. അടികൊണ്ട പലരേയും ആശുപത്രിയിലെത്തിക്കാൻ ആവശ്യപ്പെട്ടിട്ട് അതുപോലും ചെയ്തിട്ടില്ല. സഖാവു മണി ബോധമില്ലാതെ കിടക്കുന്നു, സഖാവു മാത്തൻ ബോധമില്ലാതെ കിടക്കുന്നു, സഖാവ് മുഹമ്മദ് ബോധമില്ലാതെ കിടക്കുന്നു. എട്ടുപത്തുസഖാക്കൾ ബോധമില്ലാതെ കിടക്കുമ്പോൾ അവർക്കു വെള്ളം പോലും കൊടുക്കാതെ നാലു മണിക്കൂറോളം ലോക്കപ്പിൽ വച്ചുകൊണ്ടിരുന്നതിനുശേഷമാണ് ആശുപത്രിയിലെത്തിച്ചിട്ടുള്ളത്. ഇതു ഭീകരമായ ഭരണമല്ലേ? തീർച്ചയായും ഇത്തരമൊരു ഭീകരഭരണം സി. പി. യുടെ കാലത്തു പോലും ഉണ്ടായിട്ടില്ല. ശ്രീ. ടി. കെ. നാരായണപിള്ളയുടെ കാലത്തു പോലും നടക്കാത്തത്ര ക്രൂരവും ഭീകരവും ആയ മർദ്ദനങ്ങളാണ് ഇന്നു നടന്നുകൊണ്ടിരിക്കുന്നത്. സമാധാനമായി പിക്കററു ചെയ്യുന്നവരെ വലിച്ചിഴച്ചു ലാത്തികൊണ്ടടിച്ച് കൈബന്ധിച്ച് നടുറോഡിൽ ഇട്ടു പരസ്യമായി തല്ലിക്കൊണ്ടാണ് കൊണ്ടുപോയിട്ടുള്ളത്. ഇതിനെപ്പററി ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുമ്പോൾ പറയുമായിരിക്കും അന്വേഷണം ഏർപ്പാടു ചെയ്തിട്ടുണ്ടെന്ന്. വെറും ഒരന്വേഷണം കൊണ്ടു മതിയാകുമോ എന്നാണ് എനിക്കു ചോദിക്കുവാനുള്ളത്.

ഗതാഗതവും ആരോഗ്യവും മന്ത്രി (ശ്രീ. കെ. എം. ജോർജ്ജ്): ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിക്കുന്ന മൂവാററുപുഴ സംഭവത്തിൽ ട്രാൻസ്പോർട്ട് ബസ് സ്റേറഷന്റെ മുൻപിൽവച്ച് പിക്കററുചെയ്തവരിൽ ഒരാളുടെ കൂടെയുണ്ടായിരുന്ന ആളുകൾ പോലീസുകാരെ അടിക്കുകയും ഇടിക്കുകയും ചെയ്തില്ലേ?

ശ്രീ. ടി. എം. മീതിയൻ: ഇല്ല സർ. തീർച്ചയായും ഇതു പച്ചക്കള്ളം പറയുകയാണ്. അങ്ങനെ ചെയ്തിരുന്നുവെങ്കിൽ ഇതിനെപ്പററി അന്വേഷിക്കാൻ വേണ്ടി അവിടെയുള്ള എല്ലാ ജനപ്രതിനിധി സംഘടനകളും പൊതുജനസംഘടനകളും പ്രമേയങ്ങൾ അവതരിപ്പിച്ചുകൊണ്ട് അന്വേഷണം ആവശ്യപ്പെടുകയില്ലായിരുന്നു.

ഡെ: സ്പീക്കർ: പച്ചക്കള്ളം എന്നുള്ളതു പാർലമെൻററി അല്ല.

ശ്രീ. കെ. കെ. അബു: അവിടെ ഒരു കേരളാകോൺഗ്രസ്സുകാരനും തല്ലു കൊണ്ടതായി അറിയാമോ?

ശ്രീ. ടി. എം. മീതിയൻ: അറിയാം. വൈദികൻമാർക്കും നഗരസഭാ നേതാക്കൻമാർക്കും പഞ്ചായത്തുപ്രസിഡന്റു ഉൾപ്പെടെയുള്ള ആളുകൾക്കും ഊണുകഴിഞ്ഞിട്ടു ഹോട്ടലിൽനിന്നും ഇറങ്ങിവന്ന നൂറുകണക്കിനാളുകൾക്കും അടികൊണ്ടതിന്റെ ഫലമായി പലരും ആശുപത്രിയിലായി സർ.

ശ്രീ. കെ. എം. ജോർജ്ജ്: സർക്കിൾ ഇൻസ്പെക്ടറും എസ്. ഐ. യും അടിക്കരുത്, അടിക്കരുത് എന്നു പറഞ്ഞ് പുറകേ ഓടി നടന്നിട്ടും ഒരു ഹെഡ്കോൺസ്ററബിളും നാലു പോലീസുകാരും ചായക്കടയിൽ ഇരുന്നവരെ കയറി തല്ലി കുഴപ്പം ഉണ്ടാക്കുകയല്ലേ ചെയ്തിട്ടുള്ളത്?

പ്രതിപക്ഷമെമ്പർമാർ: അതുതന്നെയാണ് ഞങ്ങളും പറയുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. മീതിയൻ: അങ്ങനെ ഒരു ഹെഡ്കോൺസ്റ്റബിളും രണ്ടുമൂന്നു പോലീസുകാരും കൂടി ഭീകരമായ മർദ്ദനം നടത്തിയിട്ട് ആ പോലീസുകാരെ സസ്പെൻറു ചെയ്തുകൊണ്ടു ഒരു അന്വേഷണം ഏർപ്പെടു ത്താൻ എന്തുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി തയ്യാറായില്ല. സത്യസന്ധ മായി ഇക്കാര്യം ബഹുമാനപ്പെട്ട മന്ത്രി അന്വേഷിക്കുമായിരുന്നെങ്കിൽ ഹോട്ട ലിൽ കാപ്പികുടിച്ചുകൊണ്ടിരുന്നവരെയും മററും തല്ലിച്ചതച്ച പോലീസ് ഉദ്യോഗസ്ഥൻമാരുടെ പേരിൽ സസ്പെൻഷൻ നടപടികളെടുത്തുകൊണ്ട് ഒരന്വേഷണം ഏർപ്പെടുത്തുമായിരുന്നു. അന്വേഷണമെന്ന പ്രഹസനം നട ത്തിക്കൊണ്ട് ഈ രാജ്യത്തു സമാധാനപരമായി നടത്തിക്കൊണ്ടിരിക്കുന്ന സമര ങ്ങളെയും അതുപോലെതന്നെ സമാധാനപരമായി നടത്തിക്കൊണ്ടിരിക്കുന്ന സത്യാഗ്രഹങ്ങളേയും അടിച്ചമർത്തി ഇവിടെ ഭരണം നടത്താമെന്നുള്ള വ്യാമോഹ മാണ് ഈ ഭരണകൂടത്തിനുള്ളത്. ഇതു തീർച്ചയായും വേദനാജനക മാണ്. ഇതുപോലെയുള്ള മർദ്ദനങ്ങൾ എന്നെ സംബന്ധിച്ചു മാത്ര മുള്ളതല്ല. എം. എൽ. ഏ. മാരായ സഖാക്കൾ ഏ. എസ്. പുരുഷോത്തമൻ, നമ്പീശൻ തുടങ്ങിയുള്ള ആളുകളുടെയും അനുഭവം എന്താണെന്നു നമുക്കറിയാം. ഇതിനു മുൻപ് ദക്ഷിണാമൂർത്തിക്കും മററും ഉണ്ടായ അനുഭവം എന്താ ണെന്ന് ഈ അസംബ്ലിയിൽ പ്രകടിപ്പിച്ചിട്ടും അതിനെപ്പററി എന്തെങ്കിലും നടപടിയെടുക്കാൻ തയ്യാറാകാത്ത, ഒരു ചെറുവിരൽപോലും അനക്കാൻ തയ്യാ റാകാത്ത ഈ ഗവൺമെൻറിന് അസംബ്ലിയിൽ നിന്നുകൊണ്ട് ധനാഭ്യർ ത്ഥനയുമായി പാസ്സാക്കിത്തരണമെന്നാവശ്യപ്പെടാൻ നിങ്ങൾക്കു തൊലി ക്കട്ടിയുണ്ടോ എന്നു ഞാൻ ചോദിക്കുകയാണ്.

ഈ അന്വേഷണങ്ങളെസംബന്ധിച്ചിടത്തോളം സത്യസന്ധമായ അന്വേ ഷണം നടത്താൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ കുററക്കാരായ പോലീസ് ഉദ്യോ ഗസ്ഥൻമാരെ സസ്പെൻറു ചെയ്തുകൊണ്ട് അന്വേഷണം നടത്താൻ വേണ്ട നടപടികൾ നിങ്ങൾ സ്വീകരിക്കേണ്ടതായിരുന്നു. ഇനിയെങ്കിലും അടിയന്തിര മായി ആ നടപടി സ്വീകരിക്കുമെന്നാണ് എന്റെ വിശ്വാസം.

ശ്രീ. സി. എസ്. നീലകണ്ഠൻനായർ: ബഹുമാനപ്പെട്ട ഇ. എം. എസ്. ഇവിടെ ആഭ്യന്തരമന്ത്രിയായിരുന്ന കാലത്തു തിരുവനന്തപുരം സിററി കോർപ്പറേഷൻ കൗൺസിലറെ യാതൊരു പ്രകോപനവും കൂടാതെ ഒരു സബ് ഇൻസ്പെക്ടർ പബ്ലിക്ക് നിരത്തിൽവച്ച് മർദ്ദിച്ചതിനെസംബന്ധിച്ച് പരാതിപ്പെട്ട അവസരത്തിൽ ഒരു പോലീസ് ഉദ്യോഗസ്ഥനെക്കൊണ്ടുമാത്രം അന്വേഷണം നടത്തിയാൽ മതിയെന്നു പറയുകയും സസ്പെൻഷൻ പോയിട്ട് ട്രാൻസ്ഫർപോലും കൊടുക്കാൻ തയ്യാറാകാതിരിക്കുകയും ചെയ്തി ട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ വേറൊരു രീതിയിൽ നടപടി സ്വീകരിക്കണ മെന്നാണോ പറയുന്നത്?

ശ്രീ. ടി. എം. മീതിയൻ: ആ ഭരണംതന്നെയാണു നിങ്ങളും തുട രുന്നതെന്നാണോ ഞാൻ മനസ്സിലാക്കേണ്ടത്?

ശ്രീമതി കെ. ആർ. ഗൗരി: ശ്രീ. നീലകണ്ഠൻനായർ പറഞ്ഞതു ഞാൻ നിഷേധിക്കുന്നു.

ഇ. എം. എസ്. തെററുചെയ്തവരുടെ പേരിൽ നടപടിയെടുത്തിട്ടുണ്ട്. അതിൽ ഒരു വൈമുഖ്യവും കാണിച്ചിട്ടില്ല. ഒരുദ്യോഗസ്ഥൻ തെററു ചെയ്തിട്ടുണ്ടെങ്കിൽ അയാളുടെ മേൽ തക്കസമയത്തു കർശനമായ നടപടിയെ ടുത്തിട്ടുണ്ട്. പോലീസ് എന്നു പറയുന്നതു തീർച്ചയായും ഇ. എം. എസ്.

LIBRARY ARCHIVES Kerala Legislative Assembly

ഭരിച്ച കാലത്തായിരുന്നാലും ശരി മററാരു ഭരിച്ചാലും ശരി പോലീസ് എന്നു പറയുന്നത് ഭീകര ഭരണം നടത്താൻ ചരിത്രം സൃഷ്ടിച്ചിട്ടുള്ള പോലീസ് ആണ്. അവർക്ക് കടിഞ്ഞാൺ ഇട്ടുകൊണ്ടു മാത്രമല്ലാതെ ഭരണം നടത്താൻ കഴിയുകയില്ല.

ശ്രീ. ജി. ഗോപിനാഥൻ പിള്ള: ഈ സപ്ലിമെൻററിഡിമാൻറിനെ ഞാൻ അനുകൂലിക്കുകയാണ്. ഇതു പറയുമ്പോഠം ഈ ഗവൺമെൻറ് മാതൃകാപരമായി പ്രവർത്തിക്കുന്നുണ്ടെന്ന് ഞാൻ കരുതുന്നില്ല. പക്ഷേ കഴിഞ്ഞ 31 മാസത്തെ ഇ.എം.എസിൻെറ ഭരണത്തിനുശേഷം ഒരു മൗലികമായ വ്യത്യാസം പോലീസിൻെറ സമീപനത്തിൽ വന്നിട്ടുണ്ട്. അത് ആരും സമ്മതിക്കുന്ന ഒരുകാര്യമാണ്. കഴിഞ്ഞ 31 മാസം പഴയ ഐക്യമുന്നണി ഗവൺമെൻറ് നിലവിലിരുന്നപ്പോഠം ധാരാളം പോലീസ് മർദ്ദനങ്ങഠം നടന്നിട്ടുണ്ട്. വെടിവയ്പുകഠം നടന്നിട്ടുണ്ട്. അതിനെപ്പററി അന്വേഷിക്കാൻപോലും ചങ്കുറപ്പ് ആ ഗവൺമെൻറിന് ഉണ്ടായിരുന്നില്ല. അതിലും ഞങ്ങഠം പങ്കാളികളായിരുന്നു. ഉള്ള വസ്തുത പറയാതിരിക്കാൻ നിവൃത്തിയില്ല. പക്ഷേ ഇന്നത്തെ ഗവൺമെൻറ് വന്നപ്പോഠം ഒരു വ്യത്യാസംവന്നത് പോലീസിനെ നിർവ്വീര്യമാക്കിക്കൊണ്ട് പാർട്ടിസഖാക്കളെക്കൊണ്ട് പ്രവർത്തിക്കുകയെന്നുള്ള നയം ഇല്ലെന്നുള്ളതാണ്. പോലീസിനെ കൈയും കെട്ടി നിറുത്തിക്കൊണ്ട് ഇടതുപക്ഷ കമ്മ്യൂണിസ്ററു പാർട്ടി നേതാക്കൻമാരെയും സഖാക്കളെയും കൊണ്ട് പോലീസിനെ മർദ്ദിപ്പിച്ചിരുന്നു. ഈയവസരത്തിൽ ചില വസ്തുതകഠം ഞാൻ അനുസ്മരിപ്പിക്കുകയാണ്. 31 മാസത്തെ ഭരണം ഉണ്ടായിരുന്ന കാലത്ത് കാർത്തികപ്പള്ളി താലൂക്കിൽ ഒരു സബ്ഇൻസ്പെക്ടറെ ഉപദ്രവിച്ചത് പാർട്ടി സഖാക്കളാണ്. അതുപോലെ തന്നെയാണ് കനകക്കുന്നിൽ നടന്നത്. പല സ്ഥലത്തും പോലീസുകാരെ സഖാക്കളെക്കൊണ്ട് മർദ്ദിപ്പിക്കുകയായിരുന്നു. പോലീസ് എന്തെങ്കിലും നടപടി സ്വീകരിച്ചാൽ എം. എൽ. എ. മാരും പഴയമന്ത്രിമാരും അവരെ ഭീഷണിപ്പെടുത്തുകയും ട്രാൻസ്ഫർ വയർലസ് മുഖേന നടത്തുകയും ചെയ്യുമായിരുന്നു. അത് ഈ ഗവൺമെൻറ് കൈക്കൊണ്ടിട്ടില്ല. എന്നു വച്ച് എം. എൽ.എ. മാരെ മർദ്ദിക്കണമെന്നോ കണ്ടമാനം മർദ്ദനങ്ങഠം നടത്തണമെന്നോ ഞാൻ പറയുന്നില്ല. ആരെ അടിച്ചാലും തെററാണ്. അതോടൊപ്പം നമുക്കൊരു കടപ്പാടുണ്ട്. ജഡ്ജിമാരായാലും, അഭിഭാഷകൻമാരായാലും, മന്ത്രിയായാലും, എം.എൽ.എ. ആയാലും ചില മര്യാദകഠം പാലിക്കണം. തോന്ന്യാസംകാണിച്ചാൽ പോലീസുകാർ കയ്യും കെട്ടി നിൽക്കണമെന്നും, ഇൻഡ്യൻ കമ്മ്യൂണിസ്ററ് പാർട്ടിയിലെയും ഐ.എസ്.പി.യിലെയും സഖാക്കഠം തിരിച്ചു മർദ്ദിക്കുമെന്നും പറഞ്ഞാൽ ആ പാരമ്പര്യം ഏറെറടുക്കാൻ ഞങ്ങഠം തയ്യാറില്ല. പോലീസുകാർ ശരിയായ രീതിയിൽ നീതിന്യായ പരിപാലനം നടത്തിയേ സാധിക്കുകയുള്ളു. ഈ അസംബ്ലിയിൽ ഉണ്ടായ സംഭവത്തെക്കുറിച്ച് ഞാനൊന്നും പറയുന്നില്ല.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: നീതിന്യായപരിപാലനത്തിനകത്ത് ലാക്കപ്പ് മർദ്ദനവും പോലീസ് മർദ്ദനവും ഏതു നിയമമനുസരിച്ചാണ് ഉഠംപ്പെടുന്നത്?

ശ്രീ. ജി. ഗോപിനാഥൻപിള്ള: എൻെറ ബഹുമാനപ്പെട്ട വാര്യരെ, നമ്മളെല്ലാം അഡ്വക്കേററ്സാണ്. നമുക്കറിയാമല്ലോ ഈ കഥകളെല്ലാം. 31 മാസത്തെ ഭരണത്തിനിടയിൽ കാണിച്ച വൃത്തികേടുകളൊന്നും ഇപ്പോഴത്തെ ഭരണകാലത്ത് നടക്കുന്നില്ല. എന്നുവച്ച് ഈ നാലുമാസത്തെ ഭരണം നല്ല ഭരണമാണെന്ന് ഞാൻ പറയുന്നില്ല. കരുതിക്കൂട്ടി ഇന്നയിന്നയാളുകഠം ചെയ്യുന്നതൊക്കെ കണ്ടോൺ ചെയ്യണമെന്നു പറഞ്ഞാൽ അതിന് ഈ ഗവൺമെൻറ് തയ്യാറില്ല. തീർച്ചയായും പോലീസ് ഊർജ്ജസ്വലമായി പ്രവർത്തിക്കണം. നീതിന്യായ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

പരമായി പ്രവർത്തിക്കണം. തീർച്ചയായും പാർട്ടികൾ തമ്മിൽ എന്തെല്ലാം മത്സരമുണ്ടായാലും ശരി, ഏതു പാർട്ടികൾ തമ്മിലുള്ള മത്സരമായാലും ശരി നീതിന്യായം ശരിയായി ലഭിക്കണം. എന്നാൽ അതേ സമയം കണ്ടമാനമുള്ള പോലീസ് മർദ്ദനം ഉണ്ടാകരുത്. അതുപോലെതന്നെ ലാക്കപ്പ് മർദ്ദനം ഉണ്ടാകാതിരിക്കാനും ഈ ഗവൺമെന്റ് ശ്രദ്ധിച്ചേ മതിയാകൂ. അതോടൊപ്പം നമ്മുടെ നാട്ടിലുള്ള ആളുകളെല്ലാം, ഏതു പാർട്ടിയിൽപ്പെട്ട ആളുകളായാലും, രാജ്യത്ത് നല്ല ഭരണം നടക്കണമെന്നും, ആരു ഭരിച്ചാലും നന്നായിരിക്കണമെന്നും അതിനുവേണ്ട പ്രോൽസാഹനം നൽകണമെന്നുമുള്ള അഭിപ്രായത്തിൽ എത്തിച്ചേരുന്നത് നല്ലതാണ്. നമ്മുടെ പോലീസുകാരെക്കുറിച്ച് പറയുകയാണെങ്കിൽ അവരെ രണ്ടുമൂന്നുകൊല്ലം കൊണ്ട് നന്നാക്കിയെടുക്കാമെന്ന് ആരും ധരിക്കരുത്. ഈ കാലഘട്ടത്തിൽ, ശ്രീമതി ഗൗരിക്കറിയാം, പുന്നപ്ര വയലാറിലെ മർദ്ദനങ്ങളെക്കുറിച്ച്, അതൊക്കെ നടത്തിയ ഉദ്യോഗസ്ഥന്മാർ ഇന്നുമുണ്ട്. അതെല്ലാം ഒരു സുപ്രഭാതത്തിൽ വിസ്മരിച്ചിട്ട് എല്ലാവരെയും കാപ്പിയും ചായയും വാങ്ങിച്ചുകൊടുത്ത് നന്നാക്കിയെടുക്കാമെന്ന് ശ്രീമതി ഗൗരിപോലും വിചാരിക്കുമെന്ന് എനിക്ക് തോന്നുന്നില്ല. മർദ്ദനം ആകുന്നതും ഒഴിവാക്കണം. നീതിന്യായ പരിപാലനത്തിന് പോലീസ് അങ്ങേയററം സഹായിക്കണം. അതിന് പരസ്പരം സഹായിക്കണം. അതോടൊപ്പം നമ്മുടെ പോലീസ് സേനയിലെ ചില ആളുകൾ ഇന്നും 31 മാസത്തെ ഭരണം തുടർന്നുപോകുകയാണെന്നുള്ള രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. അത് ബഹുമാനപ്പെട്ട ആഭ്യന്തര മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. പണ്ട്, ശ്രീമാൻ സി.എസ്. നീലകണ്ഠൻ നായർ പറഞ്ഞതുപോലെ ഇവിടെ ഒരു സംഭവമുണ്ടായപ്പോൾ അതേക്കുറിച്ചന്വേഷിക്കാൻ വേണ്ടി ഒരു അടിയന്തിരപ്രമേയം കൊണ്ടുവന്നപ്പോൾ ആ ഉദ്യോഗസ്ഥനെ ഇ.എം.എസ്. സ്ഥലം മാററി, ചാലയിൽ നിന്ന് പേട്ടയിലേക്ക്. അയാളുടെ ഭാര്യവീട് അവിടെയാണ്. ചാലയിൽ നിന്ന് പേട്ടയിലേക്കാണ് ആ ഉദ്യോഗസ്ഥനെ സ്ഥലം മാററിയത്. അതേ സമയത്ത് അടുത്തകാലത്ത് ഞാൻ കാണുകയുണ്ടായി, നമ്മുടെ ആഭ്യന്തര മന്ത്രിയുടെ മുൻപിൽ ഒരു അഡ്വക്കേററ് ഇൻസ്പെക്ടർ തന്നെ മർദ്ദിച്ചതായി പരാതികൊടുത്തത്. അങ്ങനെയുള്ള സംഭവങ്ങൾ ഏതു ഗവൺമെന്റിന്റെ കാലത്തും ആവർത്തിക്കരുതെന്നും, ഇരുകൂട്ടരും, പ്രതിപക്ഷവും ഭരണകക്ഷിയുമെല്ലാം ഒരു നല്ല ഭരണം ജനസാമാന്യത്തിന്റെ നന്മയ്ക്കുവേണ്ടി നടപ്പിൽ വരുത്തുന്നതിന് അങ്ങേയററം സഹകരിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

അതോടൊപ്പം എനിക്ക് വിദ്യാഭ്യാസത്തെക്കുറിച്ച് രണ്ടുവാക്ക് പറയാനുണ്ട്. വിദ്യാഭ്യാസരംഗത്ത് പല പരീക്ഷണങ്ങളും ഈ സ്റേററിൽ നടന്നിട്ടുണ്ട്. മുണ്ടശേരിയുടെ ഭരണ പരിഷ്ക്കാരം കൊണ്ട് പിള്ളേർക്ക് ഒരു കൊല്ലം നഷ്ടപ്പെട്ടു. സ്പെഷ്യൽ ബി.എസിസി. പരിഷ്ക്കാരം ഏർപ്പെടുത്തി. എന്തിനാണ് ഈ ഏർപ്പാട്? വിദ്യാഭ്യാസ പരിഷ്ക്കാരത്തെ സംബന്ധിച്ചിടത്തോളം ആൾ ഇൻഡ്യാ പാറേറണിലുള്ള ഒരു രീതി സ്വീകരിച്ചുകൊണ്ട് പിള്ളരെ സമരത്തിന് തള്ളിവിടാത്ത രീതിയിലുള്ള ഒരു നിലപാട് സ്വീകരിക്കണം. ചതുർവർഷ എൻജിനീയറിംഗ് കോഴ്സ് എന്നൊരു പരിഷ്ക്കാരം ഇവിടെ വരുത്തുകയുണ്ടായി. അത് നാലു വർഷത്തെ കോഴ്സാണ്. ഇൻഡ്യാ ഗവൺമെന്റ് ആ കോഴ്സ് അംഗീകരിക്കാത്തതുകൊണ്ട് വിദ്യാർത്ഥികൾ അതിനെതിരായി സമരം ചെയ്തു. അവസാനം അഞ്ചുകൊല്ലത്തെ കോഴ്സാക്കാനുള്ള തീരുമാനം നമ്മുടെ ഗവൺമെന്റ് എടുത്തു. വിദ്യാർത്ഥികളെ വിദ്യാഭ്യാസ പരീക്ഷണത്തിനുള്ള കരുക്കളാക്കാതെ ഏററവും അന്തസായി ആൾ ഇൻഡ്യാ മാതൃകയിലുള്ള വിദ്യാഭ്യാസ സംപ്രദായം നമ്മുടെ സ്റേററിലും പ്രോൽസാഹിപ്പിക്കേണ്ടത് ആവശ്യമാണ്. അസ്വസ്ഥരായ ഒരു വിദ്യാർത്ഥി വിഭാഗം അതുപോലെ അദ്ധ്യാപക വിഭാഗവും നമ്മുടെ രാജ്യത്തിന് ക്ഷേമകരമായിട്ടുള്ളതല്ല.

ഈ സപ്ലിമെൻററി ഡിമാൻറിൽ പല ആവശ്യങ്ങളും കാണിച്ചിരിക്കുന്നത് റിവിഷൻ ഓഫ് പേയ്ക്കും, കൂടുതൽ അലവൻസിനും, മററുപകരണങ്ങൾ വാങ്ങുന്നതിനും വേണ്ടിയാണ്. സബ് രജിസ്ററർ കച്ചേരികൾ പണിയിച്ചതിന് ലാൻറ് അക്വിസിഷൻ നടത്തിയ വകയിൽ കൊടുക്കുന്നതിനുള്ള തുകയും ഇതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. അതൊക്കെ ആവശ്യമാണ്. അതോടൊപ്പം നമ്മുടെ ആഫീസുകളിൽ കയറിച്ചെന്നാൽ ഉദ്യോഗസ്ഥൻമാർക്കായാലും, കയറിച്ചെല്ലുന്നവർക്കായാലും ഇരിക്കുന്നതിന് ഉപകരണങ്ങളില്ലെന്നുള്ളത് ഒരു വസ്തുതയാണ്. പോലീസ് സ്റേറഷനിൽ ചെന്നാൽ ചന്തുമേനോൻെറ ഭാഷയിലുള്ള മൂന്നുകാലുള്ള കസേരകളും, രണ്ടുകാലുള്ള മേശകളും കാണാം. ആ രീതിയിലുള്ള ഉപകരണം ഒരാഫീസിലും ഭൂഷണമല്ല.

അതുപോലെതന്നെ സ്കൂൾ കെട്ടിടങ്ങൾ അടുത്തകാലത്തായി പുതുക്കിപ്പണിതുകൊണ്ടിരിക്കുകയാണ്. സ്കൂൾ അവധിക്കാലത്തെ സംബന്ധിച്ച് ശ്രീ. ജോസഫ് ചാഴിക്കാട് പറഞ്ഞുകഴിഞ്ഞു, അത് ഒരു പരീക്ഷണ സ്റേറജിലാണിരിക്കുന്നത്. ഈ ആണ്ടിൽ അത് പരാജയമാണെങ്കിൽ അടുത്ത യാണ്ടിൽ പുനഃപരിശോധന ചെയ്യാം. വർഷകാലത്ത് ഷെഡ്ഡുകൾ ഇടിഞ്ഞുവീണ് പിള്ളർ മരിക്കുന്നതിനെക്കാൾ ഭേദം കുറച്ച് ഉഷ്ണം സഹിച്ചാണെങ്കിലും ഈ സംപ്രദായമാണ്. അതൊക്കെ അനുഭവംകൊണ്ട് മനസ്സിലാകും.

അതോടൊപ്പം മററ് ചില കാര്യങ്ങളെക്കുറിച്ചുകൂടി ഒന്നുരണ്ടുവാക്കുപറയാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. നമ്മുടെ രാജ്യത്ത് സോഷ്യലിസ്ററ് വ്യവസ്ഥിതി വിഭാവനം ചെയ്യുകയാണ്. ശമ്പളവും അലവൻസും ഡി.എ. യുമെല്ലാം, എം. എൽ. എ. മാർക്ക് ഉൾപ്പെടെ കൂട്ടിക്കൊടുക്കുന്നുണ്ട്, ഇങ്ങനെ ശമ്പളവും അലവൻസും കൂട്ടിക്കൊണ്ട് പോകുന്നതല്ലാതെ സാധാരണക്കാർക്ക് അനുകൂലമായ യാതൊരു സാഹചര്യവും ഇതുവരെ ഇവിടെ ഉണ്ടായിട്ടില്ല. ഒരു മുന്നണിയായി ഭരിച്ചാലും , അതിൻെറ തുടർച്ചയായ മിനിമുന്നണി എന്നു പേരിട്ടിരിക്കുന്ന മുന്നണി ഭരണം നടത്തിയാലും ഉദ്യോഗസ്ഥൻമാർക്ക് ശമ്പളം കൂട്ടിക്കൊടുക്കുകയും, അലവൻസ് വർദ്ധിപ്പിക്കുകയും ചെയ്യുകയല്ലാതെ ഈ രാജ്യത്തിലെ സാമാന്യ ജനങ്ങൾക്ക് ഗുണകരമായി വല്ലതും പ്രവർത്തിച്ചിട്ടുണ്ടോ എന്ന് ചിന്തിക്കാൻ ഞാൻ ഈ അവസരത്തിൽ ആവശ്യപ്പെടുകയാണ്. മേലാലെങ്കിലും നമ്മൾ സാമാന്യജനങ്ങൾക്ക് ഉപകാരപ്രദമായ കാര്യങ്ങൾ ചെയ്യാൻ മുന്നോട്ടു വരികയും അതിനുവേണ്ടി തുകകൾ നീക്കിവെയ്ക്കുകയും ചെയ്തില്ലെങ്കിൽ സാമാന്യജനങ്ങൾക്ക് ഇന്നത്തെ ഈ ഗവൺമെൻറിനോടുള്ള സമീപനത്തിൽ മാററം വരുമെന്ന് ഞാൻ പറയുകയാണ്. ഒരു കാര്യം ഞാൻ എടുത്തുപറയാൻ ആഗ്രഹിക്കുകയാണ്. നമ്മുടെ ഗവൺമെൻറ് ഒരു പാർട്ടിയുടെ ഗവൺമെൻറാണെന്ന് കരുതാതെ നാമെല്ലാവരും അന്തസായി ഒരു കൂട്ടുകുടുംബമാണെന്ന് കരുതി മുന്നോട്ടു കൊണ്ടുപോകാൻ പ്രതിപക്ഷം കൂടി സഹകരിക്കുകയാണെങ്കിൽ അങ്ങേയററം നമ്മുടെ ജനങ്ങൾക്ക് ഉപകാരപ്രദമായിരിക്കും. മറിച്ചാണ് അനുഭവമെങ്കിൽ നാം ആരേയും കുററം പറഞ്ഞിട്ട് കാര്യമില്ല. കുറച്ചുകൂടി സൂക്ഷ്മമായി കാര്യങ്ങൾ കൈകാര്യം ചെയ്യണമെന്ന് മാത്രമേ ഈ തരുണത്തിൽ എനിക്ക് പറയാനുള്ളു. ഒന്നുകൂടി ഈ സപ്ലിമെൻററി ഡിമാൻഡിനെ അനുകൂലിച്ചുകൊണ്ട് ഞാൻ എൻെറ പ്രസംഗം അവസാനിപ്പിക്കുന്നു.

ശ്രീ. കെ. ചന്ദ്രശേഖര ശാസ്ത്രി: ഈ ഗ്രാൻറിനെ ഞാൻ അനുകൂലിക്കുന്നതോടൊപ്പം പോലീസിൻെറ മർദ്ദനങ്ങളെ സംബന്ധിച്ച് രണ്ടു വാക്കു പറയണമെന്ന് ആഗ്രഹിക്കുന്നു. സർ, പ്രതിപക്ഷ ഭാഗത്തുനിന്നും ഭരണകക്ഷി ഭാഗത്തുനിന്നും പോലീസു മർദ്ദനങ്ങളെപ്പററി സംസാരിക്കുകയുണ്ടായിട്ടുണ്ട്. സർ, സി. പി. രാമസ്വാമിഅയ്യർ തിരുവിതാംകൂർ ഭരിക്കുന്നകാലം മുതൽ അതിനുശേഷം പട്ടം താണുപിള്ള മുഖ്യമന്ത്രിയായി

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

വന്നിട്ടുള്ള എല്ലാക്കാലങ്ങളിലും, എല്ലാ മന്ത്രിസഭകളുടെ കാലങ്ങളിലും, വിശേഷിച്ച് ശ്രീ. ഈ. എം. ശങ്കരൻനമ്പൂതിരിപ്പാട് 1957–58–ൽ ഭരിക്കുന്ന കാലത്തും, ഇക്കഴിഞ്ഞ മുഖ്യമന്ത്രിപദം രാജിവച്ചൊഴിഞ്ഞ കാലത്തും, പോലീസ് മർദ്ദനങ്ങളെ സംബന്ധിച്ച് ഈ സഭാതലത്തിലും പുറത്തും വളരെ പ്രതിഷേധങ്ങളുണ്ടായിട്ടുണ്ട്. 1958–ൽ ചന്ദനത്തോപ്പിൽ നടന്ന, കശുഅണ്ടി ഫാക്ടറിയുടെ പടിക്കൽനടന്ന സമരത്തിൽ ഈ. എം. എസ്സിന്റെ പോലീസ് ഞാൻ ഉൾപ്പെടെ, അന്നു ഞാൻ എക്സ് എം. എൽ. ഏ. ആയിരുന്നു, മൂന്നു പ്രവർത്തകൻമാരെ ഗുരുതരമായി മർദ്ദിക്കുകയും അതിനുശേഷം വെടിവയ്ക്കുകയും ചെയ്തു. അതിൽ രണ്ടുപേർ മരിച്ചു. അതിനുശേഷം നമ്പൂതിരിപ്പാട് ഗവൺമെന്റ്, ഡാൽമിയാഗ്രൂപ്പ് കാഷ്യു ഫാക്ടറി പടിക്കൽ സമരം ചെയ്ത അവസരത്തിൽ ഞങ്ങളുടെ നേതാവായ സഖാവ് റ്റി. എം. പ്രഭയുടെ മൂക്കടിച്ച് പൊട്ടിച്ചു. ആ മർദ്ദനത്തെ പ്രതിഷേധിച്ച് എന്റെ പാർട്ടിയും പാർട്ടിയുടെ നേതാക്കൻമാരും ഗവൺമെന്റിനെ അറിയിച്ചു, അതേപ്പററി ഒരു അന്വേഷണം നടത്തണമെന്നും, ആ ഉദ്യോഗസ്ഥനെ സ്ഥലം മാററണമെന്നും. പക്ഷേ ഗവൺമെന്റ് ആ ഉദ്യോഗസ്ഥനെ സ്ഥലം മാററിയില്ല. അദ്ദേഹത്തെ കുറച്ചുനാൾ കഴിഞ്ഞ് ഒരു ട്രെയിനിംഗിന് അയയ്ക്കുകയാണ് ചെയ്തത്. അന്നും പോലീസ് മർദ്ദനത്തെപ്പററി പ്രതിഷേധം പ്രകടിപ്പിച്ചിട്ടുണ്ട്. അച്യുതമേനോൻ ഭരിക്കുന്ന ഈ അവസരത്തിലുണ്ടാകുന്ന പോലീസ് മർദ്ദനങ്ങളേയും ഞങ്ങൾ അനുകൂലിക്കുന്നില്ല. അതിൽ ഞങ്ങൾ പ്രതിഷേധിക്കുകയാണ്. നമ്മുടെ സംസ്ഥാനത്തു മാത്രമല്ല, കേന്ദ്രഭരണത്തിൽത്തന്നെയും, ഇതര സംസ്ഥാനങ്ങളിലും പോലീസ് മർദ്ദനമുണ്ടാകുന്നു, പോലീസ് മർദ്ദനത്തെ സംബന്ധിച്ച് പ്രതിഷേധമുണ്ടാകുന്നുണ്ട്. ഈ അവസരത്തിൽ എനിക്കു പ്രതിപക്ഷ പ്രവർത്തകൻമാരോടും ബഹുമാനപ്പെട്ട പ്രതിപക്ഷമെമ്പറൻമാരോടും ചോദിക്കാനുള്ളത്, ഇൻഡ്യയിലെ ഇതര സംസ്ഥാനങ്ങളാകമാനം നോക്കിയാൽ ഇതുപോലെ ശക്തമായ ഒരു പ്രതിപക്ഷത്തെ നേരിടുന്ന ഒരു ഗവൺമെന്റ് വേറെ ഏതെങ്കിലും സംസ്ഥാനത്ത് ഉണ്ടോ എന്നാണ്. പോലീസ് മർദ്ദനം അവസാനിപ്പിക്കണമെന്നു പറയുന്നതോടൊപ്പം തന്നെ പ്രതിപക്ഷ നേതാക്കൻമാരോട് ഞാൻ ആവശ്യപ്പെടുകയാണ്, നിങ്ങൾ തെരുവുയുദ്ധം നടത്തുകയില്ലെന്നു പ്രഖ്യാപിക്കുകയുംകൂടി വേണമെന്ന്. ആയുധമെടുത്ത് തെരുവുയുദ്ധം നടത്തി ലാത്തിയും തോക്കും ഉപയോഗിച്ചേ ഭരിക്കാൻ അനുവദിക്കുകയുള്ളു എന്നു പ്രഖ്യാപിച്ചുകൊണ്ട് അതിനുശേഷമുണ്ടാകുന്ന മർദ്ദനങ്ങളെപ്പററി ഈ സഭയിൽ നിന്നു പ്രതിഷേധാർഹമായി പറയുന്നതു ശരിയാണോ എന്നു എനിക്ക് സംശയമുണ്ട്. ഏതായാലും ശരി മർദ്ദനം ശരിയല്ല. പോലീസ് മർദ്ദനം ഇതേ രീതിയിൽ തുടരാതെ അവസാനിപ്പിക്കണമെന്നു ഈ ഗവൺമെന്റിനോട് അഭ്യർത്ഥിക്കുകയാണ്. പോലീസിനെ സംബന്ധിച്ച് എനിക്ക് ഇത്രയുമാണ് പറയാനുള്ളത്.

മറെറാരു കാര്യം എനിക്ക് പറയാനുള്ളത് പൊതുഭരണത്തെ സംബന്ധിച്ചാണ്. ഹരിജൻ വിഭാഗങ്ങളുടെ സർവ്വീസ് പ്രാതിനിദ്ധ്യത്തെ സംബന്ധിച്ച് ഡെപ്യൂട്ടിഡയറക്ടരുടെ തസ്തികയിൽ ഒരു ഉദ്യോഗസ്ഥനെ സെക്രട്ടറിയേററിൽ നിയമിച്ചു പരിശോധിക്കുന്നതിന് ഈ ഗവൺമെന്റ് ഒരു തീരുമാനമെടുത്തിട്ടുണ്ടായിരുന്നു. നമ്മുടെ സർവ്വീസിന്റെ ചരിത്രം പരിശോധിച്ചാൽ ആറുമാസത്തിനു മുൻപായി ഇങ്ങനെ ഏതെങ്കിലും ഒരു ഉദ്യോഗസ്ഥനെ നിയമിച്ചിട്ടുണ്ടോ എന്നു ചോദിക്കുകയാണ്. പത്രത്തിൽ വന്ന വാർത്ത ശരിയാണെങ്കിൽ ഗവൺമെന്റ് ഇങ്ങനെയൊരു ഉദ്യോഗസ്ഥനെ നിയമിക്കണമെന്നു തീരുമാനിച്ചിട്ടുള്ളതായി അറിയാം. പക്ഷേ ഹരിജൻവെൽഫെയർ ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥ ദുഷ്പ്രഭുത്വത്തിന്റെ ഒരു ഗൂഢമായ ആലോചനയുടെ അടിസ്ഥാനത്തിൽ അവിടെ കഴിഞ്ഞ ഗവൺമെന്റ്

സ്വജനപക്ഷപാതം കാണിച്ചുകൊണ്ട് ഒരാളെ അസിസ്റ്റൻറ് കമ്മീഷണറായി നിയമിച്ചു. ഒരു ജില്ലാവെൽഫയർ ആഫീസറെ അമിതമായ പ്രമോഷൻ നൽകി അവിടത്തെ അസിസ്റ്റൻറ് കമ്മീഷണറായി നിയമിച്ചു. അദ്ദേഹം ഈ സെല്ലിൻെറ സെക്രട്ടറിയാണെന്നാണു പറയുന്നത്. അതിനുശേഷം ഈ ഗവൺമെൻറ് ആ നടപടി ശരിയല്ലെന്നു കണ്ടതുകൊണ്ട് ചീഫ്സെക്രട്ടറിയുടെ കീഴിൽ ഒരു ഡെപ്യൂട്ടിസെക്രട്ടറിയുടെ തസ്തികയിൽ നിയമിക്കണമെന്നു പറഞ്ഞു. ആറുമാസംകഴിഞ്ഞു സെയ്താലിക്കുട്ടി റിട്ടയർ ചെയ്യുന്ന അവസരത്തിൽ വേറൊരു ഹരിജനെ നിയമിക്കണമെന്നാണ് പത്രത്തിൽ കണ്ടത്. അതു ശരിയാണെങ്കിൽ ഈ നടപടി ശരിയല്ലെന്നാണ് എനിക്ക് ഈ അവസരത്തിൽ പറയാനുള്ളത്.

ശ്രീ. ഓ. കോരൻ: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയല്ല. അദ്ദേഹത്തിനു പകരമായി ശ്രീ. കുമാരനെ നിയമിക്കുന്നതിനുള്ള തീരുമാനം ഗവൺമെൻറ് എടുത്തുകഴിഞ്ഞു.

ശ്രീ. കെ. ചന്ദ്രശേഖരശാസ്ത്രി: അങ്ങനെയാണെങ്കിൽ ഈ ഗവൺമെൻറിന് ആത്മാർത്ഥമായ അഭിനന്ദനം ഞാൻ രേഖപ്പെടുത്തുകയാണ്.

സർ, മറെറാരു കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെയും ഗവൺമെൻറിൻെറയും ശ്രദ്ധയിൽപ്പെടുത്താനുള്ളത് ഹരിജൻ വിദ്യാർത്ഥികളെസംബന്ധിക്കുന്ന കാര്യമാണ്. തൈക്കാട്ട് ഒരു ഹരിജൻ ഹോസ്റ്റലുണ്ട്.

ശ്രീ. എം. രാമുണ്ണി: ബഹുമാനപ്പെട്ട മെംബർ ഇത്ര ആവേശത്തോടുകൂടി പറയുന്നതെന്തിനാണ്? റിസർവ്വേഷനെപ്പററി പരിശോധിക്കാനുണ്ടായിരുന്ന സബ്കമ്മിററി നാലുമാസമായി വിളിച്ചുകൂട്ടാൻപോലും സാധിച്ചിട്ടില്ലെന്നുള്ളത് വസ്തുതയല്ലേ?

ശ്രീ. കെ. ചന്ദ്രശേഖരശാസ്ത്രി: ഒരു ഡെപ്യൂട്ടി സെക്രട്ടറിയെ നിയമിച്ചശേഷം ആ കമ്മിററി വിളിച്ചുകൂട്ടിയാൽമതിയാകുമെന്നാണ് എൻെറ അഭിപ്രായം. നേരത്തെ കമ്മിററി കൂടിയാൽ എന്തൊക്കെയാണു പറയേണ്ടത് എന്നുപോലും കമ്മിററിമെംബർമാർക്ക് നിശ്ചയമുണ്ടായിരിക്കുകയില്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്.

സർ, ഹരിജൻ ഹോസ്ററലിനെ സംബന്ധിച്ചു പറയുകയാണെങ്കിൽ രണ്ടുകെട്ടിടത്തിൽ താമസിച്ചിരുന്ന കുട്ടികളെ ഇപ്പോൾ ഒരു കെട്ടിടത്തിൽ താമസിപ്പിച്ചിരിക്കുകയാണ്. 67 വിദ്യാർത്ഥികളാണുള്ളത്. പ്രീഡിഗ്രി മുതൽ മെഡിക്കൽകോളേജ്, അഗ്രിക്കൾച്ചറൽകോളേജ്, ലാക്കോളേജ് മുതലായ കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളാണ് അവിടെയുള്ളത്. ഈ 67 കുട്ടികൾ 3 മുറിയുള്ള ഒരു കെട്ടിടത്തിലാണ് താമസിക്കുന്നത്. സർ, ഈ ദു:സ്ഥിതി ഒന്നു മാററണം. അതിനു പ്രധാനമായി പറയുന്ന കാരണം വാടകയ്ക്ക് കെട്ടിടം കിട്ടുന്നില്ല എന്നുള്ളതാണ്. ഹരിജൻ വെൽഫയർ ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥമേധാവികൾ ഇങ്ങനെ പ്രചരണം നടത്തുകയാണ്. അവസാനമായപ്പോൾ കുട്ടികളെയെല്ലാം പിരിച്ചുവിട്ടു. ഇതിൽ ഒരുകാര്യം എനിക്കു നിർദ്ദേശിക്കാനുണ്ട്. തിരുവനന്തപുരംപട്ടണത്തിൽ സർക്കാർ വക ഭൂമിയുണ്ട്. എവിടെയെങ്കിലും സൗകര്യപ്രദമായ സ്ഥലത്ത് 50 സെൻറു സ്ഥലം നോക്കി നിയമസഭാമന്ദിരത്തിൻെറ തെക്കുവശത്തു കാണുന്ന ഷെഡ്ഡുപോലെ 200 കുട്ടികൾക്ക് താമസിക്കാൻ സാധിക്കത്തക്ക നിലയിൽ ഒരു ടെമ്പററി ഷെഡ്ഡ് കെട്ടി അവർക്ക് ആധുനികങ്ങളായ സജ്ജീകരണങ്ങളോടുകൂടി പഠിക്കുന്നതിന് സൗകര്യം കൊടുക്കുകയാണെങ്കിൽ ഹരിജനങ്ങളെസംബന്ധിച്ചിടത്തോളം അവരുടെ വിദ്യാഭ്യാസപുരോഗതിക്ക

LIBRARY ARCHIVES Kerala Legislative Assembly

ഉതകുന്ന കാര്യമായിരിക്കും അത്. ഈ ഗവൺമെന്റ് അതു ചെയ്യുമെന്നു ഞാൻ പ്രത്യാശിക്കുകയാണ്.

മറ്റൊരു കാര്യം പറയാനുള്ളത് കൃഷിയെസംബന്ധിച്ചാണ്. സർ, നമ്മുടെ സംസ്ഥാനത്ത് ജനുവരി 1-ാം തീയതിമുതൽ ഭൂമിയെസംബന്ധിച്ച് ഒരു പരിവർത്തനം ഉണ്ടായിരിക്കുകയാണ്. ജന്മിത്വം അവസാനിപ്പിക്കുകയും കുടിയാനു കുടികിടപ്പവകാശം ലഭിക്കുകയും ഭൂമിയോട് മല്ലടിക്കുന്ന കൃഷിക്കാർക്ക് സ്വന്തമായി ഭൂമി ലഭിക്കുകയുംചെയ്യുന്ന ഈ കാലത്ത് സ്വന്തം ഭൂമിയിൽ കൃഷിചെയ്യാനുള്ള ഒരു ആവേശം എല്ലാഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ട്. മുൻകാലങ്ങളിൽ കാർഷികരംഗം വികസിപ്പിക്കുന്നതിനുവേണ്ടിയുള്ള തീവ്രയത്നപരിപാടിയിൽ ഇവിടത്തെ ഭക്ഷ്യോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ഭക്ഷ്യസാധനങ്ങളുടെ വിലയിൽ സാരമായ മാററം വരുത്തുന്നതിനും കഴിഞ്ഞിട്ടുണ്ടെങ്കിലും മററുള്ള സംസ്ഥാനങ്ങളിൽ ചെയ്യുന്നതുപോലെ ഇവിടത്തെ കർഷകന് ആവശ്യമായ ആനുകൂല്യങ്ങൾ അതാതു സമയത്തു കിട്ടുന്നില്ലെന്നുള്ള പരാതി ബ്ലോക്കു തലങ്ങളിലും ജില്ലാതലങ്ങളിൽത്തന്നെയും ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. പഞ്ചായത്തുമെംബർമാർമുഖേനയും പഞ്ചായത്തു പ്രസിഡൻറുമുഖേനയും ബ്ലോക്ക് ഓഫീസർമാർമുഖേനയും ഈ പരാതി ലഭിച്ചുകൊണ്ടിരിക്കുകയാണ്. അവർക്ക് തക്ക സമയത്ത് ജലസേചനത്തിനാവശ്യമായ പമ്പുസെററു ലഭിക്കുന്നില്ല. പമ്പുസെററ് വേണമെന്നാവശ്യപ്പെട്ടാൽ അതു കിട്ടുന്നതിനുവേണ്ടിയുള്ള ശ്രമങ്ങൾക്ക് ആ പമ്പുസെററു വാങ്ങിക്കുന്നതിൻെറ പകുതിവിലയെങ്കിലും ചെലവുചെയ്യേണ്ടിവരും. അതു കഴിഞ്ഞാൽത്തന്നെയും പമ്പുസെററു കിട്ടിക്കഴിയുമ്പോൾ ആ ആണ്ടത്തെ കൃഷിയുടെ കാലവും കഴിഞ്ഞിരിക്കും. സർ, മദ്രാസിലും മററും ഒരു കൃഷിക്കാരന് ആവശ്യമുള്ള പമ്പുസെററ് ആവപ്പെട്ടാൽ അതിൻെറ വില ഇന്നതാണെന്നു നിശ്ചയിച്ചുകഴിഞ്ഞാൽ അത് അവർക്ക് ഏററവും എളുപ്പം കിട്ടുന്നതിന് ആവശ്യമായ നടപടികളുണ്ട്. നമ്മുടെ ഭരണസംപ്രദായത്തിൽ പമ്പുസെററു കിട്ടുന്നതിനാവശ്യമുള്ള റിക്കാർഡുകളും രേഖകളും സബ്മിററ്ചെയ്യുന്നതിന് ഉള്ള കാലയളവു വളരെ ദീർഘമായതുകൊണ്ട് അതൊന്നു ലഘൂകരിപ്പിച്ചു പമ്പുസെററ് ആവശ്യപ്പെടുന്നവർക്ക് പമ്പുസെററു കൊടുക്കണം. അതിനെസംബന്ധിച്ച് പ്രധാനമായ ഒരുകാര്യം ഗവൺമെൻറിനോടപേക്ഷിക്കാനുണ്ട്. ഗവൺമെൻറുടമയിലുള്ള കുണ്ടറ ഇലക്ട്രിക്കൽ അലൈഡ് കമ്പനിയിൽ ഈ അടുത്തകാലത്ത് മോട്ടോർ ഉൽപ്പാദിപ്പിക്കുന്നുണ്ട്. എൻെറ അറിവു ശരിയാണെങ്കിൽ ഏററവും കുറഞ്ഞ മോട്ടോറിന് 1700 രൂപയേ വിലയുള്ളു. അങ്ങനെ അവിടെ ഉൽപ്പാദിപ്പിക്കുന്ന മോട്ടോർ ഗവൺമെൻറുതലത്തിൽ വാങ്ങിക്കുന്നില്ല. അതെല്ലാം പ്രൈവററ് പാർട്ടിക്കാണ് കൊടുക്കുന്നത്. ഗവൺമെൻറുടമയിലുള്ള കമ്പനി ഉൽപാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ ഗവൺമെൻറുതന്നെ വിലയ്ക്കെടുത്ത് ഗവൺമെൻറുതലത്തിൽ വിതരണം ചെയ്തുകഴിഞ്ഞാൽ ആ വ്യവസായശാല പുരോഗമിക്കുകയും അവിടത്തെ തൊഴിലാളികൾക്ക് പുറമേ കൂടുതൽ തൊഴിലാളികൾക്കു തൊഴിൽ കിട്ടുകയും ചെയ്യും. അക്കാര്യം പരിഗണിക്കണമെന്നാണ് എനിക്കു പറയാനുള്ളത്. അതുപോലെതന്നെ കൃഷിവികസനത്തിനാവശ്യമായിട്ടുള്ള മുൻഗവൺമെൻറുകൾ ആസൂത്രണം ചെയ്തിട്ടുള്ള ചില സ്കീമുകളുണ്ട്; മൈനർ ഇറിഗേഷൻ പദ്ധതികളുണ്ട്. കൊല്ലംജില്ലയെസംബന്ധിച്ചിടത്തോളം ആണെങ്കിൽ കല്ലട ഇറിഗേഷൻ പദ്ധതിയുള്ളതുകൊണ്ട് ചെറിയചെറിയ സ്കീമുകളൊന്നും തന്നെ അവിടെയുള്ള ഇഞ്ചിനിയർമാർ അത്രമാത്രം ഗൗരവത്തോടുകൂടി അതിനെ കാണുകയും അതു ചെയ്തുതീർക്കാനുള്ള ശ്രമങ്ങൾ നടത്തുകയും ചെയ്യുന്നില്ല. ഇതു പറയുമ്പോൾ എനിക്കു പ്രധാനമായി മറ്റൊരുകാര്യംകൂടി പറയാനുണ്ട്. എൻെറ പ്രദേശത്ത് പ്രത്യേകിച്ചും, കൊല്ലംജില്ലയിൽ പ്രധാനമായി കൊച്ചു

LIBRARY ARCHIVES Kerala Legislative Assembly

കൊച്ചു ഏലാകളിൽ കൃഷിവികസനത്തിനുവേണ്ടിയുള്ള ചില സ്കീമുകളുണ്ട്. ബഡ്ജററ് പരിശോധിച്ചിട്ട് ആ സ്കീമുകളെ സംബന്ധിച്ചൊന്നും കാണുന്നില്ല. ആ സ്കീമുകൾ നടപ്പിൽവരുത്തുകയാണെങ്കിൽ വളരെയേറെ ഏക്കർ—വലിയ പാടങ്ങളൊന്നുമല്ല, വലിയ പാടശേഖരങ്ങൾ എന്നുപറയാൻ നിവൃത്തിയില്ല—ചെറിയ ചെറിയ പാടങ്ങളിൽ ജലസേചനത്തിനാവശ്യമായ വെള്ളം അടുത്തുള്ള പുഴകളിൽനിന്നു പമ്പുചെയ്തെടുക്കാം. അങ്ങനെ പമ്പുചെയ്തെടുത്താൽ ഇരുപ്പൂനിലങ്ങൾ മുപ്പൂനിലങ്ങളാക്കുകയും പുഞ്ചപ്പാടങ്ങൾ ഇരുപ്പൂനിലങ്ങളാക്കുകയുംചെയ്യാം. അതുപോലെതന്നെ കരിച്ചാൽപുഞ്ച എന്ന ഒരു സ്കീമുണ്ട്. പെരുങ്കുളം ഏലാ എന്നു പറയുന്ന ഒരു സ്കീമുണ്ട്. ഇങ്ങനെനോക്കിയാൽ കാർഷികവികസനത്തിനാവശ്യമായ ധാരാളം പദ്ധതികളുള്ളതായിക്കാണാൻസാധിക്കും. ഈ സ്കീമുകൾ പുനരുദ്ധരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയും ഞാൻ മുൻപു പറഞ്ഞതുപോലെ തെരുവുയുദ്ധം ഉണ്ടായിരുന്നാൽത്തന്നെയും ലോക്കപ്പ് മർദ്ദനം ഉണ്ടാകാതിരിക്കാൻ ഈ ഗവൺമെൻറ് ശ്രമിക്കണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് എൻെറ വാക്കുകൾ ചുരുക്കുന്നു.

ശ്രീ. എം. കൃഷ്ണൻ: സർ, ഈ ഉപധനാഭ്യർത്ഥനകളെ അനുകൂലിച്ചുകൊണ്ട് അല്പം ചില വാക്കുകൾ പറയാൻ ഞാനാഗ്രഹിക്കുകയാണ്. ഈ ഗവൺമെൻറു അധികാരത്തിൽവന്നതിനുശേഷം ഇവിടെ നടക്കുന്നത് ഒരു പോലീസ് ഭരണമാണെന്നും ഇവിടെ പോലീസുകാർ അവരുടെ ഇഷ്ടത്തിനനുസരിച്ച് പ്രവർത്തിക്കുകയാണെന്നുമുള്ള ഒരു പ്രചാരവേല നാട്ടിലാകെയുണ്ട്. അടുത്ത കുറെ മാസങ്ങളായി നടന്നിട്ടുള്ള സംഭവങ്ങൾ നോക്കുമ്പോൾ പോലീസ് അധികമായി പ്രവർത്തിച്ചിട്ടുണ്ടോ അക്രമങ്ങൾ തടയുന്നതിനുവേണ്ടി ന്യായമായിട്ടല്ലേ പ്രവർത്തിച്ചിട്ടുള്ളത് എന്നു നാം ഓർക്കേണ്ടതാണ്. ഈ രാജ്യത്ത് ബസ്സിൽ യാത്രചെയ്യുന്ന ആളുകളെപെട്രോൾഒഴിച്ച് ചുടുകയും ബസ് കത്തിക്കുകയും ബസിന് കല്ലെറിയുകയും യാത്രക്കാരെയും ഡ്രൈവർമാരെയും പരിക്കേൽപ്പിക്കുകയുംചെയ്യുന്ന സ്ഥിതി വന്നാൽ അതു നിയന്ത്രിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടത് ഗവൺമെൻറിൻെറ കടമയിൽപ്പെട്ടതല്ലേ? അത്തരം കടമകൾ നിർവ്വഹിക്കാതെകണ്ടു ഒരു ഗവൺമെൻറിന് നിലനിൽക്കാൻ സാധിക്കുമോ എന്നു നാം ഓർക്കേണ്ടതുണ്ട്. ഇതിനുമുൻപു ഇവിടെ ഭരിച്ചിരുന്ന ഗവൺമെൻറിനെസംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ അപ്പോഴും വെടിവയ്പ്പുകൾ ഉണ്ടായിട്ടുണ്ട്, ലാത്തിച്ചാർജുകളുണ്ടായിട്ടുണ്ട്, ലോക്കപ്പുമർദ്ദനങ്ങളുണ്ടായിട്ടുണ്ട്, മററുപല സംഗതികളും ഉണ്ടായിട്ടുണ്ട്. ഒരു ഗവൺമെൻറു അധികാരത്തിലിരിക്കുമ്പോൾ അത്തരത്തിലുള്ള കാര്യങ്ങളെസംബന്ധിച്ചിടത്തോളം വിവേചനം കാണിക്കുന്നുണ്ടോ എന്നാണു നാം നോക്കേണ്ടത്. ഇന്നത്തെ ഗവൺമെൻറിനെസംബന്ധിച്ച് പറയുകയാണെങ്കിൽ അത്തരത്തിലുള്ളയാതൊന്നും തന്നെ നടക്കുന്നില്ലെന്നുള്ളത് ഈ നാട്ടിലെ എല്ലാവർക്കും അറിയാവുന്നതാണ്. ഈ രാജ്യത്തെ പൊതുജനങ്ങളെസംബന്ധിച്ചിടത്തോളം നോക്കുമ്പോൾ പുതിയ ഗവൺമെൻറു നിലവിൽ വന്നതോടെ അവർക്കു സമാധാനമായി ഇരിക്കാൻസാധിക്കുന്ന ഒരന്തരീക്ഷം ഇവിടെ ഉണ്ടായിട്ടുണ്ടെന്നുള്ളത് പരക്കെ സമ്മതിക്കപ്പെട്ടിട്ടുള്ള ഒരു പരമാർത്ഥമാണ്. പോലീസിൻെറ ഭരണത്തെസംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ ദൈനംദിന ഭരണകാര്യത്തിൽ പോലീസ് മേധാവികൾ ഇടപെടുന്നില്ല. അതുപോലെതന്നെ ഈ നാട്ടിൽ പ്രചരിപ്പിച്ചിട്ടുള്ള തരത്തിലുള്ള കാര്യങ്ങൾ നടക്കുന്നുമില്ല. നേരേമറിച്ചു യഥാർത്ഥമായ കാര്യങ്ങൾ നടക്കുകയാണ്. മററുചില സംസ്ഥാനങ്ങളിൽ പട്ടാളത്തെ വിളിച്ചുകൊണ്ട് ക്രമസമാധാനം പാലിക്കുമ്പോൾ ഈ രാജ്യത്തെ ആ സ്ഥിതിയിൽ എത്തിക്കാതെ കഴിയുന്നതും സമാധാനപരമായി കാര്യങ്ങൾ നടത്തുന്നതിനു ശ്രമിക്കുന്ന ബഹുമാനപ്പെട്ട ആഭ്യന്തരമന്ത്രി ആ കാര്യത്തിൽ തികച്ചും

LIBRARY ARCHIVES Kerala Legislative Assembly

അഭിനന്ദനാർഹനാണ്. ഒരു രാഷ്ട്രീയകക്ഷി അക്രമാസക്തമായ പ്രവർത്തനത്തിനു മുന്നോട്ടുവരികയാണെങ്കിൽ അതു നിയന്ത്രിക്കുന്നതിനു ഈ ഗവൺമെൻറല്ല മറേറതു ഗവൺമെൻറായാലും മുന്നോട്ടു വരുന്നില്ലഎങ്കിൽ അത് ഒരു ഗവൺമെൻറാണെന്നു പറയാൻസാധിക്കാത്ത പരിതഃസ്ഥിതിയായിരിക്കും ഉണ്ടാകുക എന്നുള്ള കാര്യം നാം ഓർക്കേണ്ടതാണ്. ശ്രീ നമ്പൂതിരിപ്പാടു ഈ രാജ്യം ഭരിച്ചിരുന്നകാലത്തും പ്രക്ഷോഭണംനടത്തിയിരുന്ന ആളുകളുടെനേരേ ഇതുപോലെയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതുപോലെതന്നെയാണ് ഇപ്പോഴും നടക്കുന്നത്. പക്ഷേ ഒരു വ്യത്യാസംമാത്രമേയുള്ളു. യാതൊരു വിവേചനവുമില്ല. ന്യായമായ കാര്യങ്ങൾ ന്യായമായി നടക്കുന്നു എന്നുമാത്രമേയുള്ളു. അതുകൊണ്ട് പോലീസിൻെറ അക്രമാസക്തമായ ഭരണം നടക്കുകയാണ്, ആളുകൾക്ക് രക്ഷയില്ല എന്നു പറയുന്നതിൽ യാതൊരു കഴമ്പുമില്ല. ഇന്നത്തെ നിലയിലുള്ള ഈ പ്രവർത്തനം തീർച്ചയായിട്ടും ആവശ്യമാണ്. സർ, ഒന്നുരണ്ടു കാര്യം കൂടി എനിക്കു ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെടുത്താനുണ്ട്. വടകരയിലുള്ള ഒരു പിയർ പണിയുന്നതിനുവേണ്ടി ടെൻഡർ വിളിച്ചു പ്രവർത്തനം ആരംഭിക്കുകയും ചില കാരണങ്ങളാൽ അതു മുടങ്ങിപ്പോകുകയും ചെയ്തിട്ടുണ്ട്. അന്നത്തെ ട്രാൻസ്പോർട്ടുമന്ത്രിയുടെ ശ്രദ്ധയിൽ ആ കാര്യം പെടുത്തുകയും അതു തുടർന്നു നടത്തുന്നതിനു കല്പന പുറപ്പെടുവിക്കുകയുംചെയ്തിട്ടുണ്ട്. എന്നാൽ ഇതുവരെയും അതിൻെറ പ്രവർത്തനം മുന്നോട്ടു പോയിട്ടില്ലെന്ന വസ്തുത ഞാൻ ഖേദപൂർവ്വം അറിയിക്കുകയാണ്. ചാക്കവർക്കുഷോപ്പിൽനിന്ന് അതിനാവശ്യമായ ഉപകരണങ്ങൾ കൊണ്ടുവരുന്ന കാര്യത്തിൽപ്പോലും വേണ്ട നടപടികൾ സ്വീകരിച്ചിട്ടില്ല. അങ്ങനെ അതിൻെറ കാര്യം മുടങ്ങിക്കിടക്കുകയാണ്. അതു തുടർന്നു നടത്തുന്നതിനുള്ള സത്വരനടപടികൾ സ്വീകരിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്.

സർ, സംസ്കൃതം പഠിപ്പിക്കുന്നതിനുള്ള ഒരു പദ്ധതി ഇപ്പോൾ ഉണ്ടായിരിക്കുകയാണ്. അഞ്ചാംക്ലാസുമുതൽ സംസ്കൃതഭാഷ പഠിപ്പിക്കുന്നതിനുള്ള ഒരു പരിപാടി ആവിഷ്ക്കരിച്ചത് തീർച്ചയായിട്ടും വളരെ മഹത്തായ സംഗതിയാണ്. ആ കാര്യം നടപ്പിൽവരുത്തുന്ന അവസരത്തിൽ അതിനാവശ്യമായ അധ്യാപകൻമാരില്ലാത്ത മലബാർ പ്രദേശങ്ങളെ സംബന്ധിച്ചിടത്തോളം വളരെ വിഷമമുണ്ട്. തിരുവിതാംകൂറിലും കൊച്ചിയിലുമെല്ലാം പഴയ രാജാക്കൻമാർ ഭരിച്ചിരുന്ന കാലത്ത് സംസ്കൃതഭാഷയ്ക്കു പ്രോൽസാഹനം നൽകിയതിൻെറ ഫലമായി ആ പ്രദേശങ്ങളിൽ അധ്യാപകൻമാരെ കിട്ടുന്ന കാര്യത്തിൽ വലിയ വിഷമമൊന്നുമുണ്ടായിരിക്കുകയില്ല. എന്നാൽ മലബാറിലെ സ്ഥിതി അതല്ല. അവിടെ സംസ്കൃതസ്ക്കൂളുകളിൽ ഹൈസ്ക്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയിട്ടുള്ള ആളുകളെ അദ്ധ്യാപകൻമാരായി നിയമിക്കുന്നതിനുള്ള ഒരു കല്പന പുറപ്പെടുവിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്. സംസ്കൃതസ്ക്കൂളുകളിൽ ഹൈസ്ക്കൂൾവിദ്യാഭ്യാസം പൂർത്തിയാക്കിയിട്ടുള്ള പല ആളുകളെയും ഇന്ന് അദ്ധ്യാപകൻമാരായി നിയമിച്ചുകൊണ്ട് പ്രവർത്തനം നടത്തിവരുന്നതായി അറിയാം. അത്തരത്തിലുള്ള പ്രവർത്തനത്തിന് അംഗീകരണം നടക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അങ്ങനെയുള്ള പ്രവർത്തനംവഴിമാത്രമേ സംസ്കൃതസ്ക്കൂളുകൾ ഏർപ്പെടുത്തി മുന്നോട്ടുകൊണ്ടുപോകാൻസാധിക്കുകയുള്ളു എന്നുള്ള കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

അടുത്തതായി ഫിഷറീസ് വകുപ്പിനെ സംബന്ധിച്ചിടത്തോളമാണ് എനിക്കു പറയാനുള്ളത്. കോഴിക്കോട്ടുവച്ചുകൂടിയ റീജിയണൽ കമ്മിററിയിൽവച്ച് നാല്പതോളം ബോട്ടുകൾ കൊടുക്കുന്നതിന് നിശ്ചയിച്ചിരുന്നു. അതിൽ ഇരുപത്തിരണ്ടോ ഇരുപത്തിമൂന്നോ ബോട്ടുകൾമാത്രമേ കഴിഞ്ഞ അഞ്ചുമാസങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

ക്കുകളിൽ വിതരണം ചെയ്തിട്ടുള്ളൂ. ബാക്കിയുള്ള ബോട്ടുകൾ ഉടൻതന്നെ കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ഈ വിതരണം ചെയ്തിട്ടുള്ള ബോട്ടുകളിൽ അധികവും ഉപയോഗശൂന്യമായവയാണ്. അത് പ്രവർത്തനരഹിതമായിട്ടാണ് അനുഭവപ്പെടുന്നത്. എനിക്കുതന്നെ ഇത്തരം കാര്യങ്ങൾ നേരിട്ടറിയാവുന്നതുകൊണ്ട് ഞാൻതന്നെ ഇക്കാര്യം നേരത്തേ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണ്. പഴയ ബോട്ടുകൾ പെയിൻറുചെയ്തു റിപ്പയറും നടത്തിയാണ് പുതിയ ബോട്ടുകൾ എന്നുപറഞ്ഞു വിതരണം ചെയ്തിട്ടുള്ളത്. ഇക്കാര്യം പല ആളുകളും എന്നോടു പറഞ്ഞിട്ടുണ്ട്. പഴയ ബോട്ടുകളാണെന്നറിഞ്ഞുകൊണ്ട് പല ആളുകളും ബോട്ടു വാങ്ങാതെപോയിട്ടുണ്ട്. അതുകൊണ്ട് പഴയ ബോട്ടുകൾ കൊടുക്കാതെ പ്രവർത്തനക്ഷമമായ ബോട്ടുകൾകൊടുക്കുന്നതിന് നടപടി സ്വീകരിക്കണം. എങ്കിൽമാത്രമേ ആ സൊസൈററിയുടെ പ്രവർത്തനം മുന്നോട്ടു കൊണ്ടുപോകാൻ സാധിക്കുകയുള്ളൂ. ഇത്തരം ബോട്ടുകളെ സംബന്ധിച്ചു പറയുകയാണെങ്കിൽ അവയ്ക്കു വരവു കുറവും ചെലവുകൂടുതലുമാണ്. സ്പെയർ പാർട്ട്സുകൾ കിട്ടുന്നതിനുള്ള വിഷമംകാരണം അവർ ധാരാളം വിലകൊടുത്തു വാങ്ങിക്കുകയാണ്. ബോട്ടുകളുടെ റിപ്പയർ നടത്താൻ വേണ്ടി ഒരു സ്ഥാപനം തുടങ്ങുമെന്നു പറഞ്ഞിട്ടുണ്ടെങ്കിലും ഇതുവരെ അതു തുടങ്ങിയതായോ തൽസംബന്ധമായ പ്രവർത്തനങ്ങൾ ആരംഭിച്ചതായോ എനിക്കറിവില്ല. അതുകൊണ്ട് ഇപ്പോൾ മൽസ്യത്തൊഴിലാളികൾ സ്വകാര്യഏജൻസികളിൽനിന്നു സ്പെയർപാർട്ടുകൾ വാങ്ങിക്കുകയോ അല്ലെങ്കിൽ എറണാകുളത്തേക്കു കൊണ്ടുപോകുകയോ ചെയ്യുകയാണ്. മലബാർ പ്രദേശത്തെസംബന്ധിച്ചുനോക്കുകയാണെങ്കിൽ അവിടെയുള്ള മൽസ്യത്തൊഴിലാളികൾക്ക് വളരെക്കുറച്ചുമാത്രമേ വരുമാനമുള്ളൂ. അതുകൊണ്ട് പല ആളുകൾക്കും ലോൺ തിരിച്ചടയ്ക്കുന്നതിനു ബുദ്ധിമുട്ടുള്ള സാഹചര്യമാണ് ഇപ്പോഴുള്ളത്. കോഴിക്കോട്ട് പണം അടയ്ക്കാത്ത സൊസൈററികളുടെ ബോട്ടുകൾ പിടിച്ചെടുക്കുന്നതിന് കല്പനപുറപ്പെടുവിച്ചിരിക്കുകയാണ്. അതുകൊണ്ട് ഇത്തരം കാര്യങ്ങളെസംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രിതന്നെ വേണ്ട അന്വേഷണം നടത്തി മൽസ്യം കിട്ടാത്ത അവസരങ്ങളിൽ ലോൺ തിരിച്ചടയ്ക്കുന്നതിനു സാധിച്ചില്ലെങ്കിൽ കാരണമെന്താണെന്നന്വേഷിച്ചു അവരെ അതിൽനിന്നു ഒഴിവാക്കണം. അത്തരത്തിലുള്ള നടപടികൾ സ്വീകരിച്ചാൽമാത്രമേ അവർക്കു രക്ഷയുള്ളൂ എന്നുള്ളകാര്യം ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഈ പരാതികൾ ഞാൻ തന്നെ പറഞ്ഞിട്ടുണ്ട്. ഇക്കാര്യങ്ങൾ ബഹുമാനപ്പെട്ട മന്ത്രി നേരിട്ടന്വേഷിക്കണമെന്നും സൊസൈററികളുടെ ബോട്ടുകൾ പിടിച്ചെടുക്കുന്ന സംപ്രദായം താൽക്കാലികമായിട്ടെങ്കിലും നിറുത്തലാക്കണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എൻെറ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. മൊയ്തീൻകുട്ടിഹാജി: സർ, ഈ ഡിമാൻറുകളെ ഞാൻ അനുകൂലിക്കുകയാണ്. സർ, ഈ ഡിമാൻറുകളിൽ പലതും ചർച്ച ചെയ്യാൻ ഇവിടെ അവതരിപ്പിക്കപ്പെടുകയുണ്ടായി. ഇന്നത്തെ ചർച്ചയിലും ഇതിനു മുമ്പ് ഈ നിയമസഭയിൽ നടന്ന ചർച്ചകളിലുമെല്ലാം പ്രധാനമായ ഒരു വിഷയം പോലീസ് ഭരണത്തെ സംബന്ധിച്ചാണ്. പോലീസ് ഭരണത്തിൻെറ അപാകത ചൂണ്ടിക്കാണിക്കുന്നതോടൊപ്പംതന്നെ ഈ നാട്ടിൽ ഒരു പോലീസ്‌രാജ് ആണ് നടമാടുന്നതെന്നുള്ള ധ്വനി ഉണ്ടായിരുന്നു. ഇങ്ങനെയുള്ള പ്രചരണങ്ങൾ ആണ് നിയമസഭയ്ക്കകത്തും പുറത്തും കാണുന്നത്. സർ, എങ്ങനെ ഈ സംഭവങ്ങൾ ഉണ്ടായി എന്നു നാം പരിശോധിക്കണം. ശ്രീമാൻ നമ്പൂതിരിപ്പാട് രാജി വച്ചതിനു ശേഷം ഈ സംസ്ഥാനത്തിൻെറ ഭാഗ്യത്തിനു ഒരു ഗവൺമെൻറ് ഉണ്ടായി. ആ ഗവൺമെൻറു അധികാരത്തിൽ വന്ന അന്നുതന്നെ ശ്രീ. നമ്പൂതിരിപ്പാടും അദ്ദേഹത്തിൻെറ പാർട്ടിക്കാരും ഇവിടെ ആയുധമെടുത്ത്

11 A. M.

തിരിഞ്ഞാക്രമിക്കുന്നതിനുള്ള പ്രഖ്യാപനമാണ് നടത്തിയത്. മാത്രമല്ല വളരെ പ്രധാനമായ ഒരു പ്രസ്താവന അവർ ചെയ്തു. അച്യുതമേനോൻ ഗവൺമെൻറു രാജി വയ്ക്കുന്നതുവരെയ്ക്കും ഈ ശ്രമം അവർ നടത്തുമെന്ന് തറപ്പിച്ചു പറഞ്ഞിട്ടുണ്ട്. ഈ നാട്ടിൽ സർ സി. പി. യുടെ അനുഭവമാണ് ഇവിടത്തെ ആഭ്യന്തരമന്ത്രിക്ക് ഉണ്ടാകാൻ പോകുന്നത് എന്നു പറഞ്ഞു. അങ്ങനെ ഭയങ്കരമായ ഒരു അന്തരീക്ഷവലയം സൃഷ്ടിക്കുവാനുള്ള പരിശ്രമത്തോടുകൂടിയാണ് ഈ ഗവൺമെൻറിനെ ആദ്യമേ നേരിടാൻ പ്രധാന പ്രതിപക്ഷമായ മാർക്സിസ്റ്റുപാർട്ടി ഒരുങ്ങിയത്. അതിൽ നിന്ന് ഈ നാട്ടിൽ പലതും സംഭവിച്ചു. യാതൊരു തെററും ചെയ്യാത്ത നിരപരാധികളായ ആളുകൾ കൊല്ലപ്പെട്ടു. രാവിലെ വീട്ടിൽ നിന്ന് ഇറങ്ങി പുറപ്പെട്ടു പോയി തിരിച്ചുവരുമെന്ന് പ്രതീക്ഷിച്ചിരിക്കുന്ന കുടുംബത്തിൻെറ നാഥനും സ്ക്കൂളിൽ പോയിട്ട് കുട്ടികൾ തിരിച്ചുവരുമെന്നു പ്രതീക്ഷിച്ചിരിക്കുന്ന രക്ഷകർത്താക്കളും അവരുടെ മൃതദേഹങ്ങളെയാണ് പിന്നീടു സ്വീകരിക്കേണ്ടി വരുന്നത്. ഈ നാട്ടിലെ സാമാന്യജനങ്ങൾ എന്തു ചെയ്തു എന്നാണ് ഞാൻ ചിന്തിക്കുന്നത്. ഈ നാട്ടിൽ പൊതുമുതൽ നശിപ്പിക്കപ്പെടുക ഈ നാട്ടിൽ സമാധാനമുണ്ടാക്കാനുള്ള ഒരു അന്തരീക്ഷം ഉണ്ടാകാൻ സമ്മതിക്കാതിരിക്കുക ഈ സ്ഥിതി വരുമ്പോൾ പോലീസിനു കൈയ്യും കെട്ടി നിൽക്കാൻ സാധിക്കുകയില്ല. ശക്തി ഉപയോഗിക്കുവാനുള്ള അവകാശം പോലീസിന് തീർച്ചയായും ഉണ്ട്. ഈ നാട്ടിൽ സമാധാനം സൃഷ്ടിക്കുവാൻ പോലീസിന് സാധിച്ചില്ലെ സർ? പോലീസ് ചെയ്ത കാര്യങ്ങൾ മുഴുവൻ ന്യായമാണ്, ശരിയാണ് എന്ന് ഒന്നും ഞങ്ങളാരും സമ്മതിക്കുന്നില്ല. ആവശ്യമായ സ്ഥലങ്ങളിൽ പോലീസു ശക്തിഉപയോഗിക്കേണ്ടതായി വന്നിട്ടുണ്ട്. പോലീസു ശക്തി അധികമായി ഉപയോഗിച്ചിട്ടുണ്ടോ എന്നുള്ളകാര്യം പരിശോധിക്കേണ്ടതാണ്. പോലീസിൻെറ എക്സസുകളെപ്പററി അന്വേഷിക്കാൻ വേണ്ടി ഈ ഗവൺമെൻറുതന്നെ നിരവധി ഉത്തരവുകൾ ഇട്ടിട്ടുണ്ട്. ലാക്കപ്പ് മർദ്ദനങ്ങളെ സംബന്ധിച്ചിടത്തോളം അന്വേഷിക്കാൻവേണ്ടി ഉത്തരവുകൾ ഇട്ടിട്ടുണ്ട്. പക്ഷേ തങ്ങൾ ചെയ്യുന്നതെല്ലാം ശരിയാണ് എന്നുള്ള ധാരണയോടുകൂടി പ്രതിപക്ഷത്തിരിക്കുന്ന സ്നേഹിതൻമാർ പറഞ്ഞ കാര്യങ്ങൾ ആവർത്തിക്കപ്പെടും എന്നതിന് രണ്ടുപക്ഷമില്ല. സർ, ഈ നിയമസഭയിൽതന്നെ ജനുവരി മാസത്തിൽ ഉണ്ടായസംഭവങ്ങളെ സംബന്ധിച്ചിടത്തോളം അതു നടത്തിയ നിരവധി സ്നേഹിതൻമാർ ന്യായീകരിക്കുകയുണ്ടായി. അതു നടത്താൻ അവരെ പ്രേരിപ്പിച്ച കാര്യങ്ങൾ ഇവിടെ ഒരു യോഗത്തിൽ നടന്ന കാര്യങ്ങളെ സംബന്ധിച്ചിടത്തോളം നിയമസഭയിൽ ചർച്ച ചെയ്യുവാൻ അനുമതിനൽകിയിരുന്നില്ല എന്നതാണ്. ഈ നാട്ടിൽ നടക്കുന്ന കാര്യങ്ങളെ സംബന്ധിച്ചിടത്തോളം നിയമസഭയിൽ ചർച്ച ചെയ്യാൻ അനുമതിലഭിക്കുന്നതിനുള്ള വഴി കഴിഞ്ഞ ജനുവരി 29-ാം തീയതി എൻെറ സ്നേഹിതൻമാർ നടത്തിയ വഴിയായിരുന്നുവെങ്കിൽ തീർച്ചയായും ജനാധിപത്യം ഈ നാട്ടിലില്ല എന്നു സമ്മതിക്കേണ്ടിവരും. അങ്ങ് ആ ബഹുമാന്യ സ്ഥാനം അലങ്കരിച്ചിരുന്ന അവസരത്തിൽ എത്രയെത്ര അടിയന്തിരപ്രമേയങ്ങൾ അനുവദിക്കാതെ ഇരുന്നിട്ടുണ്ട്. അടിയന്തിരപ്രമേയങ്ങൾ അനുവദിക്കാതിരുന്നാൽ ആ പ്രശ്നം നിയമസഭയിൽ അവതരിപ്പിക്കുന്നതിനുള്ള നടപടികൾ പരിപാവനമായ ആ നീതിപീഠത്തിൽ കയറി അതിനെ മലിനപ്പെടുത്തുവാനുള്ള നടപടികൾ എടുക്കുകയാണൊ സർ ചെയ്യേണ്ടത്? മാത്രമല്ല അന്ന് ഇവിടെ നടത്തിയത് എന്താണ്? ഈ നിയമസഭയിലെ ശിപായിമാർതൊട്ടുള്ള ലാസ്ററുഗ്രേഡു ജീവനക്കാരെ ആക്രമിക്കുക, ഡ്യൂട്ടിയിൽ ഉണ്ടായിരുന്ന പാവപ്പെട്ട പോലീസ് ഉദ്യോഗസ്ഥനെ—അദ്ദേഹത്തെ എനിക്കറിയാം, എൻെറ നാട്ടുകാരനാണ് വളരെ പാവപ്പെട്ടയാളാണ്, പെൻഷൻ പററാറായ ആളാണ്—ഈ നിയമസഭാവേദിയിൽവച്ച്, ദേഹോപദ്രവമേൽപ്പിച്ചു. നിയമസഭാ സാമാജികൻമാർക്ക് സംരക്ഷണമുണ്ടെന്ന മറവിൽ നിന്നുകൊണ്ട് ഈ

LIBRARY ARCHIVES Kerala Legislative Assembly

കാര്യങ്ങഠം നടത്തുവാൻ അവകാശമുണ്ടോ? ഇതെങ്ങനെ അവസാനിയ്ക്കാൻ പോകുന്നു. തല്ലുകൊള്ളാൻ, മിനക്കെട്ടു തല്ലുണ്ടാക്കാൻവേണ്ടി നിയമസഭാ സംരക്ഷണത്തിന്റെ മറവിൽ ഉത്തരവാദപ്പെട്ട ആളുകഠം ഇത്തരം പ്രവർത്തനങ്ങളിലേക്ക് നീങ്ങിയാൽ ചിലപ്പോഠം തല്ലുകൊള്ളേണ്ടിവരും. തല്ലുണ്ടാകുവാൻ വേണ്ടി നിയമസമാധാന പ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്നവരെ ഉപദ്രവിയ്ക്കുകഎന്നു പറഞ്ഞാൽ പിന്നെ എന്തുസംഭവിക്കുമെന്നു ഇപ്പോഠം പറയുവാൻ നിവൃത്തിയില്ല. ഇതിനുമുമ്പു നിയമസഭാ സാമാജികൻമാർക്കു ഒന്നും തല്ലു കിട്ടിയിട്ടില്ലെന്നു പറയപ്പെടുന്നുണ്ട്. ന്യായമാണോ ശരിയാണോ എന്നു എനിക്കു പറയുവാൻ നിവൃത്തിയില്ല. പക്ഷേ മുമ്പത്തെ സാമാജികൻമാർ ഒന്നും തല്ലിനു വേണ്ടി പോകാറില്ല. അന്തസ് അവർ പാലിക്കാറുണ്ടായിരുന്നു. ഈ രീതിയിൽ നാട്ടിലെ ശക്തിയേറിയ പ്രതിപക്ഷം നീങ്ങിയാൽ ഈ നാട്ടിൽ തീർച്ചയായും പലതും സംഭവിക്കും. അതുകൊണ്ട് പോലീസ് ചെയ്ത കാര്യങ്ങഠം എല്ലാം തന്നെ ശരിയാണെന്നു ഞങ്ങഠം ആരും വാദിക്കുന്നില്ല. പോലീസു തെററു ചെയ്തിട്ടുണ്ടെങ്കിൽ അതിനെപ്പററി അന്വേഷിക്കേണ്ട ആവശ്യമുണ്ട്. പോലീസിനെ ഒരു പരിധിവരെ ചില കാര്യങ്ങഠം നടത്തുവാനേ വിടാവൂ എന്ന അഭിപ്രായക്കാരാണ് ഞങ്ങഠം. ഈ നാട്ടിൽ കുഴപ്പം സൃഷ്ടിക്കുകമാത്രമേ ചെയ്യുകയുള്ളു എന്നു വ്രതമെടുത്തുകൊണ്ട് മുന്നോട്ടു വന്നാൽ അതിനെ നേരിടേണ്ടതായിട്ടുവരും. തീർച്ചയായും ചിലപ്പോഴെല്ലാം ചിലതെല്ലാം സംഭവിച്ചേയ്ക്കും. അതുകൊണ്ട് ഈ ഒരു ചിന്താഗതി മാററി അപ്പുറത്തിരിക്കുന്ന സ്നേഹിതൻമാർ ഈ ഭരണം നന്നായി നടത്തുവാനുള്ള സഹായങ്ങഠം എന്തൊക്കെയാണ്, അതിനുള്ള ഉപദേശങ്ങഠം എന്തൊക്കെയാണെന്നു ആലോചിക്കുകയും അതുമാതിരി പെരുമാറുകയും ചെയ്യുകയാണെങ്കിൽ തീർച്ചയായും ഇത്തരത്തിലുള്ളസ്ഥിതിവിശേഷം നമുക്കു ഇല്ലാതാക്കുവാൻ സാധിക്കും. അനാവശ്യമായ കാര്യങ്ങഠംക്കുവേണ്ടി പോലീസ് എക്സസ് ഉപയോഗിക്കരുതെന്നു ആവർത്തിച്ചു പറയുന്ന ആഠംക്കാരാണ് ഞങ്ങഠം. അതേ സമയത്തു പോലീസിന് സംരക്ഷണം നൽകേണ്ടതായിട്ടുണ്ടാകും. ഈ നാട്ടിൽ നടക്കുന്ന കാര്യങ്ങഠംക്ക് മുഴുവൻ സംരക്ഷണം നൽകാൻ ആവശ്യമായ പോലീസ് സേനയും നമുക്കു ഇല്ല എന്നുള്ളത് വ്യക്തമാണ്. ഇപ്പോഠം നമ്മുടെ പോലീസു സേന മതിയാകാതെ വരുമ്പോഠം അവരെ സഹായിക്കുവാനായി മററു സേനകളെ ഉപയോഗിക്കേണ്ടതായി വരും. പക്ഷേ അതിനു വേണ്ടി അവർ വന്നതുകൊണ്ട് അന്യായമായി നരനായാട്ടു നടത്തുവാനാണ് അവരെ ഉപയോഗിക്കുന്നുവെന്നുള്ള പരാതി തീർച്ചയായും ഗൗരവമായി പരിഗണിക്കണമെന്നുള്ളതാണ് എന്റെ പക്ഷം.

സർ, പൊതുജനപ്രതിനിധികഠം എന്നുള്ള പേരു നമുക്കെല്ലാം ഉണ്ട. പൊതുജനപ്രതിനിധികളായ നാം പൊതുജന പ്രതിനിധികളായി പ്രവർത്തിക്കാത്ത കാലത്തോളം പൊതുജനങ്ങളെല്ലാം നമ്മളിൽ നിന്ന് അകന്നുപോകുമെന്നുള്ളതിനു രണ്ടുപക്ഷമില്ല. അതുകൊണ്ട് പൊതുജനപ്രതിനിധികളായി പ്രവർത്തിക്കാനുള്ള ശ്രമവും നമ്മുടെ ഭാഗത്തുനിന്നും ഉണ്ടാകണം. എന്നാൽ ഈ കാര്യങ്ങളെല്ലാം നേരെ ചെയ്തുകൊണ്ട്പോകാൻ നമുക്കു സാധിക്കു.

സർ, ഇവിടെ ഇന്നു രാവിലെ നടന്ന ചോദ്യോത്തരവേളയിൽ ഗവൺമെൻറു വക്കീലൻമാരുടെ നിയമനത്തെ സംബന്ധിച്ചിടത്തോളം സംസാരിക്കുകയുണ്ടായി. വാസ്തവത്തിൽ രാവിലെ ഉള്ള ചോദ്യോത്തരസമയത്ത് പ്രശ്നങ്ങഠം പൂർണ്ണമായി വിവരിക്കാൻ സാധിക്കാത്തതുകൊണ്ട് ഞാൻ അപ്പോഠം അതിലേക്കു കടന്നിട്ടില്ല. അങ്ങനെയുള്ള പ്രസംഗം കേട്ടാൽ തോന്നും ഈ ഗവൺമെൻറു വന്നതിനുശേഷം എങ്ങനെയോ അവിശുദ്ധമായി അനാവശ്യമായി കുറെ കാര്യങ്ങഠം നടത്തിയിട്ടുണ്ട് എന്ന്. ഞാൻ ഒരു കാര്യം ചോദിക്കുകയാണ്. ശ്രീ. പി. കെ. കുഞ്ഞാലി അഡ്വക്കേററിന്റെ കാലാവധി അവസാനിച്ചു. അന്ന് ബഹുമാനപ്പെട്ട ഗൗരി ചെയ്തതു എന്താണ്? അഡ്വക്കേററു ജനറൽ പാനൽ അയച്ചു.

LIBRARY ARCHIVES Kerala Legislative Assembly

അതിൽ ഒരു യുവാവിൻെറ പേരു ഉണ്ടായിരുന്നില്ല. അഡ്വക്കേററു ജനറലിൻെറ പാനലിൽ ഇല്ലാത്ത ഒരാളിൻെറ കൺസൻറുവാങ്ങി അയയ്ക്കണമെന്നു അഡ്വക്കേററു ജനറലിനോട് ആവശ്യപ്പെട്ടു. അതിനുവേണ്ടി പ്രവർത്തനം ചെയ്ത ആ൦, ഒരു ബഹുമാനപ്പെട്ട മുൻമന്ത്രി, മന്ത്രിയല്ലാതായതിനുശേഷം ശ്രീമാൻ അച്യുതമേനോൻ നിഷിദ്ധമായ കാര്യങ്ങൾ നടത്തിയെന്നു വരുത്തിത്തീർക്കുന്ന വിധത്തിൽ അഞ്ചുപോസ്ററുള്ളിടത്തു ആറുപോസ്ററുണ്ടാക്കിയെന്നു ആരോപണം കൊണ്ടുവരികയുണ്ടായി.

ശ്രീമതി കെ. ആർ. ഗൗരി: ഞാൻ ആ കാര്യം നിഷേധിക്കുകയാണ്. പാനലിൽ ഇല്ലാത്ത ആളിനെ നിയമിച്ചിട്ടില്ല. ഫയലുവേണമെങ്കിൽ മേശപ്പുറത്തു വച്ചുകൊള്ളു.

ശ്രീ. കെ. മൊയ്തീൻകുട്ടിഹാജി: സർ, എന്താണ് നടന്നതെന്നു ഞാൻ പറഞ്ഞു. അത് നടന്നതാണ്. അങ്ങനെ എന്തൊക്കെയോ നടക്കുന്നു എന്നു അങ്ങനെ ഒരു വലയം സൃഷ്ടിച്ച് ഇവിടെ നടന്നതൊക്കെ നിഷിദ്ധമായ കാര്യങ്ങളാണ് എന്ന് പൊതുജനങ്ങളെ തെററിദ്ധരിപ്പിക്കുവാൻവേണ്ടിയാണ് ഇപ്രകാരം പ്രസ്താവിച്ചത്. ശ്രീ. അച്യുതമേനോൻ മുഖ്യമന്ത്രിയായിരിക്കുവാൻ ആഗ്രഹിക്കുന്നവരുണ്ട്, അതു കണ്ടുകൂടാത്തകുറെ ആളുകൾ ഉണ്ടായിരിക്കാം. അതുശരിയായിരിക്കും. ഒരു ഗവൺമെൻറിൻെറ പ്രവർത്തനം നിശിതമായി വിമർശിക്കുമ്പോൾ അതിൽ അടങ്ങിയിട്ടുള്ള തത്വം എന്താണ്? വിമർശനത്തിനു നിദാനങ്ങളായ കാര്യങ്ങൾ എന്താണെന്നു പരിശോധിക്കാൻ മിനക്കെടാതെ ഇത്തരം വിമർശനങ്ങൾ നടത്തുന്നത് ശരിയല്ല സർ. ഇതു കേട്ടാൽ തോന്നും ഇപ്പോഴത്തെ പ്രതിപക്ഷം ഭരിച്ചിരുന്നകാലത്ത് 'ഉമർഫാറോ'യുടെ ഭരണമായിരുന്നുവെന്നും നീതിയുക്തമായി വലതും ഇടതും നോക്കാതെ സത്യത്തെമാത്രം നോക്കി ഭരിച്ചിരുന്നുഎന്നും സത്യത്തിൽ ജനങ്ങളെ തെററിദ്ധരിപ്പിക്കാനുള്ള ഒരു പരിശ്രമമാണ് നടത്തുന്നത്. ഏതായാലും ഈ പ്രസംഗങ്ങളിലെല്ലാം തന്നെ നിശിതമായ വിമർശനത്തിനു വിധേയമായ പോലീസിൻെറ ഭരണത്തെ സംബന്ധിച്ചിടത്തോളം പോലീസുഭരണം നേരെ നടത്തുവാൻ സാധിക്കുമോ എന്നുള്ള കാര്യം പരിശോധിക്കുവാനുള്ള പരിശ്രമം ഗവൺമെൻറു ഭാഗത്തുനിന്നും നടത്തണം. അവിശുദ്ധമായ കാര്യങ്ങൾ ഗവൺമെൻറു ചെയ്യുകയില്ല എന്നുള്ള ഉറപ്പോടുകൂടി ഈ നാട്ടിലെ ജനങ്ങൾക്കു ഗുണങ്ങൾ ചെയ്യുവാനുള്ള ഉദ്ദേശത്തോടുകൂടി പ്രവർത്തിക്കുമെന്നുള്ള ഉറപ്പ് വരുത്തുന്ന പരിശ്രമം ഗവൺമെൻറു നടത്തേണ്ടതുണ്ട്. ജനങ്ങളുടെ ജീവനും സ്വത്തിനും രക്ഷ നൽകുവാൻ ഭരണം നടത്തുന്ന ഗവൺമെൻറിന് ഉത്തരവാദിത്വമില്ലെന്നു പ്രസ്താവിച്ച ആളുകൾ അപ്പുറത്തിരിക്കുകയാണ്. എന്നാൽ ഇന്ന് ഈ നാട്ടിലെ ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുവാൻ ഗവൺമെൻറിനു ഉത്തരവാദിത്വം ഉണ്ടെന്ന് അപ്പുറത്തുള്ള അംഗങ്ങൾ പരാമർശിച്ചിരിക്കുകയാണ്. ഇത് പരിശോധിക്കേണ്ട ആവശ്യമുണ്ട്. ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം കിട്ടുമെന്നുള്ള ഒരു ബോധം ജനങ്ങൾക്കു ഉണ്ടായിട്ടുണ്ട്. ആ ഒരു ടെംപോ നിലനിറുത്തുവാൻ ഗവൺമെൻറു പരിശ്രമിക്കണം.

വികസനപരമായ കാര്യങ്ങൾ, ഓരോ പ്രദേശത്തിൻെറയും വിദ്യാഭ്യാസപരമായ കാര്യങ്ങൾ ഇതൊക്കെ എണ്ണിയെണ്ണി പറയുവാൻ ഞാനാഗ്രഹിക്കുന്നില്ല. അതെല്ലാം ജനറൽ ബഡ്ജററിൻെറ ചർച്ചാവേളയിൽ പറയാം. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ജനറൽ ബഡ്ജററു ഇവിടെ അവതരിപ്പിക്കാൻ പാടില്ല എന്നുവരെ പറയുകയുണ്ടായി. ഞാൻ അവസാനിപ്പിക്കാം. ഏതായാലും ഇവിടെ ബഡ്ജററിൻെറ ചർച്ച നടക്കുകയാണെങ്കിൽ വികസനകാര്യങ്ങളെക്കുറിച്ചെല്ലാം ആ സമയത്തേക്കു നീക്കി വയ്ക്കുകയാണ്. ഏതായാലും ഈ

LIBRARY ARCHIVES Kerala Legislative Assembly

സപ്ലിമെൻററി ഡിമാൻറിൽ കാണിച്ചിട്ടുള്ള കാര്യം പലപ്പോഴും നമ്മളൊക്കെ പറഞ്ഞമാതിരി ലാൻഡ് അക്വിസിഷനുവേണ്ടിയുള്ള അവാർഡുകൾ പിന്നീടു കാമ്പൻസേററു ചെയ്യാൻ വേണ്ടിയുള്ളതാണ്. ഈ ഒരു സ്ഥിതിവിശേഷം ഇനിയും അവസാനിപ്പിക്കുവാൻ എന്തെങ്കിലും നടപടി ഗവൺമെൻറു സ്വീകരിക്കണമെന്നു പറഞ്ഞുകൊണ്ടും ഈ ഡിമാൻറുകളെ ശക്തിയായി അനുകൂലിച്ചുകൊണ്ടും ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുകയാണ്.

<u>ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്</u>: സർ, ഈ ഡിമാൻറുകളിൽ പോലീസിന്റെ കാര്യംതന്നെയാണ് ഞാൻ പറയാൻ ആഗ്രഹിക്കുന്നത്. അതിനെപ്പററി പറയുന്ന അവസരത്തിൽ ഇവിടെ ഇന്നു സംസാരിച്ച ബഹുമാനപ്പെട്ട പല മെമ്പറൻമാരും 1957 മുതൽക്കു നടന്നിട്ടുള്ള പല സംഭവങ്ങളെക്കുറിച്ചും ഇവിടെ പറയുകയുണ്ടായി. അതിന് ഉത്തരം പറയേണ്ടകാലം കഴിഞ്ഞിരിക്കുന്നു. 1957-ലെ കാര്യമാണെന്നുണ്ടെങ്കിൽ 59—നു ശേഷം ഉത്തരം പറഞ്ഞു കഴിഞ്ഞിട്ടുള്ളതാണ്. 1967—69 ലെ കാര്യമാണെങ്കിൽ, ഇപ്പോൾ ആ ഗവൺമെൻറ് ഇല്ലാത്ത സ്ഥിതിക്ക് അതിനെ സംബന്ധിച്ച് ഇപ്പോൾ ഇവിടെ പറയേണ്ട കാര്യമുണ്ടെന്ന് എനിക്കു തോന്നുന്നില്ല. അതിലും വിശേഷിച്ച് ഇപ്പോൾ ഈ ഗവൺമെൻറിന്റെ കീഴിൽ നടന്നുകൊണ്ടിരിക്കുന്ന കാര്യങ്ങളെക്കുറിച്ച് എനിക്ക് ഒരു പിടി കാര്യങ്ങൾ പറയുവാനുണ്ട്. ഇവിടെ ഒരു ബഹുമാനപ്പെട്ട മെംബർ പറയുന്നതുകേട്ടു, സ്വത്തിനും ജീവനും രക്ഷയുണ്ടെന്ന്. ആരുടെ സ്വത്തിനും ജീവനുമാണ് ഈ ഗവൺമെൻറിന്റെകീഴിൽ രക്ഷയുള്ളത് എന്നുചോദിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. കോട്ടയംജില്ലയിലെ പറാൽ, അതുപോലെതന്നെ ആലപ്പുഴ ജില്ലയിലെ തൈക്കാട്ടുശേരി ഈ സ്ഥലങ്ങളിൽ നടന്നത് ആരുടെ സ്വത്തിനെ രക്ഷിച്ചതാണ്? ആരുടെ ജീവൻ രക്ഷിച്ചതാണ്. യാഥാർത്ഥ്യം പറയുകയാണെന്നുണ്ടെങ്കിൽ അവിടെ നിയമം കൈയിലെടുത്ത ആളുകൾക്ക് ഈ ഗവൺമെൻറ് എല്ലാവിധ സംരക്ഷണങ്ങളും കൊടുത്തുകൊണ്ടിരിക്കുകയാണ്. അവിടെ അക്രമം നടത്തിയിട്ടുള്ള ആളുകളുടെ പേരിൽ യാതൊരു നടപടിയും എടുത്തിട്ടില്ല, ഇന്നേവരേ. അവരാണ് ഇന്നും ആ നാട്ടിൽ ആളുകളെ ഭീഷണിപ്പെടുത്തിക്കൊണ്ടിരിക്കുന്നത്. അതുപോലെതന്നെ ബഹുമാനപ്പെട്ട ആഭ്യന്തരവകുപ്പുമന്ത്രിയുടെ കൺമുൻപിൽ വച്ചാണു നിലമ്പൂർവച്ച് പൗലോസ് കൊല്ലപ്പെട്ടത്. അതിന്റെ കാര്യത്തിൽ നടപടിയെടുത്തിട്ടില്ല. നടപടിയെന്ന നിലയിൽ ഔപചാരികമായി കേസെടുത്തിരിക്കാം. മുഖ്യമന്ത്രിയുടെതന്നെ രേഖാമൂലമായകത്തിൽ പറയുന്നു, ലീഗുവാളൻറിയറൻമാർ പോകുന്നവഴിയിൽ കരിംകൊടി—''കറുത്ത തുണികെട്ടിയ വടി'' വീശിക്കൊണ്ട് പ്രകോപനപരമായി മാർക്സിസ്ററുവാളൻറിയർമാർ നീങ്ങിക്കൊണ്ടിരുന്നു, അപ്പോൾ ഏററുമുട്ടൽ നടന്നു, മരിച്ചു എന്ന്. എന്താണ് ഇതിന് അർത്ഥം? കരിങ്കൊടിപിടിക്കാൻ അവകാശമില്ലേ? കരിങ്കൊടിപിടിക്കുകയെന്നുള്ളത് ഈ സംസ്ഥാനത്ത് പത്തിരുപതു കൊല്ലമായി നടക്കുന്ന കാര്യമാണ്. കരിങ്കൊടി കാണാത്ത മന്ത്രിമാരും കരിങ്കൊടി പിടിക്കാത്ത രാഷ്ട്രീയ നേതാക്കൻമാരുമില്ല. ഈ മന്ത്രിസഭ വന്നശേഷം മാത്രമാണ് കരിങ്കൊടി പിടിക്കുന്നവർക്ക് തല്ലും മററു മർദ്ദനങ്ങളും ഏൽക്കേണ്ടിവന്നിരിക്കുന്നത്. അത് അതിന്റെ പരമകാഷ്ടയിലെത്തിയതാണ്, കരിങ്കൊടി പിടിച്ചയാളെ കൊന്ന സംഭവം. ഈ തരത്തിൽ നടക്കുന്ന സാഹചര്യത്തിന്റെ അവസാനം വന്നുവന്ന് എവിടെ എത്തിയിരിക്കുന്നു. എം. എൽ. എ. മാരെ പോലീസ് വാനിലിട്ട് തല്ലാം എന്നുള്ള സ്ഥിതിയിൽ എത്തിയിരിക്കുന്നു. നേരത്തെ ഇവിടെ സൂചിപ്പിച്ചതാണ്; നമ്പീശൻ മാസ്ററർ എം. എൽ. എ.യെ പോലീസ് വാനിലിട്ട് തല്ലിയതിന്റെ ഫലമായി പിരിക്കേററ് ആശുപത്രിയിൽക്കിടക്കുകയാണ്. അതിന്റെ പേരിൽ വളരെയധികം പ്രക്ഷോഭണങ്ങൾ നടത്തിയതിന്റെ ഫലമായി, പേരിന്, ഒരന്വേഷണം: ഞാൻ ചോദിക്കുകയാണ്, ഈ സഭയുടെ അന്തസ്സിനെപ്പററി

LIBRARY ARCHIVES Kerala Legislative Assembly

വളഞ്ഞ് പറയുന്നുണ്ടല്ലോ. എം. എൽ.എ. മാരെ തല്ലാനുള്ള അന്തസ്സാണോ? അല്ലെങ്കിൽ എം. എൽ. എ. മാരെ തല്ലാൻ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥനെ അന്വേഷണത്തിനു വിധേയമായി സസ്പെൻഡുചെയ്യേണ്ടതല്ലേ? മററു പല എം. എൽ. എ. മാരുടെ കാര്യം അവർതന്നെ ഇന്ന് ഇവിടെ പറഞ്ഞു. അതിൽ ഒരു കേസ് അന്വേഷണത്തിന് ഉത്തരവിട്ടിട്ടുണ്ടെന്നാണ് ഞാൻ അറിയുന്നത്. ബഹുമാനപ്പെട്ട പുരുഷോത്തമനെ തല്ലിയ സംഭവത്തെപ്പററി അന്വേഷണം നടത്താൻ ഉത്തരവിട്ടിട്ടില്ല. സഭയുടെ അന്തസ്സിനെക്കുറിച്ച് ഇത്രയേറേ പ്രസംഗിക്കുന്ന മന്ത്രിമാരും ഭരണകക്ഷിയിലെ മെംബർമാരും സഭയിലെ മെമ്പറെ തല്ലിയതിനെക്കുറിച്ച് ഒന്നും പറഞ്ഞിട്ടില്ല. ആ സംഭവമാണെങ്കിൽ, കേട്ടകഥയല്ല കണ്ടകഥയല്ല, കൊണ്ടകഥയാണ്. അദ്ദേഹംതന്നെ ഇവിടെ പറഞ്ഞതാണ്. ബഹുമാനപ്പെട്ട ജോർജ് പറഞ്ഞുകേട്ടു, ബാക്കിയുള്ളവരെ തല്ലിയാലുള്ളപോലെ അന്വേഷണം നടത്തും എന്ന്. സഭയുടെ അന്തസ്സിനെക്കുറിച്ച് പിന്നെ എന്തിനു പറയുന്നു. സഭാമെംബറെ തല്ലിയെന്നു ആ മെംബർതന്നെ പറഞ്ഞാൽ അതിനു യാതൊരു വിലയുമില്ലെന്ന് പറയുന്നതാണോ സഭയുടെ അന്തസ്സ്? 28-ാം തീയതി നടന്ന സംഭവത്തെക്കുറിച്ചു പറഞ്ഞു, 28-ാം തീയതി ഇവിടെ നടന്ന സംഭവത്തെക്കുറിച്ച് പറഞ്ഞു. കണ്ട അരഡസൻ മെംബറൻമാരുണ്ട്. അവർ പറഞ്ഞു, ''ഞങ്ങൾ കണ്ടതാണ്''. കണ്ട സംഭവം ഇവിടെ വിശദീകരിച്ചു. എന്നിട്ട് ബഹുമാനപ്പെട്ട മന്ത്രി, തല്ലിയ പോലീസുകാരൻ പറഞ്ഞതുവച്ചിട്ട് എം. എൽ. എ. മാർ പറയുന്നത് കള്ളമാണെന്ന് പറഞ്ഞു. ഇതുകേട്ടാൽ പ്രകോപനമുണ്ടാകും. ആ നിലയ്ക്കാണ് സഭയുടെ പ്രതിപക്ഷത്തുള്ള മെംബറൻമാരോട് മന്ത്രിമാർ പെരുമാറുന്നത്. എന്നിട്ട് സഭയുടെ അന്തസ്സിനെക്കുറിച്ച് വാചാലപ്രസംഗം ചെയ്തിട്ട് കാര്യമില്ല. അതിനുമുൻപ് ഡിസംബർ 1-ാം തീയതി മൂന്നു മെംബർമാർക്ക് ലാത്തിച്ചാർജ് കൊണ്ടതിന്റെ കഥയെക്കുറിച്ച് ഇപ്പോൾ പറയുന്നില്ല. അതു പഴയ കഥയായി. എന്നാൽ മൂന്നു മെംബറൻമാർക്ക് തല്ലുകൊണ്ടു എന്നുള്ള കാര്യത്തെക്കുറിച്ച് ഇതുവരെ ബഹുമാനപ്പെട്ട പോലീസ് മന്ത്രി ഔപചാരികമായ ഖേദപ്രകടനം പോലും നടത്തിയിട്ടില്ല എന്നുള്ളത് ഒരു വസ്തുതയാണ്. ഈ നിലയിലേക്ക് വന്നിട്ടുള്ള സാഹചര്യത്തിൽ എനിക്കു വളരെ ചുരുങ്ങിയ ഒരു നിർദ്ദേശം വയ്ക്കാനുള്ളത് ഈ സഭയുടെ അന്തസ്സിനെക്കുറിച്ച്—ഭൂരിപക്ഷം പാസാക്കിയ പ്രമേയത്തെക്കുറിച്ച് ഒന്നും പറയുന്നില്ല; ആ ഭൂരിപക്ഷം പാസാക്കിയ പ്രമേയത്തിൽ സഭയുടെ അന്തസിനെക്കുറിച്ച് പറഞ്ഞിട്ടുള്ളത് ഭോഷ്ക്കല്ലെങ്കിൽ—ഗവൺമെന്റ് ഒരു കാര്യം ചെയ്യണം: ''ഞങ്ങളെതല്ലി'' എന്ന് ഈ സഭാമെംബറൻമാർ പറഞ്ഞ കേസുകളെങ്കിലും—ബഹുമാനപ്പെട്ട പുരുഷോത്തമൻ, മീതിയൻ, നമ്പീശൻ ഈ മൂന്നുപേരുടെ കേസുകളെങ്കിലും, അതുപോലെ തിരുവനന്തപുരം നഗരത്തിന്റെ മദ്ധ്യഭാഗത്തുവച്ച് ഞങ്ങൾ കണ്ടതാണ് എന്നു പറഞ്ഞ സംഭവമെങ്കിലും അവയ്ക്ക് ഉത്തരവാദികളായ പോലീസ് ഉദ്യോഗസ്ഥൻമാരുടെമേൽ സസ്പെൻഷന് ആർഡറിട്ടുകൊണ്ട് അന്വേഷിക്കുന്നതിന് ഉത്തരവിടണം. എന്നാൽമാത്രമേ അന്വേഷണത്തെ സംബന്ധിച്ച് ഗവൺമെന്റ് സീരിയസാണെന്ന് ബോധ്യം വരുകയുള്ളു.

ഇവിടെ വലിയ വലിയ പ്രസംഗങ്ങൾ നടന്നു, മാർക്സിസ്ററുകാർ കുഴപ്പമുണ്ടാക്കിയിട്ടാണ് പോലീസ് ഇടപെടുന്നതെന്ന്. ഇതിനെക്കുറിച്ച ഞാൻ വ്യക്തമായി ഇതിനുമുൻപ് ഈ സഭയിൽത്തന്നെ പറഞ്ഞിട്ടുള്ളതാണ്. സത്യത്തിൽ എന്തു നടന്നു എന്നുള്ളതിനെ സംബന്ധിച്ച് രണ്ടു ഭാഗത്തുനിന്നും പരസ്പര വിരുദ്ധമായ അഭിപ്രായങ്ങളും വാദപ്രതിവാദങ്ങളും ഉണ്ടായിരിക്കുന്ന സ്ഥിതിക്ക് സത്യത്തിൽ എന്തുണ്ടായി എന്നറിയുന്നതിനുള്ള ഒരു മാർഗ്ഗം. അതിന് ആർ.ഡി.ഒ. യെക്കൊണ്ട് അന്വേഷിപ്പിച്ചാൽ ഇത്രയും പ്രക്ഷുബ്ധമായ കേരളത്തിലെ രാഷ്ട്രീയസാഹചര്യത്തിൽ ശരിപ്പെടാൻ പോകുന്നുണ്ടോ? ഇവിടെ രണ്ടു വശത്ത് രണ്ടു വ്യക്തമായ രാഷ്ട്രീയ

LIBRARY ARCHIVES Kerala Legislative Assembly

ആരോപണങ്ങൾ ഉണ്ട്. ആർ.ഡി.ഒ. യുടെയും ജഡ്ജിയുടെയും അന്വേഷണം കൊണ്ട് അതിലെ സത്യം പുറത്തു വരുന്നതല്ല. നിങ്ങൾ പറയുന്നു, ഞങ്ങൾ ആയുധം ശേഖരിക്കുന്നു എന്ന്. വസ്തുത എന്താണെന്നു പുറത്തുവരട്ടെ. അതുപോലെ, ഞങ്ങൾ നിങ്ങളെക്കുറിച്ചു പറയുന്നു, ഇവിടത്തെ കുടികിടപ്പുകാരെയും കർഷകത്തൊഴിലാളികളെയും സാധാരണക്കാരെയും അവരുടെ പ്രസ്ഥാനങ്ങളെയും അടിച്ചമർത്താൻ ഗുണ്ടാ സംഘങ്ങൾക്ക് പ്രോൽസാഹനം നൽകുകയും പോലീസിന് ഉത്തരവ് നൽകുകയും ചെയ്തു എന്ന്. ഈ രണ്ടു വാദഗതികൾ ഉണ്ട്; ഈ രണ്ട് പരസ്പരാരോപണങ്ങൾ ഉണ്ട്. ഈ പരസ്പരാരോപണങ്ങളെ സംബന്ധിച്ചിടത്തോളം അവയുടെ സത്യാവസ്ഥ എന്തെന്നുള്ളതിനെ സംബന്ധിച്ചും ഒന്നുമില്ലെങ്കിലും രണ്ടു ഭാഗത്തും പറയാനുള്ളത് രണ്ടു ഭാഗത്തുമുള്ളവർ കേൾക്കുകയെങ്കിലും ചെയ്യണം. അതിനാണ് ഞാൻ നിർദ്ദേശിച്ചത് നിയമസഭയിലെ എല്ലാ പാർട്ടികളുടെയും പ്രതിനിധികൾ സംഭവസ്ഥലങ്ങളിൽ പോകട്ടെ. ചില സംഭവങ്ങളെ സംബന്ധിച്ചെങ്കിലും അന്വേഷിക്കണം. കായംകുളത്തെ കാര്യം പറഞ്ഞു. അവിടെ ഉണ്ടായത് എന്താണ്? നാലയ്യായിരം ആളുകളുള്ള യോഗത്തിൽ വച്ചു പറഞ്ഞത് കേട്ടതാണ്. അവിടെ യാതൊരു ആയുധമെടുക്കലും ഉണ്ടായിട്ടില്ല. അതാണ് ഞാൻ പറഞ്ഞത്, ബഹുമാനപ്പെട്ട മന്ത്രിമാരിൽ ഒന്നോ രണ്ടോ പേർ അടക്കം ഈ സഭയിൽ നിന്ന് കുറെ ആളുകൾ കായംകുളത്തുപോകട്ടെ; ആ സ്ഥലത്തുപോയി അന്വേഷിക്കട്ടെ. അന്വേഷിച്ച് ആരെല്ലാം എന്തെല്ലാം പറയുന്നുവെന്നു കേൾക്കട്ടെ, കൺക്ലൂഷനോ ജഡ്ജുമെൻേറാ ഒന്നും വേണ്ട, ആരെല്ലാം എന്തെല്ലാം പറയുന്നു എന്നതിൻെറ റിക്കാർഡുണ്ടാക്കുക; അതു നടക്കട്ടെ. അവർക്കു ഇതു സംബന്ധിച്ച്, അവരുടെ പ്രശ്നങ്ങളെക്കുറിച്ച്, എന്തെല്ലാം പറയാനുണ്ടോ അതെല്ലാം വരട്ടെ. ഞങ്ങൾക്കും പറയാനുണ്ട്; അതും വരട്ടെ. അതാണു വേണ്ടത്. അതുപോലെ തന്നെ, ഞങ്ങൾക്കു നിങ്ങളെക്കുറിച്ചുള്ള ആരോപണങ്ങളും പുറത്തുവരട്ടെ; അപ്പോൾ ജനങ്ങൾ തീരുമാനമെടുക്കട്ടെ. ഇത് അംഗീകരിച്ചിട്ടില്ല; ഇതുവരെ, ഈ നിമിഷം വരെ, അംഗീകരിച്ചിട്ടില്ല. അതുകൊണ്ട്, മാർക്സിസ്റ്റുകാർ അക്രമം കാണിച്ചതുകൊണ്ടാണ് എന്നു പറഞ്ഞിട്ട് കാര്യമില്ല. എന്നെപ്പററി പ്രത്യേകം പറയുന്നുണ്ട്, ഞാൻ, ആയുധമെടുക്കാൻ ആഹ്വാനം കൊടുത്തു എന്ന് ഞാൻ പറഞ്ഞത് ഒന്നുകൂടി ആവർത്തിക്കാം.

ഇന്നു നടന്ന പോലീസ് ഗുണ്ടാ മർദ്ദനം മുഴുവൻ വിശദീകരിച്ചു. അതു വിശദീകരിച്ചത് പോലീസുപോലും എന്തെങ്കിലും പിക്കററിംഗോ മററു സംഭവങ്ങളോ ഉണ്ടാകുമ്പോൾ ലാത്തിച്ചാർജ് നടത്തേണ്ടത്, നിയമപ്രകാരം അധികാരപ്പെട്ട ഉത്തരവാദപ്പെട്ട ആളുകളുടെ ഉത്തരവനുസരിച്ചുള്ള ലാത്തിച്ചാർജല്ലാതെ മററൊന്നും തന്നെ നിയമപ്രകാരം നടത്താൻ പാടില്ല എന്നതുകൊണ്ടാണ്. ഒരാളിനെ അറസ്ററ് ചെയ്യുമ്പോൾ തല്ലും, വാനിലിട്ടുതല്ലും, വാനിൽനിന്നും പോലീസ് സ്റേറഷനിലേക്ക് എടുത്തെറിയുമ്പോൾ തല്ലും, ലോക്കപ്പിൽ വച്ചു തല്ലും. ഇത്തരത്തിലുള്ള ഒരനുഭവമാണ് ഈ നിയമസഭയിലെ ഒരു മെമ്പറായ ശ്രീ. നമ്പീശന് ഉണ്ടായത്. ഇതേ അനുഭവത്തിൻെറ ഫലമായിട്ടുള്ള ശ്രീ. നമ്പീശൻ ഇന്ന് ആശുപത്രിയിൽ കിടക്കുകയാണ്. ഇത് എം.എൽ.എ. മാർക്ക് കിട്ടിയ അനുഭവമാണെങ്കിൽ എം.എൽ.എ. മാർ അല്ലാത്തവരുടെ അനുഭവം എന്താണ്? ഫെബ്രുവരി പതിനഞ്ചും പതിനാറും തീയതികളിൽ കായംകുളത്തും, തൃശൂരിൽ ഫെബ്രുവരി 12–ാം തീയതി മുതൽ 19–ാം തീയതിവരെ നടന്നതും ഇതുതന്നെയാണ്. അതിൽ ബഹുമാനപ്പെട്ട നമ്പീശൻെറ കാര്യം പറഞ്ഞുവെന്നേയുള്ളൂ. ശ്രീ. നമ്പീശൻ തന്നെആശുപത്രയിൽ കിടന്നുപറഞ്ഞത് എനിക്ക് കിട്ടിയതിനേക്കാൾ കൂടുതലായിട്ടാണ് കഴിഞ്ഞ പന്ത്രണ്ടാം തീയതി മുതൽ പത്തൊൻപതാം തീയതി വരെ നടന്ന പിക്കററിംഗിൽ പങ്കെടുത്ത ബാച്ചിന് നേതൃത്വം കൊടുത്ത ശ്രീ. വാസുവിനും ശങ്കരനും കിട്ടിയത്. അത് ഞാൻ കണ്ടു. കായംകുളത്തും തൃശൂരിലും വിശേഷിച്ച് ഈ ഫെബ്രുവരിയിൽ നട

LIBRARY ARCHIVES Kerala Legislative Assembly

ന്നിട്ടുള്ള ട്രാൻസ്പോർട്ട് സമരത്തിന്റെ അടിസ്ഥാനത്തിൽ നടത്തിയിട്ടുള്ള പിക്കററിംഗ് ആ പിക്കററിംഗിനെ അടിച്ചമർത്തുവാൻ ലാത്തിച്ചാർജല്ല. ആ പിക്കററിംഗിൽ അറസ്ററു ചെയ്തവരെ പോലീസ് വാനിലിട്ട് അടിച്ചു, വാനിൽ നിന്നും പോലീസ്സ്റേറഷനിൽ കൊണ്ടിട്ട് അടിച്ചു, പിന്നീട് ലോക്കപ്പിൽ കൊണ്ടിട്ട് അടിച്ചു. ഇക്കാര്യങ്ങളെ സംബന്ധിച്ച് സത്യം എന്താണെന്നു കണ്ടുപിടിക്കാൻ ആവശ്യമായ നിർദ്ദേശം കൊടുക്കുമോ?

അതിൽത്തന്നെ എം.എൽ.എ. മാർ നേരിട്ട് അനുഭവിച്ചതും എം.എൽ.എ. മാർ നേരിട്ട് കണ്ടതും, തിരുവനന്തപുരത്തു 29-ാം തീയതി നടന്നതിനെക്കുറിച്ച് നിങ്ങൾക്ക് എന്തുവേണമെങ്കിലും പറയാം. അരഡസൻ എം. എൽ. എ. മാർ കണ്ടതാണെന്ന് ഈ നിയമസഭയിൽ വന്ന് നിന്നു പറഞ്ഞപ്പോൾ എം.എൽ.എ. മാർ പറയുന്നതെല്ലാം കള്ളമാണെന്നും പോലീസ് ഓഫീസർമാരിൽനിന്നു കിട്ടിയ രേഖയാണു സത്യമെന്നും ഒരു മന്ത്രി പറഞ്ഞാൽ നിയമസഭയെന്നു പറഞ്ഞാൽ പിന്നെയെന്താണ്? ഈ സഭയിലെ എം. എൽ. എ. മാർ പറയുന്നതു വിലയില്ലെങ്കിൽ പിന്നെ ഇതെന്ത് സഭയാണ് സർ. ഇപ്പോൾ ഈ സഭയുടെ അന്തസ്സിനെക്കുറിച്ച് പറഞ്ഞിട്ട് കാര്യമില്ല. അതുപോലെ തന്നെ ഒരു എം. എൽ. എ. യെ വാനിലിട്ടും, ലോക്കപ്പിലിട്ടും തല്ലിയതിന്റെ ഫലമായി അദ്ദേഹം ഇന്ന് ആശുപത്രിയിൽ കിടക്കുകയാണ്. ഈ സ്ഥിതിയിൽ സത്യാവസ്ഥ കണ്ടുപിടിക്കുന്നതുവരെ ഇനിമേൽ ഇത്തരം നടപടികൾ എടുക്കുകയില്ലെന്ന് ഉറപ്പു ഉണ്ടാക്കുകയും, സത്യാവസ്ഥ കണ്ടാൽ ഗൗരവമായി അതിലെ പോലീസുദ്യോഗസ്ഥൻമാരെ ശിക്ഷിക്കുകയും ചെയ്യണം. അതിന്റെ മുഖവുരയായിട്ട് എന്തുകൊണ്ട് അതിൽ ബന്ധപ്പെട്ട പോലീസുദ്യോഗസ്ഥൻമാരെ സസ്പെൻറ് ചെയ്യുന്നില്ല. ആ നിലയ്ക്ക് എനിക്കു പറയുവാനുള്ളത് പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നും ഉണ്ടെന്നു പറയപ്പെടുന്ന ഉണ്ടോ ഇല്ലയോ എന്നുള്ള ഭാഗത്തേക്ക് ഞാൻ കടക്കുന്നില്ല ലോക്കപ്പ് മർദ്ദനം വാനിനകത്തെ മർദ്ദനം ഇതു സംബന്ധിച്ച് പോലീസു ചെയ്യുന്നതു നിയമത്തിന് എതിരായിട്ടാണ്. നിയമപ്രകാരം അധികാരമില്ലാത്ത കാര്യമാണ്. വാനിൽവച്ചും ലോക്കപ്പിൽ വച്ചും നടത്തിയിട്ടുള്ള മർദ്ദനം, ഇതെല്ലാം പോലീസിന്റെ വശത്തുള്ള നിയമം കയ്യിലെടുക്കലാണ്. എന്നു പറഞ്ഞാൽ നിയമമില്ലാത്ത ഭരണം. എന്നു പറഞ്ഞിട്ട് ഞാൻ പറഞ്ഞു ഇങ്ങനെ നിയമമില്ലാത്ത ഭരണം തുടർന്നു വരികയാണെങ്കിൽ ഞാൻ ഉപയോഗിച്ച വാക്കുകൾ ഇത്തരം ഭരണത്തിൽ കീഴടങ്ങരുതെന്നുള്ള രാഷ്ട്രീയ ബാലപാഠത്തോടുകൂടിയാണ് ഞാൻ പൊതുജീവിതത്തിലിറങ്ങിയത് എന്നാണ്. ഇത് എന്നെ പഠിപ്പിച്ചത് ഗാന്ധിജിയാണ്. ചെകുത്താന്റെ ഭരണവും നിയമമില്ലാത്ത ഭരണവും ഉള്ള കാലത്തോളം ആ ഭരണത്തിൽ കീഴടങ്ങുന്നത് ആത്മാഭിമാനമുള്ള ഒരാളിനു യോജിച്ചതല്ല എന്നു പറഞ്ഞുകൊണ്ടാണ്. അതിൽ മഹാത്മാഗാന്ധി നിർദ്ദേശിച്ച മാർഗ്ഗം സഹനസമരമായിരുന്നു. പിന്നീട് പിൽക്കാലത്തുള്ള അനുഭവം കൊണ്ട് സഹനസമരം അത്ര ഫലപ്രദമല്ലെന്നു പറഞ്ഞ് ഞങ്ങൾ വേറെ വഴിക്കു തിരിഞ്ഞു. ജനങ്ങളെ അടിച്ചമർത്തണമെന്നുള്ള ഹുങ്കോടുകൂടി ഭരണാധികാരികൾ ഇറങ്ങുകയാണെങ്കിൽ അതിന് ആത്മാഭിമാനമുള്ള ഒരാളും കീഴടങ്ങരുത്. കീഴടങ്ങാതെ ഇരിക്കുമ്പോൾ അതിനെ എങ്ങിനെ നേരിടണമെന്ന് അതിനു നിരാഹാര സത്യാഗ്രഹമാണോ, മററ് സത്യാഗ്രഹമാണോ എന്ന് ഞങ്ങളെ സംബന്ധിച്ചിടത്തോളം വ്യക്തമായി പറയാം. ഞങ്ങൾ കമ്മ്യൂണിസ്ററുകാർ മാർഗ്ഗത്തിൽ ഇന്ന മാർഗ്ഗങ്ങളെ പാടുള്ളു, ഇന്നത് പാടില്ല എന്ന് വിശ്വസിക്കുന്നില്ല. ചിലർ ഇവിടെ പറയുകയുണ്ടായി. മാർക്സിസ്ററ് കമ്മ്യൂണിസ്ററുകാർ നിരാഹാരസത്യഗ്രഹം നടത്തിയെന്ന്. അതു കണ്ടപ്പോൾ പരിഹാസം. നേരേ മറിച്ച് സായുധസമരത്തെക്കുറിച്ച് പറഞ്ഞാൽ അതിനും കുററം. ഒന്നും ചെയ്തുകൂടാ. ഞങ്ങളെ സംബന്ധിച്ചിടത്തോളം മർദ്ദനം നടത്തിക്കൊണ്ടിരിക്കുന്ന ഭരണാധികാരികളെ, അക്രമം നടത്തുന്ന നിക്ഷിപ്ത താൽപ്പര്യ

LIBRARY ARCHIVES Kerala Legislative Assembly

ക്കാരെ അവരെ നേരിടുന്നതിനു ജനങ്ങൾ അവർക്ക് സൗകര്യംപോലെ ഉപയോഗിക്കാവുന്ന ഒരുമാർഗ്ഗത്തേയും ഞങ്ങൾ ആക്ഷേപിക്കുകയില്ല. അതിൽ പലതും തെററാണെന്ന് ഞങ്ങൾക്ക് തോന്നിയേക്കും. എന്നാലും അവരെ ഞങ്ങൾ ആക്ഷേപിക്കുകയില്ല. ആരുംതന്നെ ആക്ഷേപിക്കുകയില്ല. എന്നിട്ട് ഇത്രയും പറഞ്ഞു. 'അള മുട്ടിയാൽ ചേരയും കടിക്കും' ആ സ്ഥിതിയിലേക്ക് നിങ്ങൾ രാജ്യത്തെ നീക്കരുത്. ആ സ്ഥിതിയിലേക്ക് നിങ്ങൾ രാജ്യത്തെ നീക്കിക്കൊണ്ടിരിക്കുകയാണ്. പറാൽ സംഭവം തൈക്കാട്ടുശേരി സംഭവം അതുപോലെതന്നെ നിരവധി സ്ഥലങ്ങളിൽ ഉണ്ടായിട്ടുള്ള സംഭവങ്ങൾ നോക്കുക. ബഹുമാനപ്പെട്ട ജോർജ് പറയുന്നതുകേട്ടു സി. ആർ. പി. യെ സ്വപ്നം കണ്ടുകൊണ്ടിരിക്കുകയാണെന്ന് ചിലയിടത്ത് സി. ആർ. പി. യെ. പിൻവലിക്കണം അല്ലേടാ എന്നുചോദിച്ചുകൊണ്ടാണ് അടി. ഇതെല്ലാം നടക്കുമ്പോൾ ആളുകൾ സ്വല്പം വഴിതെററിയേക്കാം. അങ്ങിനെ വഴിതെററുന്നവരെ ഞങ്ങൾ വഴി തെററിയവരാണെന്നു പറഞ്ഞ് ആക്ഷേപിക്കുകയില്ല. 1942-ൽ മഹാത്മാഗാന്ധി ചെയ്തതിനെ ആരും ആക്ഷേപിച്ചില്ല. അതിലേക്കൊന്നും ഞാൻ കടക്കുന്നില്ല. ഇവിടെയാണെങ്കിൽ ഈ പ്രസ്ഥാനം അടിച്ചമർത്തുന്നതിന് ഇപ്പോൾ വാനിലിട്ടും ലോക്കപ്പിലിട്ടും പൊതിരെ തല്ലുന്ന രീതി—ഒളിച്ചുവയ്ക്കണമെന്നൊന്നുമില്ല—പരസ്യമായിട്ടു ചെയ്തുകൊണ്ടിരിക്കുകയാണ്. ഇതു നിറുത്താതെകണ്ടു യാതൊരു രക്ഷയുമില്ല.

സർ, ഇക്കൂട്ടത്തിൽ തന്നെയാണ് എനിക്ക് മാനന്തവാടി സംഭവത്തെക്കുറിച്ചു പറയുവാനുള്ളത്. മാനന്തവാടിയിൽ വർഗ്ഗീസും അദ്ദേഹത്തിൻെറ കൂട്ടാളികളും ചെയ്തിട്ടുണ്ടെന്നു നാട്ടുകാർ പറയുന്ന കാര്യം ശരിയാണെങ്കിൽ തീർച്ചയായും നിയമപ്രകാരം അയാളെ അറസ്ററുചെയ്യണം., വിചാരണ ചെയ്യണം, ശിക്ഷിക്കണം., വേണമെന്നുണ്ടെങ്കിൽ തൂക്കിക്കൊല്ലാൻ വിധിക്കണം. അതെല്ലാംതന്നെ ന്യായമാണ്. വീടുകൾ കൊള്ളചെയ്യുകയും, ആളുകളെ കൊല്ലുകയും ചെയ്തിട്ടുണ്ടെങ്കിൽ അതിൻമേൽ യാതൊരു ദയയും കാണിക്കണമെന്നു ഞാൻ ആവശ്യപ്പെടുന്നില്ല. എന്നാൽ അവിടെ നടന്നത് എന്താണ്. നടന്നതിനെപ്പററിയുള്ള പോലീസ് വെർഷൻ ലവലേശം വിശ്വസിക്കാൻ സാധിക്കുകയില്ല. ഏററുമുട്ടൽ നടന്നു എന്നു പറയുന്ന സ്ഥലം കണ്ട ആളാണ് ഞാൻ. ആ സ്ഥലത്തെപ്പററി കേട്ട റിപ്പോർട്ട് വർഗ്ഗീസ് ഒളിച്ചു നിൽക്കുന്നത് പാറകളുടെ നടുക്കാണെന്നാണ്. അങ്ങനെയാണെങ്കിൽ ഒരു വശത്തേ പാറകൾ കാണുകയുള്ളു. അതിൻെറ മറുവശം പാടമാണ്. ആ പാടത്തിൽ ചെന്നു നോക്കിയാൽ ഈ പാറകൾ കാണാം. അതുകൊണ്ട് ഒളിച്ചുനിൽക്കാൻ ഇത്ര പററാത്ത ഒരു സ്ഥലമുണ്ടെന്ന് ഞാൻ പറയുന്നതിനെ ബഹുമാനപ്പെട്ട മന്ത്രി വിശ്വസിക്കണം. ആ സ്ഥലത്ത്പോയാൽ ഇതു കാണാം എന്നുമാത്രമല്ല മററു സാഹചര്യങ്ങൾ, അതെന്താണെന്നു ഞാൻ പറയുന്നില്ല. ആ സാഹചര്യങ്ങൾ എല്ലാം നോക്കിയിട്ട് എന്നെ സംബന്ധിച്ചിടത്തോളം ബോദ്ധ്യമായിട്ടുണ്ട്. എനിക്കു ബോദ്ധ്യമായത് ഒരു പ്രശ്നമല്ല. അവിടെയുള്ളവരിൽ പലരും എന്നോട് പറയുകയുണ്ടായി. പറയണമെങ്കിൽതന്നെ ഞങ്ങൾക്ക് അതിനെപ്പററിയൊന്നും ഇപ്പോൾ പറയാൻ ധൈര്യമില്ലെന്ന്. എന്തുകൊണ്ട്? അവരുടെ ഭയം എന്തുകൊണ്ടാണെന്നുവച്ചാൽ വർഗ്ഗീസ് ചെയ്ത കുററത്തിന്പിടിക്കുമെന്നാണ്. വർഗ്ഗീസ് ചെയ്ത പ്രവൃത്തികളോട് അങ്ങേയററത്തെ പ്രതിഷേധവും അമർഷവും ഉള്ളവർ വർഗ്ഗീസിനെതിരായിട്ട് നടപടികൾ എടുക്കണമെന്ന് ആഗ്രഹമുള്ളവർ, വർഗ്ഗീസിനോട് ചെയ്തത് ശരിയല്ലെന്ന് അഭിപ്രായമുള്ളവരാണ് അവിടെയുള്ളവരെല്ലാം. മാത്രമല്ല അപ്പുറത്തിരിക്കുന്ന ബഹുമാനപ്പെട്ട മെമ്പർമാരുടെ പാർട്ടിയിൽ ചിലതിൻെറ അവിടത്തെ കമ്മിററിയിലെ മെമ്പറൻമാരും വസ്തുക്കൾ ശരിയാണെന്നു മാത്രം പറഞ്ഞു ഞാൻ നിറുത്തുന്നില്ല. അതിനെ സംബന്ധിച്ച് വേണ്ട അന്വേഷണം നടത്തണ

LIBRARY ARCHIVES Kerala Legislative Assembly

മെന്ന് പറഞ്ഞിട്ടുണ്ട്. അന്വേഷണം നടത്തുമ്പോൾ ഭയം കൂടാതെ വസ്തുതകൾ സത്യമായി പറയത്തക്കവിധത്തിലുള്ള സാഹചര്യം നാട്ടുകാർക്ക് സൃഷ്ടിക്കണം. ഈ സംഭവം മാനന്തവാടിയിലാദ്യം ആണെങ്കിലും കേരളത്തിൽ ഇതിനു മുൻപും നടന്നിട്ടുണ്ട്. 1950—ൽ കണ്ണൂർ സെൻട്രൽ ജയിലിൽ കിടന്നിരുന്ന രയിരു നമ്പ്യാർ, അപ്പൂട്ടി നമ്പ്യാർ, ഗോപാലൻ നമ്പ്യാർ—എന്നീ മൂന്നുപേരെ പട്ടാപ്പകൽ നിങ്ങൾക്ക് ജാമ്യമുണ്ടെന്നുപറഞ്ഞു കൂട്ടിക്കൊണ്ടുപോയി അങ്ങനെ കൊണ്ടുപോയതിന്റെ പിറേറ ദിവസം രാവിലെ പത്രത്തിൽ 'പാടിക്കുന്ന് എന്ന സ്ഥലത്തുവച്ച് ഈ മൂന്നുപേരും പോലീസുമായി ഏററുമുട്ടിയതിന്റെ ഫലമായി മൂന്നുപേരും കൊല്ലപ്പെട്ടു' എന്നു വാർത്ത വരികയുണ്ടായി. കേരളത്തിൽ നടന്നതാണ്. അവരുടെ കൂടെ ജയിലിൽ കിടന്നവർ പോലീസുകാർ അവരെ കൂട്ടിക്കൊണ്ടു പോകുന്നത് കണ്ടതാണ്. പിറേറ ദിവസം പത്രത്തിൽ വന്ന വാർത്ത ഇതുമാണ്. ഇത്തരത്തിലുള്ള സംഭവങ്ങൾ കേരളത്തിൽ മാത്രമല്ല, തെലുങ്കാന, ആന്ധ്ര മുതലായ സംസ്ഥാനങ്ങളിലും നടന്നിട്ടുള്ള സംഭവങ്ങളെക്കുറിച്ച് നിരവധി വിവരങ്ങൾ എന്റെ കൈവശമുണ്ട്. അതെല്ലാംതന്നെ കോൺഗ്രസ് ഗവൺമെൻറിന്റെ കാലത്തുനടന്നതാണ്. ഇപ്പോൾ പുതിയ കാൺഗ്രസുമായിട്ടുള്ള കൂട്ടുകെട്ടാണോ എന്തോ അച്ചുതമേനോന്റെ കാലത്തും ഇതു നടന്നിരിക്കുകയാണ്. ഇത് വളരെ സൂക്ഷിച്ചാണ് പറയുന്നത്. അങ്ങനെ സംശയിക്കാനുള്ള അനേകം കാര്യങ്ങളുണ്ട്. അവിടെയുള്ള ആളുകളുമായി സംസാരിക്കുകയും, അവിടെപോയി കാണുകയും ചെയ്ത സമയത്ത് വർഗ്ഗീസിനെ കാലത്ത് പത്തരമണിക്ക് പിടിച്ചുവെന്നും പോലീസ് ക്യാമ്പിൽവച്ച് അയാളെ അതിഭയങ്കരമായി മർദ്ദിച്ചുവെന്നും ആളുകളെ കാണിക്കേണ്ടത് ഈ ഭയങ്കര സ്ഥിതിയിലാണെന്നുള്ളതുകൊണ്ടാണ് പിന്നീട് വെടിവച്ചുകൊന്നതെന്നുമാണ് ആളുകൾ പറയുന്നത്. ഇത് സത്യമാണോ എന്നുള്ള സ്ഥിതിയിലേക്ക് ഞാൻ കടക്കുന്നില്ല. വർഗ്ഗീസ് ഒളിച്ചു നിന്ന സ്ഥലത്തുവച്ച് പോലീസുമായിട്ട് ഏററുമുട്ടുകയും അപ്പോൾ വെടിവച്ചതിന്റെ ഫലമായിട്ടാണ് അയാൾ മരിച്ചതെന്നും പറഞ്ഞാൽ വിശ്വസിക്കാൻ എനിക്ക് സാദ്ധ്യമല്ല. എതായാലും ഇത് അന്വേഷണ വിധേയമാക്കണം. ഈ സാഹചര്യത്തിൽ അന്വേഷിക്കുകയാണെങ്കിൽ അവിടെയുള്ള ആളുകൾ സത്യം പുറത്തു പറയാൻ ഭയപ്പെടും. അതുകൊണ്ട് സത്യം പുറത്തു പറയുന്നതിന് ആളുകൾക്ക് ഭയമില്ലാത്ത ഒരു സാഹചര്യം സൃഷ്ടിച്ചുകൊടുക്കണം. ഇതാണ് എനിക്ക് പറയാനുള്ളത്.

ഈ ഗവൺമെൻറിന്റെ നയങ്ങളെ ന്യായീകരിച്ചുകൊണ്ടും മുൻ ഗവൺമെൻറ് ചെയ്ത കാര്യങ്ങളെപ്പററിയും പല പരാമർശങ്ങളും ഇവിടെ വരികയുണ്ടായി. മുൻ ഗവൺമെൻറു ചെയ്ത കാര്യങ്ങൾ ശരിയോ തെറേറാ എന്നുള്ള പ്രശ്നത്തിലേക്ക് ഞാൻ കടക്കുന്നില്ല. കടക്കാത്തത്, അതു കടക്കാനുള്ള സാഹചര്യം ഇനിയും ഉണ്ടാകുമെന്നുള്ളതുകൊണ്ടാണ്. എന്നാൽ ഇന്ന് ചെയ്യുന്ന കാര്യം ഇത് നിറുത്തണമെന്നുള്ള ആഗ്രഹം അപ്പുറത്തിരിക്കുന്ന പാർട്ടികൾക്കുണ്ടോ? അതിൽ പല പാർട്ടികളും ഈ അടുത്ത കാലത്തായി നയപരിപാടി പുനഃചിന്തനത്തെ കുറിച്ച് ഉറക്കെ ചിന്തിക്കാൻ തുടങ്ങിയിട്ടുണ്ട്. അതിൽ ഒരു പാർട്ടിയുടെ നേതാവ്, ശ്രീ. ബേബിജോൺ, മാർക്സിസ്ററ് കമ്മ്യൂണിസ്ററ് പാർട്ടി പുനഃചിന്തനം ചെയ്യണമെന്ന് പറയുകയുണ്ടായി. മാർക്സിസ്ററ് കമ്മ്യൂണിസ്ററ് പാർട്ടി പുനഃചിന്തനം ചെയ്യുന്നകാര്യം ഞങ്ങൾ ആലോചിക്കാം. അതിനെപ്പററി അദ്ദേഹവുമായിട്ട് സംസാരിക്കണമെങ്കിലും ഞാൻ സംസാരിക്കാം പക്ഷെ ഇത്തരത്തിലുള്ള പോലീസ് മർദ്ദനം അതിൽ എം. എൽ. എ. മാർ വരെ വിധേയരാകുന്ന സാഹചര്യം ഉണ്ടായിട്ടുണ്ട്, എം. എൽ. എ. മാരെ തല്ലി ആശുപത്രിയിൽ ആക്കിയാൽത്തന്നേയും, തല്ലിയവർക്ക് യാതൊരു ശിക്ഷയുമില്ല. പഴയപടിതന്നെ തുടർന്നുകൊണ്ടിരിക്കുകയാണ്. പഴയപടി തുടരുന്നതിൽ നിങ്ങൾക്ക് ഒരു പുനഃചിന്തനമില്ലേ? നിങ്ങൾക്ക് പുനഃചിന്തനമില്ലെങ്കിൽ

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ തീർച്ച പറയുന്നു, ഞങ്ങൾക്ക് പുന:ചിന്തനം ഇല്ലെന്നുമാത്രമല്ല നിങ്ങളെ ഇതുവരെ സഹായിച്ച പലരുടേയും കാര്യത്തിൽ പുന:ചിന്തനമുണ്ടാകും. നിങ്ങൾക്ക് പുന:ചിന്തനം ഉണ്ടാകുമെന്നുള്ള കാര്യത്തിൽ സംശയമില്ല. ഇപ്പോൾ എന്തുകാരണങ്ങൾ കൊണ്ടായാലും പുന:ചിന്തനം നടത്തുന്ന വേറേ പാർട്ടികളുണ്ട്. ഞാൻ ഉദ്ദേശിക്കുന്നത് ഐ. എസ്. പി. യെ ആണ്. അവരിൽ പലരും പലതും പറഞ്ഞു നടക്കുന്നുണ്ട്. അതിൽ എനിക്ക് കാര്യമില്ല. ബഹുമാനപ്പെട്ട ശേഷൻ മന്ത്രിയാകണമോ വേണ്ടയോ എന്നുള്ളത് എന്റെ കാര്യമല്ല. ഐ. എസ്. പി. യുടെ വക്താവായി മുന്നോട്ടു വരേണ്ടത് ബഹുമാനപ്പെട്ട ശേഷനാണോ, ബഹുമാനപ്പെട്ട കുറുപ്പാണോ, ബഹുമാനപ്പെട്ട നീലകണ്ഠൻ നായരാണോ, ബഹുമാനപ്പെട്ട പി. കെ. കുഞ്ഞാണോ? അത് അവരുടെ കുടുംബ കാര്യമാണ്. എനിക്ക് അതിനെപ്പററി ഒന്നും പറയാനില്ല.

പക്ഷേ ഒരു കാര്യം ചോദിക്കാൻ ഞാനാഗ്രഹിക്കുകയാണ്. കായംകുളത്തു നടന്ന സംഭവങ്ങളെല്ലാം പുറത്തു വന്നു, അതനുഭവിച്ച ആളുകൾ തന്നെ അതേക്കുറിച്ച് പറഞ്ഞു, ഒരു പൊതുയോഗത്തിൽ വച്ച് ഞാൻ പറഞ്ഞു. ബഹുമാനപ്പെട്ട കുഞ്ഞിന്റെ നിയോജകമണ്ഡലത്തിലാണിത്. ഈ നിയോജകമണ്ഡലത്തിന്റെ നടുക്കുള്ള പട്ടണത്തിൽ വച്ചാണ് ഇത്രയും സംഭവങ്ങൾ നടന്നതെന്ന് ഒരു പൊതുയോഗത്തിൽ പറഞ്ഞിട്ടുള്ളതാണ്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട കുഞ്ഞ് എന്തു നിലപാടെടുക്കുമെന്ന് തിരുമാനിച്ചിട്ട് പിന്നീടാകാം അദ്ദേഹം ശ്രമിക്കുന്ന മററു കാര്യങ്ങൾ അലോചിക്കുക. അതു കുറച്ചു താമസിച്ചാലും എം. എൽ. എ. യെന്നുള്ള നിലയിൽ അദ്ദേഹത്തിന് ഒരു കടമയുണ്ട്. പത്ത് നാലായിരം ആളുകളുടെ മുമ്പിൽ വച്ച് ഞങ്ങളെ ഇന്നയിന്ന വിധത്തിൽ ചെയ്തുയെന്ന് അനുഭവിച്ചവർ ഒരു പൊതുയോഗത്തിൽ പറയുന്ന അവസരത്തിൽ, ഒന്നുകിൽ അതെല്ലാം കള്ളമാണ് എന്നു പറഞ്ഞ് ഭരണകക്ഷിയെ ന്യായീകരിക്കാം. അല്ലെങ്കിൽ ഈ പറയുന്ന സ്ഥിതിക്ക് ഇത് നടത്തിയവരുടെ പേരിൽ സസ്പെൻഷൻ നടപടിയെടുത്തുകൊണ്ടുവേണം എന്ന് എം. എൽ. എ. എന്ന നിലയിൽ അദ്ദേഹത്തിനു ആവശ്യപ്പെടാം. ഇത്തരത്തിൽ പുനശ്ചിന്തനം വേണമെന്ന് പറയുന്നത് നടപ്പില്ല. ഈ തരത്തിലുള്ള പുനശ്ചിന്തനമല്ല, ഗവൺമെൻറിന് പൊതുവിൽ അല്ല, ഗവൺമെൻറിന്റെ ഭാഗമായിട്ടോ, ഗവൺമെൻറിനെ സഹായിച്ചുകൊണ്ടോ അതല്ലെങ്കിൽ അടുത്ത അവസരത്തിൽ എതിർത്തു കളയാമെന്ന രീതിയിൽ സഹായിച്ചിട്ടുള്ള ഇവിടെ നിൽക്കുന്ന ഓരോ പാർട്ടിക്കാരോടു ഞാൻ ചോദിക്കുകയാണ്. അതേക്കുറിച്ച് നിങ്ങളുടെ നിലപാടെന്താണ്. തുടരലാണോ? ഈ നിലയിൽ ഈ രാജ്യം പുരോഗമിക്കുമെന്നാണോ കരുതുന്നത്. ബഹുമാനപ്പെട്ട ഹാജി നേരത്തെ പറഞ്ഞതു കേട്ടു അങ്ങനെ തുടർന്നാൽ നാട്ടിന് അത് നല്ലതല്ലെന്ന്. അങ്ങനെ നാട്ടിന് നല്ലതല്ലാത്ത കാര്യങ്ങൾ എന്തെന്ന് പരിശോധിച്ച് ഇന്നുള്ള ഏററവും അപായകരമായിട്ടുള്ള നിലയ്ക്കു മാററം വരുത്താനുള്ള കാര്യമായിട്ടുള്ള ശ്രമങ്ങൾ അപ്പുറത്തിരിക്കുന്ന പാർട്ടികളും മന്ത്രിമാരും ചെയ്യുമോ? ഇതാണ് എന്റെ ചോദ്യം. ഇതു ചെയ്യുമെന്നുള്ളതിന് ഉറപ്പ് വന്നിട്ടുണ്ടെങ്കിൽ ഏററവും ചുരുങ്ങിയത്, മിനിമമായിട്ടുള്ള കാര്യമാണ് പറയുന്നത്, അന്ന് 28-ാം തീയതി ഞങ്ങൾ ഏതാനും എം. എൽ. എ. മാർ തിരുവനന്തപുരം നഗരത്തിൽ വച്ച് കണ്ടതെന്ന് പറഞ്ഞിട്ടുള്ള കാര്യത്തിന് ഈ സഭയിൽ ഇപ്പോൾ ചില എം. എൽ. എ. മാർ അവർക്ക് നേരിട്ടനുഭവിക്കേണ്ടിവന്നുയെന്നു പറഞ്ഞിട്ടുള്ള കാര്യത്തിലെങ്കിലും, വളരെ മിനിമമാണ്; ഈ മിനിമത്തിൽ നേരത്തെ പറഞ്ഞ കായംകുളത്തെ സംഭവം പെടുകയില്ല, കായംകുളത്തെ സംഭവത്തെപോലെ ഗൗരവതരമായ തൃശ്ശൂരിൽ ഫെബ്രുവരി 18, 19 തീയതികളിലെ സംഭവം പെടുകയില്ല. അതുപോലെ ജീരകപ്പാറ മുതലായ സ്ഥലങ്ങളിലെ സംഭവം പെടുകയില്ല, ഇത്രയും കാര്യത്തിലെങ്കിലും ഉത്തരവാദികളായ ഉദ്യോഗസ്ഥൻമാരെ ഉടനെ സസ്പെൻററു

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തുകൊണ്ട് ഒരു അന്വേഷണത്തിന് ഗവൺമെന്റ് ഉത്തരവിടുമോ? അതല്ലെങ്കിൽ ഈ നിലയിൽ തുടരാനാണ് ഭാവമെങ്കിൽ ഗതിമുട്ടിയാൽ ആളുകൾ എന്തും ചെയ്യും. അതിന് ഞങ്ങളെ പറഞ്ഞിട്ടു കാര്യമില്ല. അങ്ങനെ ഞങ്ങൾ ചെയ്യുന്നവരാണെന്ന് പറഞ്ഞ് പരത്തിയതുകൊണ്ട് പിൻമാറാനും പോകുന്നില്ല. ഞാൻ നേരത്തെ പറഞ്ഞതുപോലെ "അളമുട്ടിയാൽ ചേരയും കടിക്കും". അള മുട്ടിച്ചാൽ അതു ചെയ്തവർ അതിന്റെ ഉത്തരവാദിത്വം വഹിക്കണം. നേരെമറിച്ച് ഈ വൈകിയവേളയിലെങ്കിലും ഈ കാര്യത്തേക്കുറിച്ച് പുനശ്ചിന്തനം നടത്തണം. ബാക്കികാര്യങ്ങളിൽ പുനശ്ചിന്തനം വേറെ ആലോചിക്കാം. ബേബി ജോണിന്റെ പ്രസംഗത്തിൽ അദ്ദേഹവും താനും വേറെ ചില പാർട്ടികളുമായി എന്തോ പുനശ്ചിന്തനം നടത്തുന്നുണ്ടെന്നു പറയുന്നതു കേട്ടു. ആ പുനശ്ചിന്തനം നടത്താൻ അദ്ദേഹത്തിന് സ്വാതന്ത്ര്യമുണ്ട്. അതിലൊന്നും എനിക്ക് എതിർപ്പില്ല. എനിക്ക് എതിർപ്പുള്ളത് ഇന്നത്തെ ഈ അടിയന്തിരപ്രശ്നത്തിൽ എന്തു നിലപാട് എടുക്കുന്നുണ്ടെന്നുള്ളതിലാണ്. അതിനെ സംബന്ധിച്ചിടത്തോളം ഞാൻ മററു പാർട്ടികളിൽ ഓരോന്നിന്റെയും വേറെ വേറെ പേരെടുത്തു പറയുന്നില്ല. ഇന്നത്തെ പ്രസംഗം കേട്ടതിൽനിന്നും ചില പ്രസ്താവനകൾ പത്രങ്ങളിൽ കണ്ടതിൽനിന്നുമെല്ലാം എനിക്കാശ്വാസം തോന്നുന്നത് ഭരണകക്ഷികളിൽ ചില പാർട്ടികൾ തന്നെ അതിൽ കൂടി കുറച്ചു കടന്നു പോകുന്നുണ്ടെന്നതിലാണ്. കുറെ സ്ഥലങ്ങളിലെങ്കിലും അവരിൽ ചിലർക്കു കൂടി പോലീസ് മർദ്ദനം കിട്ടാൻ തുടങ്ങിയിരിക്കുകയാണ്. പോലീസിനെ കയറൂരി വിട്ടാൽ ഇന്നയാളെ തല്ലുകയുള്ളു എന്നുള്ള ഉറപ്പൊന്നുമില്ല. ബഹുമാനപ്പെട്ട ശേഷൻ മുമ്പോരിക്കൽ സാഹിത്യഭാഷയിൽ പറഞ്ഞു, പോലീസുകാരുടെ കൈയിലിരിക്കുന്നത് ഓടക്കുഴലല്ലെന്ന്. വടിയാണ് ഉള്ളതെന്നുണ്ടെങ്കിലും അതു മാർക്സിസ്ററു കമ്മ്യൂണിസ്ററുപാർട്ടിക്കാരുടെ മേൽ പ്രയോഗിക്കാനുള്ള നിർബന്ധം ബഹുമാനപ്പെട്ട ശേഷനുണ്ടെങ്കിലും, ഇപ്പോഴത് നമ്പീശൻ മാസ്ററർക്കാണ് പററിയതെങ്കിലും ഇനിയത് ചിലപ്പോൾ ശേഷൻ മാസ്ററർക്കും പററിയേക്കാം. ഇതുപോലുള്ള സംഭവങ്ങൾ ചില സ്ഥലങ്ങളിൽ വരാൻ തുടങ്ങിയിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതുകൊണ്ട് ഇതു അവസാനിപ്പിക്കുന്നതിന് അപ്പുറത്തിരിക്കുന്നവരും ഇപ്പുറത്തിരിക്കുന്നവരുമായിട്ടുള്ള എല്ലാ ബഹു: മെമ്പറൻമാരുടെ ജീവനും സ്വത്തിനും രക്ഷയില്ലെന്നുള്ള സ്ഥിതി വരുമെന്നു പറഞ്ഞാൽ അതപകടമാണ്, ഈ സ്ഥിതി അവസാനിപ്പിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: സർ, വളരെയധികം വിമർശനങ്ങൾക്ക് വിധേയമായ ഒരു വകുപ്പിന്റെ ചാർജ് വഹിക്കുന്ന മന്ത്രിയെന്നുള്ള നിലയിൽ ഞാൻ ഇപ്പോൾ പ്രസംഗിക്കാൻ എഴുന്നേററു നിൽക്കുകയാണ്. വളരെ പ്രതികൂലമായ പരിത:സ്ഥിതികളിൽ വിഷമതകളോടു മല്ലിട്ട് ജീവൻ പോലും അപകടപ്പെടുത്തി രാജ്യസേവനം ചെയ്യുന്ന നമ്മുടെ രാജ്യത്തെ ഒരു വിഭാഗം നിശബ്ദ ജീവികളേയാണ് ഞാൻ പ്രതിനിധാനം ചെയ്യുന്നതെന്നും അവർക്ക് വേണ്ടി സംസാരിക്കാൻ എഴുന്നേററുനിൽക്കുമ്പോൾ വളരെയധികം ആക്ഷേപങ്ങൾക്ക് വിധേയരായ ഒരു വിഭാഗമാണ് അവരെന്നുള്ളതു ഞാൻ മനസ്സിലാക്കുന്നുണ്ടെന്നും ആദ്യമായി പ്രസ്താവിച്ചു കൊള്ളട്ടെ. പോലീസു മർദ്ദനങ്ങളുടെ കഥകൾ ധാരാളക്കണക്കിന് സൃഷ്ടിച്ചു ഈ രാജ്യത്താകെ പോലീസ് രാജാണ് നടത്തുന്നതെന്നും നാട്ടിലുടനീളം പോലീസ് മർദ്ദനങ്ങൾ അഴിച്ചു വിടുകയാണെന്നുള്ള അവസ്ഥാവിശേഷം വരുത്തിതീർത്ത് പോലീസിന്റെ മേൽ കരിവാരിതേക്കുവാനും അവരെ നിർവീര്യമാക്കാനും നടത്തുന്ന സംഘടിതമായ ഒരു ശ്രമത്തിന്റെ ഫലമായി ധാരാളം

LIBRARY ARCHIVES Kerala Legislative Assembly

കഥകൾ ഇവിടെ പ്രചരിച്ചിട്ടുണ്ട്. ആ കൂട്ടത്തിൽ അങ്ങിങ്ങായി പോലീസിന്റെ ഭാഗത്തുനിന്നു ചില അതിരുകടന്ന പ്രവർത്തനങ്ങൾ ഉണ്ടായിട്ടുണ്ടെന്നും, പോലീസ് ഉദ്യോഗസ്ഥന്മാർ അവിഹിതമായി പ്രവർത്തിച്ചിട്ടുണ്ടെന്നും ന്യായമായ തോതിലുള്ള ആവലാതികളും ഉണ്ടായിട്ടുണ്ട്. ഈ പ്രചാരവേലയുടെ കാടുപടലത്തിൽനിന്നും ന്യായമായ ആവലാതികൾ കണ്ടുപിടിക്കാൻ പ്രയാസമുണ്ടെങ്കിലും, ആവലാതികളുണ്ടായ സന്ദർഭങ്ങളിലെല്ലാം ഈ ആവലാതികളെക്കുറിച്ച് അന്വേഷിക്കുവാനും, ജുഡീഷ്യൽ അന്വേഷണം നടത്തണമെന്നു തോന്നിയ സന്ദർഭങ്ങളിൽ ജുഡീഷ്യൽ അന്വേഷണത്തിന് കല്പന കൊടുക്കുവാനും, ഡിപ്പാർട്ടുമെന്റൽ അന്വേഷണം മതിയെന്നു തോന്നിയ സന്ദർഭത്തിൽ ഡിപ്പാർട്ടുമെന്റിൽ അന്വേഷണം ഓർഡർ ചെയ്യുവാനും, റവന്യൂ ഉദ്യോഗസ്ഥന്മാരെക്കൊണ്ട് അന്വേഷണം വേണ്ടന്നുള്ളിടത്തു അങ്ങനെ നടത്തുവാനും ഗവൺമെന്റ് യാതൊരു മടിയും കാണിച്ചിട്ടില്ല. ഈ കാര്യങ്ങളിലാകെ ഏറെക്കുറെ എന്റെ പൂർവ്വഗാമിയായ ആഭ്യന്തരമന്ത്രിയുടെ നയമാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് പറയാൻ ആഗ്രഹമുണ്ട്. പക്ഷേ അന്നത്തെ ആക്ഷേപവും ഇന്നത്തെ ആക്ഷേപവുംതമ്മിൽ ഒരു താരതമ്യപഠനം നടത്തുന്നതു പ്രയോജനപ്രദമായിരിക്കും. ശക്തിയായ ഒരു പ്രതിപക്ഷം തെരുവിൽ വച്ച് കണ്ടുകൊള്ളാമെന്നുള്ള വെല്ലുവിളിയോടുകൂടി ആയുധം ശേഖരിക്കുന്നതിനെ ന്യായീകരിച്ചുകൊണ്ട് ആരെന്തു ചെയ്താലും തങ്ങൾ അതിനെ ആക്ഷേപിക്കുകയില്ലെന്ന് പ്രഖ്യാപിച്ചുകൊണ്ട് ഈ ഗവൺമെന്റിനെ വെല്ലുവിളിച്ചിരിക്കുകയാണ്. എന്തു ചെയ്താണെങ്കിലും അച്യുതമേനോൻ ഗവൺമെന്റിനെ താഴെയിറക്കുക തങ്ങളുടെ ലക്ഷ്യമാണ്. അതു ചെയ്യുന്നതുവരെ തങ്ങളടങ്ങിയിരിക്കുകയില്ലെന്നു പ്രഖ്യാപിച്ചുകൊണ്ട് ഈ ഗവൺമെന്റ് അധികാരമേറിയ ദിവസം തന്നെ അക്രമാസക്തമായ പ്രതിഷേധപ്രകടനങ്ങൾ നടത്തുകയുണ്ടായി. നിരപരാധികളായ ആളുകൾക്ക് പോലീസിന്റെ തല്ലുകൊള്ളേണ്ടിവന്നിട്ടുണ്ടെങ്കിൽ, ചില സന്ദർഭങ്ങളിൽ അങ്ങനെ ഉണ്ടായിട്ടുണ്ടാകും; അതേക്കുറിച്ച് അന്വേഷണത്തിന് ഏർപ്പാടു ചെയ്യുന്നതും അന്വേഷണഫലം പുറത്തു വരുമ്പോൾ ശക്തമായ നടപടികൾ തീർച്ചയായും കൈക്കൊള്ളുന്നതുമാണ്. ഈ നിയമസഭാവേദിയിൽ നിന്ന് പോലീസുകാരെയും നിയമസമാധാനപരിപാലനത്തിലേർപ്പെട്ടിരിക്കുന്ന ആളുകളെയും അറിയിക്കാനാഗ്രഹിക്കുകയാണ്, നിയമസമാധാനപരിപാലനത്തിനുള്ള പ്രവർത്തനത്തിനിടയിൽ അക്രമപരമായോ അന്യായമായോ നിരപരാധികളായ ആരെയെങ്കിലും മർദ്ദിക്കുന്നതിനെ ഗവൺമെന്റു അനുവദിക്കുകയില്ലെന്ന്. ലാക്കപ്പുമർദ്ദനങ്ങളെയും അതുപോലെയുള്ള മർദ്ദനങ്ങളെയും ഒരുവിധത്തിലും ഗവൺമെന്റു അനുവദിക്കുകയില്ല, എന്നുമാത്രമല്ല ലാക്കപ്പുമർദ്ദനങ്ങളെസംബന്ധിച്ചുള്ള കഥകൾ അന്വേഷണത്തിൽ വാസ്തവമാണെന്നു തെളിയുകയാണെങ്കിൽ തീർച്ചയായും വേണ്ട നടപടികളെടുക്കുകയും ചെയ്യും. അതനുസരിച്ച് സംശയമുണ്ടാകാതെയിരിക്കാൻ വേണ്ടിയാണ് ഇത്രയും പരസ്യമായി പ്രസ്താവന നടത്തുന്നത്. അതേ അവസരത്തിൽ നിയമപരിപാലനത്തിന്റെ കാര്യത്തിൽ പഴയ ചില പാരമ്പര്യങ്ങൾ വച്ചുകൊണ്ട് ചില പാർട്ടിപ്രവർത്തകന്മാർ ഇടപെടുന്നതിനാൽ പോലീസുകാർ വേണ്ടതുപോലെ പ്രവർത്തിക്കുന്നില്ലെന്നുള്ളതിനെക്കുറിച്ചും ചിലർ ആവലാതി പറയുകയുണ്ടായി. ചില ആളുകൾ ഇടപെടുന്നതുകൊണ്ട് പോലീസ് പ്രവർത്തിക്കുന്നില്ലെന്നുള്ള ആവലാതികളുമുണ്ട്. അങ്ങനെയുള്ള ആവലാതികൾ ഗവൺമെന്റ് ഗൗരവപൂർവ്വം വീക്ഷിക്കുന്നതാണ്. ഏതെങ്കിലും ഒരു പ്രത്യേക കക്ഷിക്കുവേണ്ടി അല്ലെങ്കിൽ ഭരണകക്ഷിയുടെ ആളുകൾക്കുവേണ്ടി പോലീസ് ആരെയെങ്കിലും ഉപദ്രവിച്ചുയെന്നുള്ള ആരോപണം ഇവിടെയുണ്ടായിട്ടില്ല. അതാശാസമാണ്. എല്ലാവർക്കും കുറെശേ തല്ലുകൊള്ളാൻ തുടങ്ങിയിട്ടുണ്ട്‌യെന്ന്

ശ്രീ. നമ്പൂതിരിപ്പാട് പറഞ്ഞിട്ടുണ്ട്. ഏതായാലും നിരപരാധികളായ ആളുകൾക്ക് തല്ലുകൊള്ളുന്നതിനെസംബന്ധിച്ചുള്ള എന്റെ നിലപാട് ഞാൻ ആദ്യമേ പറഞ്ഞു. എന്നാലും ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പോലീസുകാർ കക്ഷി പക്ഷപാതപരമായ രീതിയിൽ പ്രവർത്തിക്കുന്നില്ലെന്നുള്ള കാര്യത്തിൽ സന്തോഷമുണ്ട്. അങ്ങനെ പ്രവർത്തിക്കുന്നതും ഗൗരവതരമായി വീക്ഷിക്കുന്നതാണ്. അങ്ങനെയുള്ള കാര്യങ്ങളിൽ ഇടപെടാൻ പാടില്ലെന്നുള്ള നിർദ്ദേശം ഭരണകക്ഷിയിലെ അംഗങ്ങളെസംബന്ധിച്ചിടത്തോളം എല്ലാവർക്കും കൊടുത്തിട്ടുണ്ടെന്നു പറയാൻ ഞാനാഗ്രഹിക്കുകയാണ്. പോലീസ് കാര്യക്ഷമമായും ഊർജ്ജസ്വലമായും നിഷ്പക്ഷമായും പ്രവർത്തിക്കാൻ തുടങ്ങിയപ്പോൾ ചില ഭാഗത്തുനിന്നു പ്രതിഷേധമുണ്ടായി. എന്നുമാത്രമല്ല എന്റെ നേരെ താക്കീതുകൾവന്നു. എനിക്ക് സർ സി. പി. രാമസ്വാമിഅയ്യരുടെ അനുഭവം ഉണ്ടാകുമെന്നുവരെ പറഞ്ഞു. ഉത്തരവാദപ്പെട്ട ആളുകൾ ഇവിടെ അങ്ങനെ പ്രസംഗിക്കുകയുണ്ടായി. ബുദ്ധിയുള്ളവരും ബുദ്ധിയില്ലെന്നു കരുതിക്കൂടാത്തവരുമായ ആളുകൾ പലരും അത് പറഞ്ഞു. എന്നെ വഴി നടത്താൻ സമ്മതിക്കുകയില്ലെന്നു ചിലർ പറഞ്ഞു. എനിക്ക് മലബാറിൽ പോകണമെങ്കിൽ ഹെലികോപ്ടറിൽ പോകണമെന്നുവരെ ചിലർ പ്രസംഗിക്കുകയുണ്ടായി. ഒരു മർദ്ദകനായി എന്നെ ചിത്രീകരിച്ചതിനുശേഷം, എന്റെ ജീവിതം അവസാനിപ്പിക്കണമെന്ന സ്ഥിതിവിശേഷം ഉണ്ടാക്കി. മരണം എന്റെ മുൻപിൽ കരാളനൃത്തം ചെയ്യുന്ന അനുഭവമുണ്ടായതും ഞാൻ രക്ഷപ്പെട്ടതും അറിയാമല്ലോ. നിലമ്പൂരിൽ ഉണ്ടായതെന്താണ്? ആ കേസ് വിചാരണയിൽ ഇരിക്കുന്നതുകൊണ്ട് ഞാനതിനെക്കുറിച്ചൊന്നും പറയുന്നില്ല. ആ സംഭവത്തിനുമുമ്പ് ഞാനതിലെ കടന്നുപോകുമ്പോൾ എന്നെ ദേഹോപദ്രവം ചെയ്യാനും കൊലപ്പെടുത്തുവാനും എന്റെ കാറിന് നേരെ കല്ലെറിയാനും വേണ്ടി സായുധരായ ഒരു ജനക്കൂട്ടം അവിടെ വരുകയും ആക്രമിക്കുകയും ചെയ്തുയെന്നുള്ളതായിരിന്നില്ലേ പരമാർത്ഥം? എന്നിട്ട് ആ നടന്ന സംഭവത്തിനു അതുപോലെതന്നെ മററാക്രമണങ്ങൾക്കും ഞാനാണുത്തരവാദി, ഓരോ സംഭവത്തിനും ഞാനാണുത്തരവാദിയെന്ന് തുടരെത്തുടരെ ഒരു വിഭാഗം ആളുകൾ പറഞ്ഞു നടക്കുന്നു. ഈ രാജ്യത്തെ വെടിവയ്പ്പുകൾക്കും ഈ രാജ്യത്തു നടന്ന ലാത്തിച്ചാർജുകൾക്കും വ്യക്തിപരമായി ഞാൻ ഉത്തരവാദിത്വം വഹിക്കണമോ? പ്രതിപക്ഷനേതാവും ആ ഇരിക്കുന്ന പ്രതിപക്ഷനേതാവും, അദ്ദേഹത്തിന്റെ രാഷ്ട്രീയപാർട്ടിയും അതിനു ഉത്തരവാദിത്വം വഹിക്കണം. ഇ. എം. എസ്സേ നേതാവേ ധീരതയോടെ ഭരിച്ചോളൂ എന്നുള്ളതിന്റെ ''ളൂ'' എന്നുള്ള വാക്ക് അവസാനിക്കുന്നതിന് മുമ്പുതന്നെ പാപ്പാമ്മാളെ വെടിവെച്ചില്ലേ? ഗർഭിണിയായ ഫ്ളോറിയെ വെടിവച്ചു കൊന്നില്ലേ? അങ്കമാലിയിൽ വെടിവച്ചില്ലേ? ഇടുക്കിയിൽ വെടിവയ്പ്പുണ്ടായില്ലേ? പുല്ലാറിൽ വെടിവയ്പുണ്ടായില്ലേ? അതുപോലെതന്നെ വിഴിഞ്ഞത്തും. അതിനാരുത്തരവാദി? ചില കാരണങ്ങൾകൊണ്ട് ചില സന്ദർഭങ്ങളിൽ അതാതു പോലീസുദ്യോഗസ്ഥൻമാർ ഈ പ്രവർത്തനങ്ങൾ നടത്തും. ഭരിക്കുന്ന മന്ത്രിക്കാണ് ആ ചോരയുടെ ഉത്തരവാദിത്വം, അയാളുടെ കയ്യിൽ ചോരയാണ് എന്നു പറയുന്നതിൽ കാര്യമൊന്നുമില്ല. അതു പോലെതന്നെ കറുപ്പുകൊടി കാണിക്കുന്നതിൽ ഒരു പ്രതിഷേധവുമില്ല.

അച്യുതമേനോൻ ഗവൺമെന്റ് ഇരിക്കുന്നിടത്തോളം കാലമത്രയും മന്ത്രിമാർക്കെതിരായി. കരിങ്കൊടി കാട്ടുകയെന്നുള്ളതാണ്
12 Noon] മാർക്സിസ്ററുപാർട്ടിയുടെ നയം അക്കാലമത്രയും കരിങ്കൊടി കാണിക്കുന്നതിൽ ഞങ്ങൾക്ക് യാതൊരു വിരോധവുമില്ല. കരിങ്കൊടി കാണിച്ചു കാണിച്ച് ചെങ്കൊടിയെ ആളുകൾ മറന്നു പോകാതിരിക്കാൻ സൂക്ഷിച്ചുകൊള്ളണം. നമ്പൂതിരിപ്പാടിനറിയാമല്ലോ,

LIBRARY ARCHIVES Kerala Legislative Assembly

ഏറനാട്ടിലെയും വള്ളുവനാട്ടിലെയും സ്ത്രീകൾ കറുത്ത തുണിയാണു ധരിക്കാറ് എന്നുള്ളത്. അതിനാൽ കൊടികണ്ടാൽ ആർക്കും കലിവരില്ല. പക്ഷെ കരിങ്കൊടി കാണിക്കാനാണെന്നുള്ള പേരിൽ, ഘോഷയാത്രയായി ഞങ്ങളെ സ്വീകരിച്ചുകൊണ്ടു പോകുമ്പോൾ ആ സ്ഥലത്ത് കടന്നുചെന്ന്, അനുകൂലമായി പ്രകടനം നടത്തുന്ന ആളുകളുടെയിടയിൽ കടന്നുചെന്ന് പ്രകോപനമുണ്ടാക്കാൻ, ബഹളമുണ്ടാക്കാൻ ശ്രമിക്കുന്ന സന്ദർഭത്തിൽ മാത്രമേ പോലീസ് ഇടപെടാറുള്ളു. സമാധാനപരമായുള്ള കരിങ്കൊടി പ്രകടനങ്ങൾ ദിവസേന നടക്കുന്നുണ്ട്. ഞാൻ നാട്ടിൽ ചെന്നപ്പോൾ അവിടേയും കരിങ്കൊടി കാണിച്ച് പ്രകടനം നടത്തുകയുമുണ്ടായി. മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടി പ്രവർത്തകർ എന്റെ അമ്മയെ കാണാൻ എന്നെ അനുവദിക്കുകയില്ലെന്നുള്ള തരത്തിൽവരെ പ്രചാരവേല നടത്തുകയുണ്ടായി. അതുകൊണ്ട് വളരെയധികം പോലീസ് സംരക്ഷണത്തോടുകൂടി എനിക്ക് വീട്ടിൽപോകേണ്ടിവന്നു. മെമ്മോറാണ്ടം നൽകാനാണെന്നുള്ള പേരിൽ പാർട്ടി നേതാക്കൻമാർതന്നെ മന്ത്രിമാരെ സമീപിച്ചിട്ട് മെമ്മോറാണ്ടത്തിനു പകരം ആസിഡ് ബോംബ് എറിയുകയാണ് ചെയ്യുന്നത്. ട്രാൻസ്പോർട്ട് സമരകാലത്ത് യാത്രക്കാരുടെ മേൽ ആസിഡ്ബോംബ് എറിഞ്ഞു. മിഠായി പോലെയാണ് ആസിഡ് ബോംബ് കൊണ്ടുനടക്കുന്നത്. ഇങ്ങനെയുള്ള ഒരു കാലം എപ്പോഴെങ്കിലും ഉണ്ടായിട്ടുണ്ടോ? ആളുകളെ വികൃതരൂപരാക്കുന്ന ഈ ആസിഡ് ബോംബ് പ്രയോഗത്തെപ്പററി താനതു തെററാണെന്നു പറയുകയില്ലെന്ന് നമ്പൂതിരിപ്പാട് മുൻപ് ഈ സഭയിൽവച്ചുതന്നെ പറഞ്ഞിട്ടുണ്ട്. ഇങ്ങനെ നിരുത്തരവാദപരമായി പെരുമാറുകയും, അക്രമാസക്തമായ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുമ്പോൾ പോലീസിന് വെറുതെ നോക്കിനിൽക്കാൻ കഴിയുകയില്ല. നിയമസമാധാന പരിപാലനത്തിനു വേണ്ടി ഗവൺമെൻറിന് ചില കാര്യങ്ങൾ ചെയ്യേണ്ടിവരും. ആ സന്ദർഭങ്ങളിൽ പോലീസ് അതിരുകവിഞ്ഞു വല്ലതും പ്രവർത്തിച്ചിട്ടുണ്ടെങ്കിൽ വേണ്ട നടപടി എടുക്കും. ചില എം. എൽ. എ. മാരെ പോലീസു മർദ്ദിച്ചതായി പരാതിയുണ്ടായി. അവർ പോലീസ് മർദ്ദനത്തിന് വിധേയരായി എന്ന് ഇവിടെ പരാമർശിക്കുകയുണ്ടായി. അതിൽ ഒന്നു രണ്ടു കേസുകളിൽ അന്വേഷണത്തിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആ അന്വേഷണത്തിൽ പ്രഥമ ദൃഷ്ട്യാ തെളിവുണ്ടെന്നു കാണുകയാണെങ്കിൽ അതിന് ഉത്തരവാദികളായ പോലീസ് ഉദ്യോഗസ്ഥൻമാരുടെ മേൽ തീർച്ചയായും നടപടികളെടുക്കും. ശ്രീ. നമ്പൂതിരിപ്പാട് ഇപ്പോൾ പറഞ്ഞ ആ വാദത്തെപ്പററി ഞാൻ പരിശോധിച്ചിട്ടില്ല. എം. എൽ. എ. മാരെ ആക്രമിച്ചു എന്നു പരാതിപ്പെട്ടാൽ, ആ കാരണംകൊണ്ട് പോലീസ് ഉദ്യോഗസ്ഥൻമാരെ സസ്പെൻറു ചെയ്യുക എന്നുള്ള ഒരു നിലപാട് മന്ത്രിക്കു സ്വീകരിക്കാൻ കഴിയുമോ എന്നുള്ളതിനെപ്പററി ഞാൻ ആലോചിച്ചിട്ടില്ല. അങ്ങനെയാണെങ്കിൽ എത്രകാലം ഏതു പോലീസ് ഉദ്യോഗസ്ഥനെ വേണമെങ്കിലും സസ്പെൻറു ചെയ്യാൻ പ്രയാസമുണ്ടാകുകയില്ല. എം. എൽ. എ. മാരെ അടിച്ചു എന്നു പറഞ്ഞാൽ ആ കാരണംകൊണ്ട് പോലീസു ഉദ്യോഗസ്ഥൻമാരെ സസ്പെൻറ് ചെയ്യാമോ, അതോ അതിന് വേറെ എന്തെങ്കിലും നടപടിക്രമമാണോ ഉള്ളത്, അങ്ങനെ സസ്പെൻറ് ചെയ്താൽ അതിന് നിയമസാധുതയുണ്ടോ എന്നുള്ളതിനെ സംബന്ധിച്ച് ആലോചിക്കാതെ എനിക്ക് ഇപ്പോഴൊന്നും പറയാൻ സാധിക്കുകയില്ല.

ശ്രീ. ഈ. എം. ജോർജ്: ഒരു ചോദ്യം.

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ബഹുമാനപ്പെട്ട നമ്പൂതിരിപ്പാട് ആക്ഷേപസ്വരത്തിൽ സംസാരിക്കുമ്പോഴും, പല മെമ്പറൻമാരും ഞങ്ങളെ വിമർശിക്കുമ്പോഴും ഞങ്ങൾ ശാന്തമായി കേട്ടുകൊണ്ടിരിക്കുകയായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെ മിസ്റ്റർ ജാർജും ഇതൊന്നു കേട്ടുകൊണ്ടിരിക്കണം. ഇനി പ്രസംഗിക്കാൻ ധാരാളം സമയമുണ്ടല്ലോ. ഏതാനും ദിവസങ്ങൾക്കുള്ളിൽ ഒരുപാട് മാച്ചുകൾ നമുക്ക് നടത്താനുണ്ടല്ലോ. അപ്പോൾ അങ്ങോട്ടുമിങ്ങോട്ടും പ്രസംഗിക്കാം. ഏതായാലും ഇപ്പോൾ അക്ഷമ കാണിക്കരുത്.

എം. എൽ. ഏ. മാരെ മർദ്ദിച്ചു എന്നു പറഞ്ഞ കാരണംകൊണ്ട് പെട്ടെന്നു ഉദ്യോഗസ്ഥൻമാരുടെമേൽ നടപടിയെടുക്കാൻ കഴിയുമോ എന്ന കാര്യം ഞാൻ തള്ളിക്കളയുകയല്ല, അതിന്റെ നിയമസാധുതയെക്കുറിച്ചും പ്രൊസീഡിയറെക്കുറിച്ചും സംശയമുള്ളതുകൊണ്ട് ഈ നമിഷത്തിൽ സ്വീകരിക്കുന്നില്ല എന്നേയുള്ളു. അതല്ലാത്ത വിധത്തിലുള്ള അന്വേഷണം നടത്തി എം. എൽ. ഏ. മാരെ അവിഹിതമായി, അനാവശ്യമായി പോലീസ് മർദ്ദിച്ചുയെന്നുള്ളത് തെളിയുകയാണെങ്കിൽ തീർച്ചയായും അതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥൻമാരുടെ മേൽ നടപടികൾ എടുക്കുന്നതാണ്. അതിൽ യാതൊരു സംശയവുമില്ല. എം. എൽ. ഏ. മാരെ പോലീസ് ആക്രമിച്ചു എന്നു പറഞ്ഞു. മുവാററുപുഴയിൽ ഒരു സംഭവമുണ്ടായിട്ടുച്ചുണ്ട്. എം. എൽ. ഏ. മാരെ ലാക്കപ്പിൽവെച്ചും വണ്ടിയിൽവച്ചും മർദ്ദിച്ചു എന്നുള്ളത് വളരെ ഗൗരവതരമായ ആരോപണമാണ്. ആ ആരോപണത്തെ സംബന്ധിച്ച് ഗവൺമെൻറ് അന്വേഷിക്കുന്നതാണ്. അഭേയവസരത്തിൽ എം. എൽ. ഏ. മാർ ഒരു നിയമത്തിനും വിധേയരല്ല, എല്ലാ നിയമങ്ങൾക്കും അതീതരാണ് എന്നുള്ള നിലപാട് നിയമസഭക്കകത്തും പുറത്തും സ്വീകരിച്ചുകൂടാത്തതാണ്. നമ്മുടെ പോലീസുദ്യോഗസ്ഥൻമാരെ എം. എൽ. ഏ. മാർക്ക് മർദ്ദിക്കാമോ എന്നുള്ളള ചോദ്യം സ്വാഭാവികമായ എന്റെ ഹൃദയത്തിനുള്ളിൽനിന്നു വരുന്നുണ്ട്. ഈ സഭയ്ക്കകത്ത് ഇത്തരം സംഭവങ്ങൾ നടക്കുമ്പോൾ സഭയ്ക്ക് വെളിയിൽ അവരുടെ കൂട്ടാളികളുമായി കൂടുമ്പോൾ എന്താണ് സംഭവിക്കുകയെന്നുള്ളതിനെപ്പററി ചിന്തിക്കേണ്ടി വന്നിരിക്കുകയാണ്. നമ്പൂതിരിപ്പാടു പറഞ്ഞു, അദ്ദഹേത്തിന്റെ പല പ്രസംഗങ്ങളിലും പറഞ്ഞു, ഈ സഭയുടെ അന്തസ് ഞാൻ ഇവിടെ നടത്തിയ തെററായ പ്രസ്താവനകൊണ്ട് കളഞ്ഞുകുളിച്ചിരിക്കുകയാണെന്ന്. എം. എൽ. ഏ. മാർ ഗവൺമെൻറിനെതിരായി പ്രസ്താവനകൾ ഇതിനു മുൻപ് ഇവിടെ നൽകിയിട്ടില്ലേ? പൂഞ്ഞാറിലെ സംഭവത്തെ സംബന്ധിച്ച് ശ്രീ. കെ. എം. ജോർജും ശ്രീ. ടി. ഏ. മജീദും ഇവിടെ പ്രസ്താവന ചെയ്തപ്പോൾ അവർ എം. എൽ. ഏ. മാരായിരുന്നില്ലേ? അവരുടെ പ്രസ്താവനകൾ എന്തുകൊണ്ട് അതിന്റെ മുഖവിലക്ക് സ്വീകരിച്ചില്ല? ആ നിലയ്ക്കല്ലെങ്കിലും ഈ ഗെവൺമെൻറ് എം. എൽ. ഏ. മാരുടെ പ്രസ്താവനയെ അതർഹിക്കുന്ന പരിഗണനയോടുകൂടി വീക്ഷിക്കാൻ തയ്യാറാണ്. ഈ സഭയുടെ അന്തസ് കളുഞ്ഞുകുളുിച്ചത് ആരാണ് സർ? ഇവിടെ ഒരു അടിയന്തിര പ്രമേയം വരുമ്പോൾ ഗവൺമെൻറുഭാഗത്തുനിന്ന് ഒരു പ്രസ്താവന ചെയ്യും, സ്പീക്കറുടെ ദയവുകൊണ്ട് ആ പ്രമേയംകൊണ്ടുവന്ന ആളിന് ഒന്നുകൂടി പ്രസ്താവന പുറപ്പെടുവിക്കാനുള്ള അവസരം കൊടുക്കും, അതോടൊപ്പം സ്പീക്കർ അത് തള്ളും. ആ പതിവ് അന്നും ഉണ്ടായി എന്നുള്ളതാണ് പരമാർത്ഥം. ശ്രീ. നമ്പൂതിരിപ്പാടിന്റെ കാലത്തും ഇതുപോലുള്ള പ്രസ്താവനകൾ ചെയ്തിട്ടുണ്ടെന്നാണ് എന്റെ വിശ്വാസം. അതിന് ഞാൻ കുററക്കാരനാണോ? എനിക്ക് കിട്ടിയ വിവരമനുസരിച്ച് ഞാൻ പ്രസ്താവനചെയ്തു. ഞാൻ സ്ഥലത്തുപോയി അന്വേഷിക്കാറില്ല. പിന്നെ ഞാൻ എങ്ങനെയാണ് സഭയുടെ അന്തസ് കളഞ്ഞുകുളിച്ചത്? ബഹുമാനപ്പെട്ട ഗവർണ്ണർ നിയമസഭാസമ്മേളനം ഉൽഘാടനംചെയ്ത ദിവസം ഇവിടെ എന്തായിരുന്നു? അന്നു ഇവിടെ ഈ. എം. എസിന്റെ അനുയായികൾ നടത്തിയ കലാപരിപാടികളും കഥകളിയും പിന്നീട് ഞാൻ ചെയ്ത പ്രസംഗത്തിന്റെ ഫലമായിട്ടായിരുന്നോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഈ. എം. ജോർജ്ജ്: ആന്ധ്രയിലെ നിയമസഭയിൽ എന്താണ് ഉണ്ടായത്?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ആന്ധ്രയിൽ ഉണ്ടായതിനെ കുറിച്ച് വേദനപ്പെടേണ്ട. ഈ സഭയുടെ അന്തസ് ഞാൻ ഈ പ്രസ്താവന ചെയ്തുകൊണ്ടാണ് കളഞ്ഞുകുളിച്ചതെന്നു പറയുന്ന ആളുകൾക്ക്, തന്റെ അനുയായികൾ ഇവിടെ കാട്ടിക്കൂട്ടിയ വിക്രീയകൾ എന്താണെന്നു ഒന്നു എത്തിനോക്കാൻപോലും ദയവുണ്ടാകാതെ വെളിയിൽനിന്ന് നിർദ്ദേശം കൊടുത്ത നമ്പൂതിരിപ്പാടിന്റെ ആളുകൾക്ക് സഭയുടെ അന്തസ്സിനെക്കുറിച്ച് ഞാൻ മറുചോദ്യം ചോദിച്ചപ്പോൾ ആന്ധ്രയിലോളം പോകേണ്ടി വന്നത് ദയനീയമായിപ്പോയി.

ഇനി എനിക്ക് ഒരു സംഗതിയെ സംബന്ധിച്ച് പറയാനുള്ളത് തിരുനെല്ലിയിൽ നടന്ന സംഭവത്തെക്കുറിച്ചാണ്. അതേസംബന്ധിച്ച് നമ്പൂതിരിപ്പാട് ഒരു കുററാന്വേഷക ഉദ്യോഗസ്ഥന്റെ സൂക്ഷ്മതയോടു ഒരു അപസർപ്പക വിദഗ്ദ്ധന്റെ കൈവിരുതോടുകൂടി ഇവിടെ സംസാരിക്കുകയുണ്ടായി. അത് നിർഭാഗ്യകരമായിപ്പോയി. ഇതിനു മുൻപ് അവിടെ നടന്ന സംഭവങ്ങളെ കാണാതെ നമ്പൂതിരിപ്പാട് സൗകര്യപൂർവ്വം മറുകണ്ടം ചാടുകയാണ് ചെയ്തത്. നിരപരാധികളായ പോലീസുദ്യോഗസ്ഥൻമാർടക്കം നിരവധി ആളുകളെ നിർദ്ദയമായി, നിഷ്ഠൂരമായി കൊല ചെയ്ത സംഭവങ്ങൾ വളരെ നിസാരമായി തള്ളിക്കളയാവുന്നതാണോ എന്നു ഞാൻ ചോദിക്കുകയാണ്. ഈ സംഭവം നടന്നുകഴിഞ്ഞതിനുശേഷം വയനാടൻ കുന്നുകളിലെ ആളുകൾ ഭയചകിതരായി വീടുകൾ വിട്ടിറങ്ങുകയില്ല. വൈകുന്നേരമായാൽ പുറത്തിറങ്ങുകപോലുമില്ലായിരുന്നു. എല്ലാ ആളുകളും കിടുകിടെ വിറച്ചുകൊണ്ടാണ് താമസിച്ചിരുന്നത്. എപ്പോഴാണ് കൊല ചെയ്യപ്പെടുകയെന്ന് അറിയുകയില്ലായിരുന്നു. അങ്ങനെയുള്ള സന്ദർഭത്തിൽ മരംകോച്ചുന്ന വയനാടൻ തണുപ്പത്ത്, മരണം പതിയിരിക്കുന്ന കാടുകളിൽ കൂററാക്കൂററിയിരുട്ടിൽ ജീവനെ പണയംവെച്ചുകൊണ്ട് അന്വേഷണം നടത്തി ഈ ഭീകരപ്രവർത്തകരെ പിടികൂടിയ പോലീസ് ഉദ്യോഗസ്ഥൻമാരെ അഭിനന്ദിച്ചുകൊണ്ട് ഒരു വാക്കുപോലും പറയാനുള്ള സാമാന്യ മര്യാദയില്ലാതെ പോയതിൽ വേദന തോന്നുകയാണ്. അങ്ങനെ വളരെ ബുദ്ധിമുട്ടി വളരെ പ്രതികൂല സാഹചര്യത്തിൽ പടപൊരുതിയാണ് ഇവരെ കണ്ടുപിടിച്ചത്. അങ്ങനെ കണ്ടുപിടിച്ച് രണ്ടുമൂന്നു ദിവസം കഴിഞ്ഞതിനുശേഷമുള്ള ചില പത്രങ്ങളിലെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, ആ പത്ര റിപ്പോർട്ട് എങ്ങനെയാണ് വരുന്നതെന്നും അതിന്റെ സാംഗത്യം എന്താണെന്നും നമുക്കറിയാമല്ലോ, ആദ്യം പ്രാഥമിക റിപ്പോർട്ട്, പിന്നെ വിശദമായ റിപ്പോർട്ട്, അത് എങ്ങനെയുള്ള റിപ്പോർട്ടാണെന്നും നമുക്കറിയാം. അങ്ങനെ ഒന്നു രണ്ടു പത്രങ്ങളിൽവന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ചില ആളുകൾ ഈമാതിരി കാര്യങ്ങളെ വെല്ലുവിളിക്കുന്നത് തെററാണ്. വാസ്തവത്തിൽ അവിടെ എന്താണ് ഉണ്ടായത്? പോലീസിന്റെ നേരെ വെടിവയ്ക്കുകയാണ് ഉണ്ടായത്. പോലീസിനെ വെടിവച്ചപ്പോൾ അങ്ങോട്ടും പോലീസ് വെടിവച്ചു. ഉത്തരവാദിത്വമുള്ള ഡി. വൈ. എസ്. പി. യുടെ നിർദ്ദേശമനുസരിച്ചാണ് വെടിവയ്പുണ്ടായത്. ആ വെടിവയ്പിൽ നിർഭാഗ്യവശാൽ വർഗ്ഗീസ് മരിച്ചു. ജീവനോടെ പിടിക്കാൻ കഴിയുമായിരുന്നെങ്കിൽ വർഗ്ഗീസിനെ പോലീസ് ജീവനോടെ പിടിച്ചേനേ. പിടിച്ചിരുന്നെങ്കിൽ അയാളിൽനിന്ന് പല വിവരങ്ങളും കിട്ടുമായിരുന്നു. അവരുടെ കയ്യിൽ മാരകായുധങ്ങളുണ്ടായിരുന്നു., തോക്കുണ്ടായിരുന്നു. ആദ്യത്തെ ദിവസം പോലീസ് സേനയുമായി നേരിട്ടപ്പോൾ സ്ഫോടക വസ്തുക്കളെറിഞ്ഞ് മറയുകയാണ് ചെയ്തത്. അന്നത്തെ തിരച്ചിൽ ഉപ

LIBRARY ARCHIVES Kerala Legislative Assembly

ക്ഷിച്ചു. വലിയൊരു പോലീസ് സേനാവിഭാഗം എത്രയോ പോലീസുദ്യോഗസ്ഥൻമാർ ഉൾപ്പെടെയാണ് ഈ പ്രവർത്തനം നടത്തിയത്. മൂന്നു ഭാഗത്തുനിന്നും തിരച്ചിൽ നടത്തി. ഒരു പാറയുടെ അടുത്തെത്തിയപ്പോൾ ആ ഭാഗത്ത് ചലനം ഉണ്ടായി. അപ്പോൾ ആ ഭാഗത്ത് വെടിവയ്പുണ്ടായി.

ശ്രീ. എ. വി കുഞ്ഞമ്പു: ഒരു പായിൻറ് ഓഫ് ആർഡർ. വർഗ്ഗീസിൻെറ കൊലപാതകത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി നേരിട്ടു കണ്ടരീതിയിലുള്ള വിശദീകരണമാണ് ഇവിടെ നൽകുന്നത്. ഇത് തീർച്ചയായും സത്യവുമായി ബന്ധമില്ലാത്ത ഒരു വസ്തുതയാണ്. അതുകൊണ്ട് ഈ പ്രശ്നത്തെ ആദ്യംതന്നെ ഒരു അന്വേഷണകമ്മീഷൻെറ മുൻപിൽ വയ്ക്കണം. ഇത്തരത്തിൽ സംഭവങ്ങൾ മുഴുവൻ ചിത്രീകരിക്കുന്നത് സത്യവുമായി ബന്ധമില്ലാത്ത രീതിയിലാണ്. അതുകൊണ്ട് ഈ കാര്യം ഒരു ജുഡീഷ്യൽ അന്വേഷണത്തിനു വിടണം.

മി. സ്പീക്കർ: ഇതിൽ പായിൻറ് ആഫ് ആർഡറൊന്നുമില്ല.

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഈ വർഗ്ഗീസിനെ രണ്ടു കൊല്ലമായിപിടിക്കാതിരുന്നതിനെ സംബന്ധിച്ച് ഞാനൊന്നും പറയുന്നില്ല. ഈ കാര്യത്തെ സംബന്ധിച്ചിടത്തോളം എനിക്ക് പറയാനുള്ളത്, ഇവർ നടത്തിയ ഘോരമായ സംഭവങ്ങളിൽനിന്ന് പൊതുജന ശ്രദ്ധയെ തിരിക്കാനും, നക്സലൈററ് വിഭാഗത്തിൽ നിർഭാഗ്യവശാൽ ചെന്നുചേർന്ന കുറേ ആളുകളെ മാർക്സിസ്ററുപാർട്ടിയിലേക്ക് അടുപ്പിക്കാനും, അവർക്ക് രണ്ടുക്കൂട്ടർക്കും ഇന്നുള്ള വളരെ ശക്തമായ അഭിപ്രായവ്യത്യാസങ്ങൾ ഇല്ലാതാക്കാനും, അങ്ങനെ അവരുടെ അനുഭാവം വളരെചുളുവിൽഅടിച്ചെടുക്കാനും ഇ. എം. എസ്സിൻെറ ബുദ്ധിശാലയിൽ കണ്ടുപിടിച്ച ഒരു സൂത്രമാണ് ഇത്.

(ഈ സമയം മാർക്സിസ്ററു കമ്മ്യൂണിസ്ററുപാർട്ടിയിലെ പല മെമ്പറൻമാരും ചാടിയെണീററ് ചോദ്യങ്ങൾ ചോദിച്ച് സഭയിൽ ബഹളമുണ്ടാക്കി)

പോലീസുമായുള്ള ഏററുമുട്ടലിൽ വർഗ്ഗീസ് കൊല്ലപ്പെടുകയാണ് ഉണ്ടായത്. അങ്ങനെ കൊല്ലപ്പെട്ടതിനു നീതികരണമുണ്ടോ എന്നാണ് ഈ സഭയിൽ പറയേണ്ടത്. അങ്ങനെ................

ശ്രീ. ഇ. എം. ജോർജ്ജ്: സർ, ഒരു പോയിൻറ് ഓഫ് ഓർഡർ.

മി. സ്പീക്കർ: പോയിൻറ് ഓഫ് ഓർഡർ ഒന്നും ഉന്നയിക്കേണ്ട. ബഹുമാനപ്പെട്ട മന്ത്രി വഴങ്ങുന്നില്ലെന്നു പറഞ്ഞു.

ശ്രീ. പി. കുഞ്ഞൻ: ബഹുമാനപ്പെട്ട മന്ത്രി പ്രസംഗിക്കുന്നത് സാധാരണ മെമ്പറൻമാർ പ്രസംഗിക്കുന്നതുമാതിരിയല്ല. ഈ സഭയിൽ തെററിദ്ധരിപ്പിച്ച് എന്തെങ്കിലും മറുപടി പറയുകയാണെങ്കിൽ അതു വളരെ ഗൗരവമായ സംഗതിയാണ്. അങ്ങനെ ഒരു മന്ത്രി പറയുമ്പോൾ ഇ. എം. എസ്. നമ്പൂതിരിപ്പാടിൻെറ ബുദ്ധിയിൽനിന്ന് വന്നു എന്ന് പറയുന്നത് ശരിയാണോ? ഈ മന്ത്രിയുടെ മന്ത്രിസഭയിലുള്ള അച്യുതമേനോൻെറ അനുയായികളാണ് നക്സലൈററുകളെ സഹായിക്കാൻ ഡിഫൻസ് കമ്മിററി രൂപീകരിച്ച് പണം പിരിച്ച് കേസു നടത്തിയിട്ടുള്ളത്. അതിനെ തെററിദ്ധരിപ്പിക്കുന്ന രീതിയിൽ ഒരു ഉത്തരവാദപ്പെട്ട മന്ത്രി പ്രസ്താവന ഇറക്കുന്നത് ശരിയാണോ.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ഓർഡർ, ഓർഡർ. ഇതിൽ തെററിദ്ധരിപ്പിക്കത്തക്കവണ്ണം വളരെ തെററായതും കളവായതും ആയ കാര്യങ്ങൾ പറഞ്ഞിട്ടുണ്ടെങ്കിൽ പോയിൻറൗട്ടു ചെയ്താൽ അതേപ്പററി വേണ്ടതു ചെയ്യും. ഇപ്പോൾ അങ്ങനെയൊന്നും പറഞ്ഞിട്ടില്ല.

ശ്രീ. എം. കെ. എ. ഹമീദ്: സർ, ഒരു പോയിൻറ് ഓഫ് ഓർഡർ. വർഗ്ഗീസിൻെറ മരണം നടന്നിട്ടുള്ളത് സംശയാസ്പദമായ രീതിയിലാണെന്നു മാർക്സിസ്ററു പാർട്ടി മാത്രമല്ല ഇൻഡ്യൻ കമ്മ്യൂണിസ്ററുപാർട്ടിയും പ്രമേയം പാസാക്കിയിട്ടുണ്ട്. എന്നാൽ മാർക്സിസ്ററു കമ്മ്യൂണിസ്ററു പാർട്ടിയെമാത്രം കുററപ്പെടുത്തുന്നത് ഓർഡറിലാണോ?

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി സംസാരിക്കട്ടെ.

ശ്രീ. സി. എച്ച് മുഹമ്മദുകോയ: മാനന്തവാടിയിൽ ഇങ്ങനെയുള്ള പ്രചാരവേലകളെല്ലാം നടന്നിട്ടുണ്ട്. എല്ലാ കക്ഷിക്കാരും ഇങ്ങനെയുള്ള നിലപാട് സ്വീകരിച്ചിട്ടുണ്ട്. ഞാൻ പറയുന്നത് ഇതിനുവേണ്ടിയുള്ള ഒരു വലിയ പ്രചാരവേല ഒരു പ്രചരണമായി എടുത്ത്, ഒരായുധമായി എടുത്ത് പ്രധാന പ്രശ്നത്തിൽനിന്ന് വർഗ്ഗീസ് നടത്തിയ പ്രശ്നങ്ങളിൽ നിന്നും ആളുകളുടെ ശ്രദ്ധയെ അകററിക്കൊണ്ട് മാർക്സിസ്ററുപാർട്ടിയും നക്സൽബാരികളും ആയി ഇന്നുള്ള ഉരസൽ ഇല്ലാതാക്കത്തക്കവിധത്തിൽ ഞങ്ങളാണ് ഇതിൽ പങ്കെടുത്തത് എന്നു പ്രചാരവേല ചെയ്യുന്നു എന്നാണ്. തെററിദ്ധരിപ്പിക്കാൻ പ്രതിപക്ഷനേതാവിനുമാത്രമേ അധികാരമുള്ളു എന്നും എനിക്ക് ശരിയായി ധരിപ്പിക്കാൻ മാത്രമേ അവകാശമുള്ളൂ എന്നും ആണോ?.

ശ്രീ. ഇ. പി. കൃഷ്ണൻ നമ്പ്യാർ: സർ, ഒരു പോയിൻറ് ഓഫ് ഓർഡർ. തെററിദ്ധരിപ്പിക്കാൻ എല്ലാവർക്കും അവകാശമുണ്ടെന്നല്ലേ പറയുന്നത്.

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഞാൻ പറഞ്ഞത് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ്—ശ്രീ. കുഞ്ഞൻ പാർലമെൻറിലുണ്ടായിരുന്ന ആളാണ് തെററിദ്ധരിപ്പിച്ചില്ലെങ്കിൽ ഞാനും തെററിദ്ധരിപ്പിച്ചിട്ടില്ല. അതാണ പ്രശ്നം. തെററിദ്ധരിപ്പിക്കലെന്ന പ്രശ്നം ഇവിടെ ഉദിക്കുന്നില്ല. പ്രതിപക്ഷനേതാവ് അദ്ദേഹത്തിൻെറ................

ശ്രീ. കെ. എ. ശിവരാമഭാരതി: ഇപ്പോൾ ബഹുമാനപ്പെട്ട മന്ത്രി പ്രസംഗിക്കുന്നത് തെററിദ്ധരിപ്പിക്കുന്ന പ്രസംഗമാണോ ശരിയായ പ്രസംഗമാണോ എന്നുമാത്രം അറിഞ്ഞാൽമതി.

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഞാൻ പ്രസംഗിക്കുമ്പോൾ അത് തെററിദ്ധരിപ്പിക്കുന്നതാണോ അല്ലാത്തതാണോ എന്ന് മനസ്സിലാക്കാൻ സാധിക്കാത്ത ആളുകൾക്ക് ഞാൻ പറഞ്ഞാൽ മനസ്സിലാക്കാൻ കഴിയുമോ? മനസ്സിലാക്കാൻ കഴിയാത്ത കഴിവുകേടിൻെറ പാരമ്യമാണ് അതിലുള്ളത്.

ശ്രീ. എം. രാമുണ്ണി: സർ, അത് പിൻവലിക്കേണ്ടതാണ്.

മി. സ്പീക്കർ: ഓർഡർ, ഓർഡർ.

ശ്രീ. കെ. കെ. അബു: ഈ സഭയിൽ ഇരിക്കുന്ന ആർക്കാണ് മനസ്സിലാകാത്തതെന്നറിയാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോസഫ് ചാഴിക്കാട്: സ്പീക്കർ എഴുന്നേററു നിൽക്കുമ്പോൾ ഈ ആളുകളൊക്കെ എഴുന്നേററു നിൽക്കുന്നത് മര്യാദയാണോ?

മി. സ്പീക്കർ: ഈ സഭയിൽ വന്നിരുന്ന് ആരും തെററിദ്ധരിപ്പിക്കുന്നതായിട്ട് പ്രസംഗിക്കുന്നില്ല എന്നാണ് ഞാൻ വിശ്വസിക്കുന്നത്. എല്ലാവരും പ്രസംഗിക്കുന്നത് ശരിയായ രീതിയിൽ ഉള്ള കാര്യങ്ങൾ തുറന്നു പറയുന്ന രീതിയിലാണ്. പ്രതിപക്ഷനേതാവും ആഭ്യന്തരമന്ത്രിയും സകല മാനപേരും ഇതേപ്പററി അങ്ങോട്ടുമിങ്ങോട്ടും ഒരു വാദപ്രതിവാദം നടത്തേണ്ട ആവശ്യമില്ല.

ശ്രീമതി. കെ. ആർ. ഗൗരി: സർ, ഒരു മന്ത്രിയായാലും എഴുന്നേററു നിന്നുകൊണ്ട് ഒരു എം. എൽ. ഏ. പറയുന്നതു കഴിവുകേടിന്റെ പാരമ്യമാണെന്നു പറയുന്നത് ഓർഡറിലാണോ; ഇല്ലെങ്കിൽ അതു പിൻവലിക്കണം. കഴിവുകേടിന്റെ പാരമ്യമാണെന്നു...............

(സഭയിൽ ബഹളം)

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: സർ, ഞാൻ വിശദീകരിക്കാം. അദ്ദേഹം ബഹുമാനപ്പെട്ട മന്ത്രി ഇപ്പോൾ തെററിദ്ധരിപ്പിക്കുകയാണോ അല്ല ശരിയായി ധരിപ്പിക്കുകയാണോ എന്നു ചോദിച്ചു. അതിന്റെ വ്യംഗ്യം ഞാൻ തെററിദ്ധരിപ്പിക്കുകയാണെന്നാണ്. ഞാൻ തെററിദ്ധരിപ്പിക്കുകയാണോ....................................

(ഈ സമയം സർവ്വശ്രീ ഇ. അഹമ്മദ്, കെ. എ. ശിവരാമഭാരതി, മുതലായവർ പോയിൻറ് ഓർഫ് ഓർഡർ ഉന്നയിച്ചു).

ശ്രീ. കെ. എ. ശിവരാമഭാരതി: ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പ്രസംഗിച്ചു പ്രതിപക്ഷ നേതാവിന് മാത്രമേ ഈ മാതിരി തെററിദ്ധരിപ്പിക്കലിന് അവകാശമുള്ളോ എന്നു പറഞ്ഞു. അപ്പോൾ ആ പ്രസംഗത്തെ സംബന്ധിച്ചിടത്തോളം തെററിദ്ധരിപ്പിക്കുന്ന പ്രസംഗമാണോ എന്നു ചോദിച്ചാൽ അതിന് ഇത്രത്തോളം ബഹുമാനപ്പെട്ടമന്ത്രി പറയുന്നതു ശരിയാണോ? അനാവശ്യം പറയുമ്പോൾ തിരിച്ചങ്ങോട്ടും കിട്ടുമെന്ന് ഓർക്കണം.

ശ്രീ. ഇ. അഹമ്മദ്: സർ ഒരു പോയിൻറ് ഓഫ് ഓർഡർ.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിക്ക് സംസാരിക്കാം.

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: എനിക്കു പറയാനുള്ളത് ആരും ആരേയും തെററിദ്ധരിപ്പിക്കുന്നില്ല. ബഹുമാനപ്പെട്ട ആഭ്യന്തരമന്ത്രി തെററിദ്ധരിപ്പിക്കുന്നു എന്ന് പ്രതിപക്ഷക്കാർ പറഞ്ഞു. അപ്പോൾ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് തെററിദ്ധരിപ്പിച്ചു എന്നു പറയേണ്ടിവരും. യഥാർത്ഥത്തിൽ ആരേയും തെററിദ്ധരിപ്പിക്കുന്നില്ല.

ശ്രീ. കെ. എ. ശിവരാമഭാരതി: പ്രതിപക്ഷനേതാവ് തെററിദ്ധരിപ്പിക്കുന്നതാണെന്നു പറഞ്ഞപ്പോൾ.......................

മി. സ്പീക്കർ. പറഞ്ഞുകഴിഞ്ഞല്ലോ.

ശ്രീമതി കെ. ആർ. ഗൗരി: ഞാൻ ഒരു പോയിൻറ് ഓഫ് ഓർഡർ റെയിസു ചെയ്തിട്ട് അതിന് അങ്ങ് റൂളിംഗ് നൽകിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: സർ, അതുകൊണ്ട്, ഞാൻ നേരത്തെ വ്യക്തമാക്കിയതുപോലെ....................

ശ്രീ. കെ. എ. ശിവരാമഭാരതി : സർ, മന്ത്രി പറഞ്ഞത് പിൻവലിക്കണം. ബഹുമാനപ്പെട്ടമന്ത്രി, ബുദ്ധിയില്ലാത്തവരെന്നും, വിവരമില്ലാത്തവരാണെന്നുംമൊക്കെ പറഞ്ഞു. അത് പിൻവലിക്കണോ ഇല്ലയോ എന്നറിയണം. അതറിയാതെ ഞാനിവിടെ ഇരുന്നിട്ടു കാര്യമില്ല.

മി. സ്പീക്കർ: അദ്ദേഹം വിശദീകരിച്ചു കഴിഞ്ഞിട്ടു പറയാം.

ശ്രീ. ജോസഫ് ചാഴിക്കാട്: വിവരമെന്ന വാക്കിന്റെ അർത്ഥം തുളയെന്നാണ്. അതുകൊണ്ട് വിവരമില്ലാത്തവനെന്നു പറയാമല്ലോ.

ശ്രീ. കെ. എ. ശിവരാമഭാരതി: ചാഴിക്കാടനുമാത്രം തുളയുണ്ട്, ബാക്കിയുള്ളവർക്കെല്ലാം തുളയില്ലെന്നാണോ? വയസ്സായ ശ്രീ. ചാഴിക്കാടൻ ഇതു പറയുന്നല്ലോ. എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയിൽനിന്ന് വിവരം കിട്ടണം.

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഞാൻ പ്രസംഗിച്ചാൽ അദ്ദേഹത്തിന്റെ തെററിദ്ധാരണ നീങ്ങും.

ശ്രീ. കെ. എ. ശിവരാമഭാരതി: എന്നെ സംബന്ധിച്ചിടത്തോളം പറഞ്ഞ കാര്യം വിത്ഡ്രാ................

ശ്രീ. സി. എച്ച്. മുഹമ്മദുകോയ; സർ, ഞാൻ പറഞ്ഞത് ഇതാണ്. മന്ത്രി തെററിദ്ധരിപ്പിക്കുകയാണെന്നു പറഞ്ഞപ്പോൾ ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനുമാത്രമേ തെററിദ്ധരിപ്പിക്കാൻ കഴിയുകയുള്ളോ ബാക്കിയുള്ളവർക്കും തെററിദ്ധരിപ്പിക്കാം. അപ്പോൾ പ്രതിപക്ഷ നേതാവും തെററിദ്ധരിപ്പിക്കുകയല്ല, ഞാനും തെററിദ്ധരിപ്പിക്കുകയല്ല, എന്നാണ്. അപ്പോൾ ബഹുമാനപ്പെട്ട ശിവരാമഭാരതി എന്നോടു ചോദിച്ചു ഞാൻ തെററിദ്ധരിപ്പിക്കുകയാണോ എന്ന്. അതിനാണ് ഞാൻ പറഞ്ഞത് എന്റെ പ്രസംഗം കേട്ടാൽ മനസിലാവുകയില്ലെങ്കിൽ അത് കഴിവുകേടിന്റെ പാരമ്യമാണെന്ന്. അത് മി. ശിവരാമഭാരതിയെ ഏതെങ്കിലും വിധത്തിൽ വേദനിപ്പിച്ചിട്ടുണ്ടെങ്കിൽ ഞാൻ പിൻവലിക്കുകയാണ്. ഞാൻ വളരെ കാര്യമായ വിധത്തിൽ ഇവിടെ വാദങ്ങളെ എതിർത്തപ്പോൾ ഇങ്ങനെ വന്നുചേർന്നതിൽ ഖേദമുണ്ട്. അതുകൊണ്ട് എനിക്കു പറയാനുള്ളത് നിയമസമാധാനത്തിന്റെ സംഗതികളെ സംബന്ധിച്ചിടത്തോളം ഈ രാജ്യത്ത് പൊതുവേ സമാധാനപരമായ ഒരു അന്തരീക്ഷമുണ്ട്. ജനങ്ങൾക്ക് ശാന്തമായ സ്ഥിതിവിശേഷത്തിൽ കഴിഞ്ഞുകൂടാൻ കഴിയുന്നുണ്ടെന്നാണ് എനിക്കുള്ള അഭിപ്രായം. അങ്ങനെയുള്ള അഭിപ്രായത്തിനിടയിൽ പോലീസുകാർക്ക് എന്തും ചെയ്തുകൊള്ളാമെന്നും അവരെ കയറൂരി വിട്ടിരിക്കുകയാണെന്നുമുള്ള ധാരണ പോലീസുകാർക്ക് ഒരിക്കലും ഉണ്ടാകാൻ പാടില്ലാത്തതാണ്. അങ്ങനെയുള്ള എന്തെങ്കിലും ലക്ഷണമുണ്ടെങ്കിൽ അതിന് ഹാറംട്ടു പറയാൻ മടിയുമില്ല. എന്നുവച്ച് പോലീസ് നിയമസമാധാനം പരിപാലിക്കുന്നതിനുവേണ്ട ഒരു പ്രവർത്തനവും നടത്താൻ പാടില്ലെന്നും എങ്കിൽ മർദ്ദനത്തെക്കുറിച്ചുള്ള മുറവിളിഉണ്ടാകുന്നതുകൊണ്ട് ഒന്നും ചെയ്യാൻ പാടില്ലെന്നു പറയുന്നത് ശരിയല്ലെന്നും പറയാൻ ഞാനാഗ്രഹിക്കുകയാണ്.

അവസാനമായി ഡിമാൻറിൽ പറഞ്ഞിട്ടുള്ള ഒരു സംഗതി കുററാന്വേഷണം ശാസ്ത്രീയമായി നടത്താൻവേണ്ടി ചില ഉപകരണങ്ങൾ വാങ്ങണ

LIBRARY ARCHIVES Kerala Legislative Assembly

മെന്നായിരുന്നു. കുററാന്വേഷണത്തിൽ ഇന്ന് പല പോരായ്മകളുമുണ്ട്. അത് കുറെക്കൂടി ശാസ്ത്രീയമായി നടത്തണമെന്നുണ്ട്. അതിനെക്കുറിച്ച് കാര്യമായി ആരും സംസാരിച്ചു കാണാത്തതിൽ ഖേദമുണ്ട്. ഏതായാലും അവർ അംഗീകരിക്കുകയാണ് ചെയ്തതെന്നാണ് വിശ്വാസം. പോലീസ് വകുപ്പിന്റെ ചുമതല പോലീസ് ജനങ്ങളെ സേവിക്കാൻ മാത്രമാണെന്നും ജനങ്ങളെ മർദ്ദിച്ചൊതുക്കാനുള്ള ഉപകരണമല്ലെന്നും ജനങ്ങളെ സഹായിക്കാൻ വേണ്ടി അവരുടെ ഉററ ബന്ധുക്കളായി നടക്കുകയാണു വേണ്ടതെന്നും പോലീസിന്റെ ഭാഗത്തുനിന്ന് മറിച്ച് എന്തെങ്കിലും ഉണ്ടാകുകയാണെങ്കിൽ അത് തെററാണെന്നും പോലീസ് നീതി പ്രവർത്തിച്ചാൽമാത്രം പോര നീതി പ്രവർത്തിച്ചു എന്ന് ബോദ്ധ്യപ്പെടണമെന്നും ഞാൻ പ്രസ്താവിച്ചുകൊള്ളട്ടെ. പോലീസിന്റെ പേരിൽ ചെളിവാരി എറിയാൻ പരിശ്രമം നടത്തരുതെന്നുമാത്രം പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിച്ചുകൊള്ളുന്നു.

ശ്രീമതി. കെ. ആർ. ഗൗരി: പരിഷ്കൃതമായ പോലീസിന്റെ നടപടിയെന്നു പറഞ്ഞു. മനുഷ്യനെ ജീവനോടുകൂടി പിടിച്ചിട്ട് ജീവനോടുകൂടി കണ്ണുചൂർന്നെടുത്തിട്ട് വെടിഹവച്ചുകൊല്ലുന്നതാണോ പരിഷ്കൃതഗവർമ്മെൻറിൻറിന്റെ നടപടി. വർഗ്ഗീസിന്റെ കണ്ണു ചൂഴ്ന്നെടുത്തശേഷമാണ് വെടിവച്ചത്.

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: അതൊരു പരിഷ്കൃതഗവർമ്മെൻറിന്റെ നടപടിയല്ല. ഒരു ഗവർമ്മെൻറിനും പരിഷ്കൃതമായാലും പരിഷ്കൃതമല്ലാത്ത ഗവർമ്മെൻറായാലും അങ്ങനെ ചെയ്യുന്നത് നീതീകരിക്കാവുന്നതല്ല. അങ്ങനെയൊന്നും സംഭവിച്ചിട്ടില്ല. സംഭവം നടന്ന് എത്രയോ ദിവസങ്ങൾ കഴിഞ്ഞതിനുശേഷം പല കവികളും കഥാകാരൻമാരും സൃഷ്ടിച്ചിട്ടുള്ളതാണ് ഇത് എന്നാണെന്റെ അഭിപ്രായം.

ശ്രീമതി. കെ. ആർ. ഗൗരി: പിടിക്കുന്ന ആളുകളെ ചങ്ങലയ്ക്കു കെട്ടിയിട്ട് നാലഞ്ചുദിവസം ഒന്നിച്ചിട്ട് പോലീസ് സ്റേറഷനിലിട്ടു മർദ്ദിക്കുന്നതാണോ പരിഷ്കൃത പോലീസിന്റെ നടപടി.

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: സമീപകാലത്ത് കേരളത്തിൽ എവിടെയെങ്കിലും ഇങ്ങനെ വല്ലതും നടന്നതായി ശ്രദ്ധയിൽപ്പെടുത്തിയാൽ അതിനെ സംബന്ധിച്ച് അന്വേഷിക്കാം.

(സർവ്വശ്രീ. ഏ. വി. ആര്യൻ, ഏ. വി. കുഞ്ഞാമ്പു, ഇ. എം. ജോർജ്, എൻ. പ്രഭാകരത്തണ്ടാർ മുതലായവർ ചോദ്യം ചോദിക്കാൻ ഒരുമിച്ചെഴുന്നേററു. എല്ലാവരുംകൂടി ഒന്നിച്ചു ചോദിക്കാൻ തുടങ്ങി. സഭയിൽ ബഹളമായി.)

മി. സ്പീക്കർ: ഞാൻ ഒരു ചോദ്യവും അനുവദിക്കുന്നില്ല.

ശ്രീ. ഇ. എം. ജോർജ്: ബഹുമാനപ്പെട്ട മന്ത്രി സമ്മതിച്ച ഒരു കാര്യമാണ്.

മി. സ്പീക്കർ: ചോദ്യം ചോദിച്ചാൽ ഉത്തരം പറയാൻ അദ്ദേഹം സന്നദ്ധനല്ലെന്നു പറഞ്ഞുകഴിഞ്ഞു. അതിനുശേഷം ചോദ്യം ചോദിക്കേണ്ട കാര്യമില്ല.

(സർവ്വശ്രീ. ടി. എം. മീതിയൻ, എൻ. പ്രഭാകരതണ്ടാർ, ശ്രീ. ഏ. വി. ആര്യൻ, ശ്രീ. എസ്. ദാമോദരൻ മുതൽപേർ എഴുന്നേററുനിന്ന് ബഹളം വയ്ക്കുന്നു.)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. മീതിയൻ: ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രസംഗത്തിന്റെ ഇടയിൽ ചോദ്യംചോദിക്കാൻ അനുവദിച്ചില്ല. അതുകൊണ്ട് ഒരു സംശയം ചോദിക്കാൻ അനുവദിക്കണം. ഒററക്കാര്യംമാത്രം ചോദിക്കാനാണ്.

മി. സ്പീക്കർ: ഞാൻ ആരേയും ചോദ്യം ചോദിക്കാൻ അനുവദിക്കുന്നില്ല. മുഖ്യമന്ത്രിക്കു സംസാരിക്കാം.

മുഖ്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ): സർ. ഇവിടെ ഈ ധനാഭ്യർത്ഥനകളെസംബന്ധിച്ചു നടന്ന വാദപ്രതിവാദങ്ങളെപ്പററി ഒന്നുരണ്ടു കാര്യങ്ങൾ പറയാൻ ഞാനാഗ്രഹിക്കുന്നു. പ്രധാനപ്പെട്ട പോയിൻറുകൾ സംബന്ധിച്ചെല്ലാം തന്നെ ബഹുമാനപ്പെട്ട ആഭ്യന്തരകാര്യമന്ത്രി വിശദീകരണം നൽകിക്കഴിഞ്ഞു. ഗവൺമെൻറിന്റെ പൊതുനയത്തെ സംബന്ധിച്ചുള്ള കാര്യമാണ് എനിക്കു പറയുവാനുള്ളത്. ഇവിടെ പ്രതിപക്ഷത്തുനിന്നും പ്രധാനമായി ഉന്നയിച്ചത്, പ്രധാനമായും എന്നു മാത്രമല്ല ആകെ ഉന്നയിച്ച ഒരു പോയിൻറ് ഈ സംസ്ഥാനത്തുടനീളം പോലീസ് ഭീകരമായ മർദ്ദനം നടത്തുന്നു, പോലീസ് ലാത്തിച്ചാർജുകൾ നടക്കുന്നു, വെടിവയ്പ്പുകൾ നടക്കുന്നു, അതിനുപുറമേ പോലീസ് വാനിലും ലോക്കപ്പിലും മർദ്ദനങ്ങൾ നടക്കുന്നു എന്നുള്ള കാര്യമാണ്. സർ, ഇതിനുമുൻപുതന്നെ ഈ വക കാര്യങ്ങളെസംബന്ധിച്ച് വാദപ്രതിവാദങ്ങൾ നടന്നിട്ടുള്ള അവസരത്തിൽ ഞാൻ വ്യക്തമാക്കിയിട്ടുണ്ട്. പൊതുവേ അഞ്ചുള്ള ആക്ഷേപങ്ങൾ ഇപ്രകാരം ഉന്നയിച്ചതുകൊണ്ട് പ്രത്യേകിച്ചു വിശേഷമൊന്നുമില്ല. നേരെമറിച്ച് പ്രത്യേകം പ്രത്യേകമുള്ള സംഭവങ്ങളെസംബന്ധിച്ച് ഉന്നയിക്കുകയാണെങ്കിൽ അത് ഈ സഭയിലെ ഉത്തരവാദപ്പെട്ട മെമ്പറൻമാർ ഉന്നയിക്കുന്നു എന്നുള്ള അടിസ്ഥാനത്തിൽത്തന്നെ ഗൗരവപൂർവ്വം പരിഗണിച്ച് അതിനെ സംബന്ധിച്ച് വേണ്ട നടപടികൾ നടത്താനും അന്വേഷണം നടത്താനും ഗവൺമെൻറു തയ്യാറാണ്. ആ നയത്തിൽ ഗവൺമെൻറ് ഇപ്പോഴും ഉറച്ചു നിൽക്കുകയാണ്. പക്ഷേ അതേ സമയത്ത് ഈ രാജ്യത്തുണ്ടായിട്ടുള്ള പ്രത്യേക സാഹചര്യത്തെ സംബന്ധിച്ചുകൂടി ബഹുമാനപ്പെട്ട സാമാജികൻമാർ എല്ലാപേരും പ്രതിപക്ഷത്തുള്ള ആളുകളും അതുപോലെതന്നെ ഗവൺമെൻറു പക്ഷത്തുള്ള ആളുകളും—ഗാഢമായി ആലോചിക്കണമെന്നു എനിക്കു വിനീതമായ അഭ്യർത്ഥനയുണ്ട്. ഈ രാജ്യത്ത് സാധാരണയിലുള്ള ഒരു സ്ഥിതിവിശേഷം സംജാതമായിട്ടുണ്ടോ എന്നു ആദ്യമായി പരിശോധിക്കേണ്ടതാണ്. ഞാൻ ഉദ്ദേശിക്കുന്ന അർത്ഥം ആദ്യമായി ഞാൻ വ്യക്തമാക്കാം. ഇപ്പോൾ ട്രാൻസ്പോർട്ടു സമരം സംബന്ധിച്ച് ഇവിടെ ഒരു പ്രക്ഷോഭണം നടന്നു. സാധാരണഗതിയിൽ ട്രാൻസ്പോർട്ട് സമരത്തെസംബന്ധിച്ച് ഒരു പ്രക്ഷോഭണം നടക്കുന്ന സാഹചര്യത്തിൽ പ്രത്യേകിച്ചൊന്നും തന്നെ എടുത്തുപറയേണ്ടതില്ല. സത്യഗ്രഹം നടത്തുക അല്ലെങ്കിൽ പിക്കററിംഗ് നടത്തുക അല്ലെങ്കിൽ പ്രകടനങ്ങൾ നടത്തുക ഇവയെല്ലാം നമുക്കു മനസ്സിലാക്കാൻ സാധിക്കുന്നതാണ്. അങ്ങനെ മാത്രമാണ് നമ്മുടെ രാജ്യത്തു നടന്നിരുന്നതെങ്കിൽ തീർച്ചയായും ഇവിടെ ആരോപിക്കപ്പെട്ട പ്രശ്നങ്ങളൊന്നും ഉൽഭവിക്കുകയില്ലായിരുന്നു എന്നു ധൈര്യമായി എനിക്കുപറയാൻകഴിയും. പിക്കററു ചെയ്താൽ ആ ആളുകളെ അറസ്ററു ചെയ്യുക, ചിലപ്പോൾ അന്നുതന്നെ വൈകുന്നേരം അവരെ വിടുകയും കേസ് കുറേക്കൂടി ഗൗരവമുണ്ടെങ്കിൽ കേസ്സ് ചാർജ് ചെയ്തു ശിക്ഷിക്കുകയും അഞ്ചുപത്തുദിവസം ജയിലിൽവച്ചിട്ട് പുറത്തുവിടുകയും ചെയ്യുകയാണ് പതിവ്. അതുപോലെതന്നെ മററു സംഭവങ്ങളെസംബന്ധിച്ചിടത്തോളവും ഒരു പൊതുപണിമുടക്കു നടക്കുകയാണെങ്കിൽ പോലീസിനെ സമാധാനപാലന

LIBRARY ARCHIVES Kerala Legislative Assembly

ത്തിനുവേണ്ടി ഡിപ്ലോയ് ചെയ്തുവെന്നു വരും. പ്രത്യേകമായി ഒന്നും ചെയ്യുകയില്ല. പ്രത്യേകമായി സംഘട്ടനം നടക്കുകയാണെങ്കിൽ അപൂർവ്വം ചില അവസരങ്ങളിൽ ലാത്തിച്ചാർജ് ഉണ്ടായി എന്നുവന്നേക്കാം. പക്ഷേ അങ്ങനെയുള്ള കാര്യങ്ങളാണോ ഈ സംസ്ഥാനത്ത് കഴിഞ്ഞ ഒരു മാസക്കാലം നടന്നതെന്നു ആദ്യമായി ആലോചിക്കണമെന്നാണ് എനിക്കു പറയുവാനുള്ളത്. ട്രാൻസ്പോർട്ട് ബസ്സുകൾ കൊണ്ടുപോകുന്ന ആളുകളെ ഡ്രൈവർമാരെയും കണ്ടക്ടർമാരെയും—ആക്രമിക്കുക, ആസിഡുബോംബ് എറിയുക, കല്ലെറിയുക, സ്ഫോടക വസ്തുക്കൾ ഉപയോഗിക്കുക എന്നുള്ളത് സാധാരണ സംഭവങ്ങളാണെന്നാണോ പറയുന്നത്? ഇങ്ങനെയുള്ള സംഭവങ്ങൾ നടക്കുന്ന പരിതഃസ്ഥിതിയിൽ പ്രത്യേകിച്ചും പോലീസ് ശക്തിയായി പ്രവർത്തിക്കേണ്ടി വരികയില്ലേ എന്ന് ആലോചിക്കണം. എന്നു മാത്രമല്ല, ഇങ്ങനെയുള്ള സംഭവങ്ങൾ കേരളത്തിലല്ല ഈ രാജ്യത്തിന്റെ മററു ഭാഗങ്ങളിലെവിടെയെങ്കിലും ഒരു കാലത്തെങ്കിലും നടന്നിട്ടുണ്ടോ എന്നു നിശ്ചയമില്ലാത്ത രീതിയിലുള്ള സംഭവങ്ങളാണ് നടന്നിട്ടുള്ളത്. ഞാനുദ്ദേശിക്കുന്നത് മട്ടന്നൂരിനടുത്ത് നടന്ന സംഭവമാണ് അതൊരു ചെറിയ, സാധാരണ സംഭവമാണോ?

<u>ശ്രീ. ഏ. കെ. അപ്പു:</u> ശ്രീ. ഇമ്പിച്ചിബാവ ട്രാൻസ്പോർട്ട്മന്ത്രിയായിരുന്നപ്പോൾ ഒരു പണിമുടക്കു നടന്നപ്പോൾ കല്ലേറ് ഉണ്ടായിട്ടില്ലേ?

<u>ശ്രീ. സി. അച്യുതമേനോൻ:</u> എന്റെ പ്രസംഗം കഴിഞ്ഞതിനുശേഷം ചോദ്യം ചോദിച്ചാൽ പറയാം. അതിനിടയ്ക്കുചോദിച്ചാൽ പ്രസംഗത്തിൽ പറയേണ്ട കാര്യങ്ങളെല്ലാം വിട്ടുപോകും അങ്ങനെയുള്ള സംഭവങ്ങൾ ഇൻഡ്യയിൽ മററൊരു ഭാഗത്തും നടന്നിട്ടുള്ളതായി എനിക്കറിവില്ല.

<u>ശ്രീ. ബി. വെല്ലിംഗ്ടൺ:</u> മുദ്രാവാക്യം വിളിച്ചതിന് ലാത്തിച്ചാർജ് നടത്തിയ സംഭവം ഇൻഡ്യയിലെവിടെയെങ്കിലും ഉണ്ടായിട്ടുണ്ടോ?

<u>ശ്രീ. സി അച്ചുതമേനോൻ:</u> എന്നെ പ്രസംഗിപ്പിക്കാതിരിക്കാനാണുദ്ദേശമെങ്കിൽ അത് തുറന്നു പറയാം. അപ്പോൾപിന്നെ എന്തുവേണമെന്നു ആലോചിക്കാം. സംശയങ്ങളുണ്ടെങ്കിൽ എന്റെ പ്രസംഗം കഴിഞ്ഞതിനു ശേഷം ചോദിച്ചാൽ മറുപടി പറയാം.

സമരങ്ങൾ ഉണ്ടാകുന്ന അവസരത്തിൽ പ്രക്ഷുബ്ധരായ ജനങ്ങൾ ബസ്സ് കത്തിച്ചു എന്നു വരും. വളരെ അപൂർവ്വമാണെന്നൊന്നും ഞാൻ പറയുന്നില്ല. പക്ഷേ ബസ്സുകളിലുള്ള ആളുകളെ ജീവനോടുകൂടി പച്ചയ്ക്കു കത്തിക്കുന്ന സമ്പ്രദായം ഈ സമരത്തിലല്ലാതെ മററൊരു സന്ദർഭത്തിലും ഉണ്ടായിട്ടില്ല. ഇത്തരമൊരു അസാധാരണ സ്ഥിതി വിശേഷം ഈ രാജ്യത്തുണ്ട്. അതുകൊണ്ട് തീർച്ചയായും പോലീസിനു ശക്തിയായി പ്രവർത്തിക്കേണ്ടിവന്നിട്ടുണ്ട്. അങ്ങനെ പ്രവർത്തിക്കുമ്പോഴും അതിരു കടന്ന് അക്രമം പ്രവർത്തിക്കുകയോ അല്ലെങ്കിൽ ന്യായമായ നിലയിൽ അല്ലാതെ ബലം പ്രയോഗിക്കുകയോ മർദ്ദനം നടത്തുകയോ ചെയ്യാൻ അർഹതയുണ്ടെന്നു ഈ ഗവൺമെൻറ് ഒരിക്കലും കരുതുന്നില്ല. ഇങ്ങനെയുണ്ടായിട്ടുള്ള സംഭവങ്ങളെ സംബന്ധിച്ചിടത്തോളം അന്വേഷിച്ച് സത്യമാണെന്നു കാണുകയാണെങ്കിൽ അതു ചെയ്തവർക്ക് കഠിനമായ ശിക്ഷകൾ അനുഭവിക്കേണ്ടിവരുമെന്നു ഈ സഭയിൽ പറയാൻ ഞാനാഗ്രഹിക്കുന്നു. പക്ഷേ അതിനു എന്താണു ചെയ്യേണ്ടത് ? ചില ആളുകൾ പത്രത്തിലെഴുതി, പ്രസ്താവന പുറപ്പെടുവിച്ചു ഉത്തരവാദപ്പെട്ട എം. എൽ. ഏ. മാർതന്നെ—ഉത്തരവാദിത്വം ഇല്ലെന്നു ഞാൻ പറയുന്നില്ല, ഉത്തരവാദിത്വരഹിതമായി നാം പലപ്പോഴും പെരുമാറിയിട്ടുണ്ടെങ്കിലും—പറയുമ്പോൾ അവർ

LIBRARY ARCHIVES Kerala Legislative Assembly

ജനപ്രതിനിധികളായതുകൊണ്ട് അവരുടെ പ്രസ്താവന ഗൗരവമായി എടുക്കാൻ തയ്യാറാണ്. പക്ഷേ അങ്ങനെ അവർ പറഞ്ഞു എന്നുള്ളതിന്റെ അടിസ്ഥാനത്തിൽ മാത്രം ഗവൺമെന്റുദ്യോഗസ്ഥൻമാരെ—പോലീസുകാരായാലും—ശിക്ഷിക്കാൻ സാധിക്കുമോ? അപ്പുറത്തിരിക്കുന്ന ആളുകളും ഭരണാധികാരത്തിലിരുന്നിട്ടുള്ള ആളുകളാണ്. അവർക്കും ഇതിനെസംബന്ധിച്ച നടപടിക്രമങ്ങളറിയാം. ഭരണഘടനപ്രകാരം ഓരോ പൗരനും തന്റെ സ്വാതന്ത്ര്യത്തെപ്പററിയെല്ലാം ബോധമുണ്ട്. ആരെങ്കിലും പറഞ്ഞു. പറഞ്ഞ ആൾ ഉന്നതനാണ് എന്നുള്ളതുകൊണ്ടു മാത്രം ഏതെങ്കിലും ഉദ്യോഗസ്ഥനെ ശിക്ഷിക്കാൻ സാധിക്കുമോ? അങ്ങനെ ശിക്ഷിച്ചാൽ നിലനിൽക്കുമോ? ഈ വക കാര്യങ്ങളെപ്പററി ആലോചിക്കണമെന്നാണ് എനിക്കു പറയുവാനുള്ളത്. അതുകൊണ്ട് ഗവൺമെൻറ് യുക്തമായ, നിയമപ്രകാരമുള്ള, നിയമം അനുവദിക്കുന്ന രീതിയിലുള്ള നടപടിക്രമം അനുസരിച്ച് ഈ മുന്നോട്ടു വച്ചിട്ടുള്ള ആരോപണങ്ങളിൽ എന്തെങ്കിലും സത്യം ഉണ്ടോ എന്നു അറിയാൻ ശ്രമം നടത്തുകയാണ്. സത്യമാണെന്നു തെളിയുകയാണെങ്കിൽ കർശനമായ, കഠിനമായ ശിക്ഷ നൽകുമെന്നുമാത്രമേ ഞാൻ പറയുന്നുള്ളൂ. അതിന് എന്താണുമാർഗ്ഗം? അന്വേഷിക്കുകയെന്നുള്ളതാണ്. ഇവിടെ ബഹുമാനപ്പെട്ട നമ്പീശനും മററും പരാതികഠം തന്നിട്ടുണ്ട്. അതിനെപ്പററിഅന്വേഷിക്കാൻ ഏർപ്പാട് ചെയ്തിട്ടുണ്ട്. ഒരുകാര്യം പറയാൻ ഞാനാഗ്രഹിക്കുന്നു. ശ്രീ. നമ്പീശൻ വളരെക്കാലമായി പരിചയമുള്ള ഒരു സുഹൃത്താണ്. അദ്ദേഹത്തിന് ദോഹോപദ്രവമേററ് ആശുപത്രിയിൽ പ്രവേശിപ്പിക്കേണ്ടിവന്നിട്ടുണ്ടെങ്കിൽ എനിക്കു വളരെ ദു:ഖമുണ്ട്. പക്ഷേ നമുക്ക് ഓരോരുത്തർക്കും ഇഷ്ടപെടാത്ത പല കാര്യങ്ങളും ഈ രാജ്യത്തു നടക്കുന്നുണ്ട്. നമുക്കോരോരുത്തർക്കും ഇഷ്ടമുള്ളതിന്റെ അല്ലെങ്കിൽ ഇഷ്ടമില്ലാത്തതിന്റെ അടിസ്ഥാനത്തിൽ മാത്രം ഒരാളെ പിടിച്ചു ശിക്ഷിക്കാൻ സാധിക്കുമോ? ഞാൻ മുഖ്യമന്ത്രിയായതുകൊണ്ടോ ഒരുപക്ഷേ അതിലും വലിയ സ്ഥാനങ്ങളിൽ ആയതുകൊണ്ടോ കാരണംകൂടാതെ ശിക്ഷിക്കാൻ ഒരിക്കലും അധികാരമില്ല.

ഇവിടെ നമ്പൂതിരിപ്പാട് പറഞ്ഞപ്പോഠം ഏററവും പ്രധാനമായി പറഞ്ഞിട്ടുള്ളത് ഏററവും മിതമായി പറയുകയാണെങ്കിൽ ഈ രണ്ടുമൂന്നു കാര്യങ്ങളിലെങ്കിലും എം. എൽ. ഏ. മാർ ഉന്നയിച്ചിട്ടുള്ള പരാതികളെപ്പററി അന്വേഷിക്കാൻ തയ്യാറാകണമെന്നാണ്. അത് ആർ. ഡി. ഓ. യുടെ അന്വേഷണം പോരാ. ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥൻമാരെ സസ്പെൻറു ചെയ്തുകൊണ്ടുവേണം അന്വേഷണം നടത്താൻ എന്നാണ് അദ്ദേഹം പറഞ്ഞതിന്റെ സാരം എന്നു ഞാൻ മനസ്സിലാക്കുന്നു. ഇതിനെ സംബന്ധിച്ച് എനിക്കൊരു വാക്കു പറയാനുണ്ട്. ഈ ഗവൺമെൻറു വരുന്നതിനുമുൻപ് ബഹുമാനപ്പെട്ട നമ്പൂതിരിപ്പാട് മുഖ്യമന്ത്രിയായിരുന്ന കാലത്തും ഇവിടെ വളരെയധികം അന്വേഷണങ്ങഠം നടന്നിട്ടുണ്ട് എന്നാണു ഞാൻ മനസ്സിലാക്കുന്നത്. എന്റെ ഓർമ്മയാണ്, തെററു പററിയിട്ടുണ്ടെങ്കിൽ തിരുത്താം. കഴിഞ്ഞ 31 മാസത്തെ ഭരണത്തിൻകീഴിൽ വെടിവയ്പ്പില്ലാത്ത കാര്യങ്ങളിൽ ജൂഡിഷ്യൽ അന്വേഷണം ഉണ്ടായിട്ടില്ല. ലാത്തിച്ചാർജ് ചെയ്തു എന്നു പറഞ്ഞതിനും പോലീസ് മർദ്ദിച്ചു എന്നു പറഞ്ഞതിനും മററു പരാതികളുണ്ടായപ്പോഴെല്ലാംതന്നെ ആർ. ഡി. ഓ. മുതലായ ഉദ്യോഗസ്ഥൻമാർ മുഖാന്തിരമുള്ള അന്വേഷണമാണു നടന്നിട്ടുള്ളത്. പോലീസ് ഡിപ്പാർട്ടുമെൻറു മുഖേനയുള്ള അന്വേഷണഫലം വിശ്വസിക്കാൻ പ്രയാസമായിരിക്കാം. പോലീസുദ്യോഗസ്ഥൻമാരായാൽ താഴെയുള്ളഉദ്യോഗസ്ഥൻമാരെ സംരക്ഷിക്കാനുള്ള പ്രവണത കാണും. അതുതെററിദ്ധാരണ ജനിപ്പിക്കാൻ പര്യാപ്തമാകുന്നു എന്നുള്ളതിന്റെ അടിസ്ഥാനത്തിലാണ് പോലീസ് ഡിപ്പാർട്ടുമെൻറിലല്ലാത്ത

LIBRARY ARCHIVES Kerala Legislative Assembly

ജനറൽ അഡ്മിനിസ്ട്രേഷന്റെ ഭാഗമായിരിക്കുന്ന ഒരുദ്യോഗസ്ഥനെക്കൊണ്ട് പ്രാഥമികമായ അന്വേഷണം നടത്തുക എന്ന നയം സ്വീകരിച്ചിരിക്കുന്നത്. അത് അപ്പുറത്തിരിക്കുന്നവർ നടത്തി. ആ പാരമ്പര്യം അനുസരിച്ചുതന്നെ ഞങ്ങളും നടത്തുന്നു. അതിൽ ആക്ഷേപാർഹമായോ കുററകരമായോ എന്താണുള്ളതെന്ന് എനിക്കു മനസ്സിലാകുന്നില്ല. ആ അന്വേഷണത്തിൽ എന്തെങ്കിലും അപര്യാപ്തത തോന്നുകയാണെങ്കിൽ ജൂഡിഷ്യൽ അന്വേഷണമോ മററന്തു നടപടിയാണോ എടുക്കാൻ സാധിക്കുക അത് തീർച്ചയായും ഗവൺമെന്റ് എടുക്കാൻ മടിക്കുകയില്ല എന്നു മാത്രമേ ഇപ്പോൾ പറയാനുള്ളൂ. പിന്നൊരു പ്രശ്നമുള്ളത് മുൻകൂട്ടി സസ്പെന്റു ചെയ്തുകൂടേയെന്നുള്ളതാണ്. സസ്പെന്റു ചെയ്യണമോ വേണ്ടയോ എന്നുള്ളത് തെളിവുകളെ ആസ്പദമാക്കിയുള്ളതാണ്. ആ തെളിവുകളുടെ വിശദാംശങ്ങളിലേയ്ക്കു പോകാതെകണ്ട് എന്തെങ്കിലും പറയുന്നത് ശരിയായിരുക്കുകയില്ല. ചില സന്ദർഭങ്ങളിൽ അങ്ങനെയുള്ള സസ്പെൻഷൻ നടപടികൾ എടുത്തിട്ടുപോലും പ്രയോജനം ഉണ്ടായിട്ടില്ലെന്നുള്ളതു ഞാൻ ചൂണ്ടിക്കാണിക്കാനാഗ്രഹിക്കുന്നു. നമ്പൂതിരിപ്പാട് ഹോം മിനിസ്ററർ ആയിരുന്ന കാലത്ത് വീയപുരത്തു നടന്ന സസ്പെൻഷൻ കാര്യം ഞാൻ ഓർമ്മിപ്പിക്കുകയാണ്. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്കു പോകുകയല്ല. നമ്പൂതിരിപ്പാട് ചെയ്തത് ശരിയോ തെറേറാ എന്നു പറയുന്നില്ല. പക്ഷേ ആ സസ്പെൻഷൻ നടപടി റദ്ദു ചെയ്യപ്പെട്ടു. അതു ഹൈക്കോടതി ചോദ്യം ചെയ്തു തള്ളി. അപ്പോൾ ഒരു പാർട്ടി ഒരു പ്രമേയം പാസ്സാക്കി അല്ലെങ്കിൽ ഒരു പത്രം മുഖപ്രസംഗം എഴുതി, ഒരു പ്രസ്താവന നടത്തി എന്നുള്ളതിനെ അടിസ്ഥാനപ്പെടുത്തിമാത്രം സസ്പെൻഷൻ നടപടി നടത്തുകയാണെങ്കിൽ..

<u>ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ:</u> സർ, ഒരു പോയിന്റു ഓഫ് ഓർഡർ. വസ്തുതകൾക്കു വിരുദ്ധമായി സഭയെ തെററിദ്ധരിപ്പിക്കുന്ന രീതിയിൽ മുഖ്യമന്ത്രി സംസാരിക്കുന്നത് ഓർഡറിലാണോ? വീയപുരം സംഭവത്തിൽ സസ്പെന്റു ചെയ്തിട്ടുള്ള സർക്കിൾ ഇൻസ്പെക്ടർ കൊടുത്തിട്ടുള്ള അപ്പീലിന്റെ അടിസ്ഥാനത്തിൽ ഹൈക്കോടതിയുടെ സിംഗിൾ ബെഞ്ച് വിധിയുണ്ടാകുകയും അതേത്തുടർന്ന് ഡിവിഷൻ ബെഞ്ചിൽ ഗവൺമെന്റ് അപ്പീൽ കൊടുക്കുകയും അപ്പീൽ അനുവദിച്ചുകൊണ്ട് സസ്പെൻഷൻ ശരിയാണെന്നു ഹൈക്കോടതിയിൽ നിന്നും വിധിയുണ്ടാകുകയും ചെയ്തിരിക്കേ സത്യവിരുദ്ധമായി സഭയെ തെററിദ്ധരിപ്പിക്കുന്ന രീതിയിൽ പറയുന്നത് ഓർഡറിലാണോ?

<u>ശ്രീ. സി. അച്യുതമേനോൻ:</u> ബഹുമാനപ്പെട്ട വാര്യർ പറയുന്നതു ശരിയാണോ എന്നു പരിശോധിക്കാം. ഞാൻ എന്റെ അറിവു വച്ചുകൊണ്ട് പറഞ്ഞതാണ്. തെററുണ്ടെങ്കിൽ തിരുത്താൻ തയ്യാറാണ്. ഇപ്പോൾ എന്റെ കൈയിൽ റിക്കാർഡ്സ് ഇല്ലാത്തതുകൊണ്ട് അറിയുകയില്ല. അതു വെരിഫൈ ചെയ്തിട്ടു നാളെ പറയാം. എന്റെ പോയിന്റു എന്താണെന്നു ചോദിച്ചാൽ ഏതെങ്കിലും പാർട്ടിമുഖപത്രത്തിൽ എഴുതിയാൽ അല്ലെങ്കിൽ ഒരു പ്രമേയം പാസ്സാക്കിയാൽ മാത്രം ഒരുദ്യോഗസ്ഥനെ സസ്പെന്റു ചെയ്യാനോ നടപടിയെടുക്കാനോ സാധ്യമല്ലെന്നുള്ളതാണ്. കുറേക്കൂടി ഉത്തരവാദിത്വത്തോടുകൂടി കുറേക്കൂടി സൂക്ഷ്മ പരിശോധനയുടെ അടിസ്ഥാനത്തിൽ മാത്രമേ നടപടിയെടുക്കാൻ കഴിയൂ. അതുകൊണ്ടാണ് ഈ പരാതികൾ കിട്ടിയ ഉടൻതന്നെ അതിനെപ്പററി അന്വേഷിക്കാൻ ഏർപ്പാടു ചെയ്തിട്ടുള്ളത്. ഇനി ഇതുപോലെയുള്ള മറേറതെങ്കിലും പരാതികളുണ്ടെങ്കിൽ—ശ്രീ. ഏ. എസ്. പുരുഷോത്തമൻ ഇവിടെ ഒരു പരാതി ഉന്നയിക്കുക

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

യുണ്ടായി—അതെല്ലാം ഇതുപോലെയുള്ള നടപടികൾക്കു വിധേയമാക്കാൻ ഗവൺമെന്റു തയ്യാറാണ്. എം. എൽ. എ. മാർ ഉന്നയിക്കുന്നു എന്നുള്ളതുകൊണ്ടു മാത്രം പ്രത്യേകമായി പരിഗണിക്കാൻ ഞാൻ തയ്യാറല്ല. അതു ചിലപ്പോൾ ഒരു വിവേചനമായിട്ടു പറയാം. എം. എൽ. എ. യ്ക്കു ഉത്തരവാദപ്പെട്ട ഒരു സ്ഥാനം സമൂഹത്തിലുണ്ടെന്നുള്ളതു ശരിയാണ്. വളരെയധികം ആളുകളെ പ്രതിനിധീകരിക്കുന്നവരാണ്. എന്നാൽ സാധാരണ പൗരൻമാർക്കും ചില ഉത്തരവാദിത്വങ്ങളും അവകാശങ്ങളുമുണ്ട്. ആ അവകാശങ്ങൾ സംരക്ഷിക്കപ്പെടണമെന്നുള്ള കാര്യത്തിൽ തീർച്ചയായും നിഷ്കർഷ ഉണ്ടായിരിക്കണം. ആ അടിസ്ഥാനത്തിൽ ഗൗരവാവഹമായ എന്തു പരാതി കിട്ടിയാലും നിലവിലുള്ള നടപടിക്രമം അനുസരിച്ച് അന്വേഷണം നടത്താൻ ഗവൺമെന്റ് എപ്പോഴും ഒരുക്കമായിരിക്കും. കൂടുതൽ ഗൗരവമുള്ളതാണെന്നു തോന്നുകയാണെങ്കിൽ പ്രാഥമികാന്വേഷണത്തിൽത്തന്നെ സംശയമുള്ള കാര്യങ്ങൾ പുറത്തു വരികയാണെങ്കിൽ അതിൽ കർശനമായ നടപടി സ്വീകരിക്കാൻ വേണ്ടി ഗവൺമെന്റു തയ്യാറാകുമെന്നു കൂടി പറയാൻ ഞാനാഗ്രഹിക്കുന്നു. ഇതുമാത്രമേ എനിക്ക് പൊതുവായി ഈ സംഗതികളെ സംബന്ധിച്ചു പറയാനുള്ളൂ. ബഹുമാനപ്പെട്ട ആഭ്യന്തരകാര്യമന്ത്രി പറഞ്ഞ മററു കാര്യങ്ങളോടു ഞാൻ യോജിക്കുന്നു. ഇത്രമാത്രം പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്നു ഞാൻ അപേക്ഷിക്കുന്നു.

ശ്രീ. കെ. കെ. അബു: ബഹുമാനപ്പെട്ട മന്ത്രി ശ്രീ. കെ. എം. ജോർജ് തന്നെ സമ്മതിച്ചതാണ് മൂവാററുപുഴയിൽ പോലീസുകാർ ഹോട്ടലിൽ കയറിതല്ലിയെന്നും പോലീസാഫീസർമാരുടെ ആജ്ഞയെ ധിക്കരിക്കുകയും ചെയ്തുവെന്ന്. അക്കാര്യത്തിൽ എന്തു നടപടിയാണ് എടുത്തിട്ടുള്ളത്. ആസിഡു ബോംബെറിയുക തുടങ്ങിയ അക്രമ പ്രവർത്തനങ്ങൾ നടത്തുന്നതിനോടു ഞങ്ങൾ യോജിക്കുന്നില്ല. പക്ഷേ അതുകൊണ്ട് ലോക്കപ്പുമർദ്ദനം നടത്താമെന്നാണോ? അല്ലെങ്കിൽ കർശനമായ നിർദ്ദേശം കൊടുക്കാൻ ആഭ്യന്തരമന്ത്രി തയ്യാറാണോ?

ശ്രീ. സി. അച്യുതമേനോൻ: അതു ഞാൻ പറഞ്ഞുകഴിഞ്ഞു. മൂവാററുപുഴ നടന്ന സംഭവത്തെസംബന്ധിച്ച് അന്വേഷണം ആർഡർ കൊടുത്തിരിക്കുകയാണ്. ആ അന്വേഷണത്തിൽ തീർച്ചയായിട്ടും ശ്രീ. ജോർജ് പറഞ്ഞതും മീതിയൻ പറഞ്ഞതും അതുപോലെതന്നെ മററു ആളുകൾക്ക് അറിവുള്ള കാര്യങ്ങളും എല്ലാംതന്നെ ആ ഉദ്യോഗസ്ഥൻ പരിശോധിക്കുമെന്നാണ് എന്റെ വിശ്വാസം. അതിന്റെ അടിസ്ഥാനത്തിൽ അദ്ദേഹം തരുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടിയും എടുക്കും. പിന്നെ ഈ ബോംബ് എറിഞ്ഞതിനെയുംമററും അദ്ദേഹം ന്യായീകരിക്കുന്നില്ല, അതു തെററാണെന്നു പറഞ്ഞു. വളരെ സന്തോഷമുണ്ട. അതിന്റെ അടിസ്ഥാനത്തിൽ അങ്ങനെ ചെയ്യുന്നതുകൊണ്ട് ലോക്കപ്പുമർദ്ദനം ന്യായീകരിക്കാമെന്നാണോ സൂചനയെന്നു ചോദിച്ചു. എന്റെ പ്രസംഗത്തിൽ ഞാൻ വ്യക്തമായി പറഞ്ഞു ലോക്കപ്പുമർദ്ദനങ്ങളും നിയമം അനുവദിക്കാത്തതരത്തിലുള്ള മർദ്ദനങ്ങളും എത്രത്തോളംതന്നെ പ്രകോപനമുണ്ടായാലും പാടില്ലെന്ന്. നിയമപ്രകാരം പോലീസിന് കുററവാളികളെ പിടിക്കാനും അറസ്ററുചെയ്യാനും അധികാരമുണ്ട്. അതിൽനിന്നും എസ്കേപ്പുചെയ്യാൻ ശ്രമിച്ചാൽ പിടിക്കാൻ അധികാരമുണ്ട്. അങ്ങനെവരുമ്പോൾ ബലപ്രയോഗവുമുണ്ടാകുന്നു. അതല്ലാതെയുള്ള ബലപ്രയോഗം നടത്താൻ പോലീസിനു യാതൊരു അധികാരവുമില്ല. അങ്ങനെ ചെയ്തുവെന്നുതെളിഞ്ഞാൽ കഠിനമായ ശിക്ഷയ്ക്ക് അർഹരുമാണ്. അങ്ങനെ ശിക്ഷിക്കുമെന്നുള്ള കാര്യത്തെസംബന്ധിച്ചിടത്തോളം ഐ. ജി. മുഖേന പോലീസ് വകുപ്പിന് പ്രത്യേക നിർദ്ദേശവും കൊടുത്തിട്ടുണ്ട്.

ഞാൻ ഡിസ്ട്രിക്ടുകളിൽ പോകുന്ന അവസരത്തിൽ പോലീസ് ഉദ്യോഗസ്ഥൻമാർക്ക് കർശനമായ താക്കീതും നൽകാറുണ്ട്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: മുഖ്യമന്ത്രി പറയുന്നതു കേട്ടാൽ സസ്പെൻറുചെയ്തുകൊണ്ട് അന്വേഷണം ഏർപ്പാടുചെയ്യുന്നതു ശരിയല്ല, മുൻമന്ത്രിസഭകളുടെ കാലത്തും വെടിവയ്പ്പും മററുമുണ്ടായപ്പോഠം അങ്ങനെയേ ഉണ്ടായിട്ടുള്ളൂ എന്നുതോന്നും. എന്നാൽ എറണാകുളത്ത് മിസ്ററർ കുമാരനെയും ഭാര്യയേയും ലാക്കപ്പിൽ കൊണ്ടുപോയി മർദ്ദിച്ചു എന്നു പരാതി ഉണ്ടായ ഉടനെ പോലീസുദ്യോഗസ്ഥനെ സസ്പെൻറുചെയ്തുകൊണ്ടാണ് ഇ.എം.എസ്.ൻെറ ഗവൺമെൻറ് നടപടിയെടുത്തത്. കുളമാവിൽ പോലീസുകാർ തൊഴിലാളികളെ മർദ്ദിച്ചതിനെക്കുറിച്ച പരാതി ഉണ്ടായ ഉടനെ ഏഴുപേരെ സസ്പെൻറുചെയ്തു നിറുത്തിക്കൊണ്ടാണ് നടപടിയെടുത്തത്. ശ്രീമാൻ പി. ടി. ചാക്കോ മന്ത്രിയായിരുന്നകാലത്ത് അങ്കമാലിയിലും പുത്തൻകുരിശിലും മററും ഉണ്ടായസംഭവത്തെസംബന്ധിച്ച് ഈ സഭയിൽ ഉന്നയിച്ച ആരോപണത്തിൻെറ അടിസ്ഥാനത്തിൽ പോലീസുദ്യോഗസ്ഥൻമാരെ സസ്പെൻറുചെയ്തുകൊണ്ടാണ് അന്വേഷണത്തിന് ഉത്തരവിട്ടത്. അതുകൊണ്ട് അങ്ങനെയൊരു കർശന നയം ഈ ഗവൺമെൻറിന് ഇല്ലെന്നാണോ ഞങ്ങഠം മനസ്സിലാക്കേണ്ടത്; അങ്ങനെ ചെയ്യുന്നപതിവ് മുൻഗവൺമെൻറുകളുടെ കാലത്ത് ഉണ്ടായിട്ടില്ലെന്നുള്ളതാണോ ഞങ്ങഠം മനസ്സിലാക്കേണ്ടത്?

ശ്രീ. സി. അച്യുതമേനോൻ: ഞാൻ ഒന്നുക്കൂടി വ്യക്തമാക്കാം. പ്രഥമദൃഷ്ട്യാ പറയുന്ന കാര്യങ്ങഠം ശരിയാണെന്ന് ബോധ്യപ്പെട്ടാൽ അന്വേഷണം പൂർത്തിയാകുന്നതിനുമുമ്പുതന്നെ സസ്പെൻഷൻ നടപടി സ്വീകരിക്കാമെന്നാണ് എൻെറ വിശ്വാസം. അങ്ങനെ ഒരിക്കലും ചെയ്യുകയില്ലെന്ന് ഞാൻ പറഞ്ഞില്ല. ഞാൻ പറഞ്ഞത് എന്താണെന്നുവച്ചാൽ എന്തെങ്കിലും ഒരു അഭിപ്രായം പുറത്തുവന്ന് അല്ലെങ്കിൽ ഒരു ആരോപണം പുറത്തുവന്ന് ഉടനെ, ചില ആളുകഠം ആവശ്യപ്പെട്ടതിൻെറ അടിസ്ഥാനത്തിൽ സസ്പെൻറുചെയ്താൽ ചിലപ്പോഠം അതു നിലനിൽക്കാതെവരും. പ്രതികാരബുദ്ധിയോടുകൂടി ചെയ്തതാണെന്നു വിധിസമ്പാദിക്കാൻ ഇട കൊടുക്കാതെ ആ അബദ്ധം വന്നു പോകാതിരിക്കാൻവേണ്ടിയാണ് മുൻകൂട്ടി തന്നെ സസ്പെൻഷൻ നടപടിസ്വീകരിക്കാത്തത്. പറയുന്നതിൽ എന്തെങ്കിലും കാര്യമുണ്ടെന്ന് കണ്ടാൽ മുൻകൂട്ടിത്തന്നെ സസ്പെൻറുചെയ്യാവുന്നതാണ്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: അങ്ങയ്ക്കുതന്നെ അറിയാവുന്ന നിരുപദ്രവിയായ നമ്പീശൻെറകാര്യത്തിലും മൂവാററുപുഴ മീതിയൻെറ കാര്യത്തിലും നടന്നിട്ടുള്ള മർദ്ദനങ്ങഠം പ്രഥമദൃഷ്ട്യാ മർദ്ദനം നടന്നു എന്നു മനസ്സിലാക്കാൻ പററാത്തവിധത്തിലായിരുന്നുവെന്നാണോ അങ്ങയുടെ അഭിപ്രായം?

ശ്രീ. സി. അച്യുതമേനോൻ: ആ കാര്യത്തെക്കുറിച്ച് പ്രത്യേകിച്ചൊന്നും ഇപ്പോഠം പറയാൻ ആഗ്രഹിക്കുന്നില്ല.

ശ്രീ. ഇ. എം. ജോർജ്: ഇന്ന് ഇവിടെസംസാരിച്ച ബഹുമാനപ്പെട്ട കെ. എം. ജോർജ് സമ്മതിച്ചകാര്യമുണ്ട്. വാദഗതിയിൽ തർക്കമില്ല. ശ്രീ. മീതിയൻ മൂവാററുപുഴയിലെ കാര്യത്തെസംബന്ധിച്ചു പുറപ്പെടുവിച്ച പത്രപ്രസ്താവനയുണ്ട്, അദ്ദേഹം നടത്തിയ പ്രസംഗവുമുണ്ട്. അതിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങഠം മുഴുവൻ ശരിയാണെന്ന് ശ്രീമാൻ കെ. എം. ജോർജ് ഇവിടെ പറഞ്ഞു എന്നുമാത്രവുമല്ല അദ്ദേഹം ചൂണ്ടി

LIBRARY ARCHIVES Kerala Legislative Assembly

കാണിച്ചതിനെക്കാൾ കൂടുതൽ കുറ്റം പോലീസ് ചെയ്തതായിട്ടാണ് ശ്രീമാൻ കെ. എം. ജോർജ് ചൂണ്ടിക്കാണിച്ചത്. ഒരു ഹെഡ്കാൺസ്റ്റബിളും മൂന്നുപോലീസുകാരും കൂടി പിക്കറ്റുചെയ്തവരെയും അല്ലാത്തവരെയും തല്ലിയെന്നാണ് ശ്രീമാൻ മീതിയന്റെ ആരോപണം. അതു പരിപൂർണ്ണമായിട്ടും ശരിയാണെന്ന് ശ്രീമാൻ കെ. എം. ജോർജ് പറഞ്ഞു. സീനിയർ പോലീസ് ഉദ്യോഗസ്ഥൻമാർ കൊടുത്ത നിർദ്ദേശത്തെ ധിക്കരിച്ചുകൊണ്ടാണ് ഈ പറയുന്നകാര്യങ്ങളെല്ലാം നടത്തിയതെന്നും ശ്രീമാൻ ജോർജ് പറഞ്ഞു. ഇത്രയും തർക്കമില്ലാത്ത കാര്യങ്ങളെ സംബന്ധിച്ചിടത്തോളം സസ്പെൻറുചെയ്തുകൊണ്ട് അന്വേഷണം നടത്താൻ തയ്യാറാകുമോ?

<u>ശ്രീ സി. അച്യുതമേനോൻ:</u> സമയത്ത് ഞാൻ ഇവിടെ ഇല്ലാതിരുന്നതുകൊണ്ട് ശ്രീമാൻ ജോർജ് പറഞ്ഞത് എന്താണെന്ന് എനിക്ക് അറിഞ്ഞുകൂടാ. ശ്രീമാൻ ജോർജ് പറഞ്ഞു എന്നുള്ളതുകൊണ്ട് മാത്രം നടപടിയെടുക്കാൻ പററുകയില്ല. ആ ഭാഗത്ത് ഇരിക്കുന്നവരായാലും ഈ ഭാഗത്തിരിക്കുന്നവരായാലും അതുവച്ചുകൊണ്ട് നടപടിയെടുക്കാൻ പററുകയില്ല.

<u>മി: സ്പീക്കർ:</u> പരിശോധിച്ചതിനുശേഷമേ നടപടിയെടുക്കാൻ പററുകയുള്ളൂയെന്നു പറഞ്ഞല്ലോ?

ശ്രീമാൻ കെ. എം. മാണി, ശ്രീമാൻ. എ. പി. കുര്യൻ, ശ്രീമാൻ ആർ. എസ്. ഉണ്ണി എന്നിവർ എഴുന്നേററുനിന്ന് എന്തോ വിളിച്ചു പറഞ്ഞുകൊണ്ടിരുന്നു.

<u>ശ്രീ ആർ. എസ് ഉണ്ണി:</u> സർ, ഒരു പോയിൻറ് ഓഫ് ആർഡർ. ഒരു ബഹുമാനപ്പെട്ട മന്ത്രി സംസാരിച്ചുകൊണ്ടുനിൽക്കുന്ന അവസരത്തിൽ ചോദ്യംചോദിക്കും. അദ്ദേഹം വഴങ്ങുന്നുണ്ടെങ്കിൽ അതിന് ഉത്തരം പറയും. വഴങ്ങാതിരിക്കാനും സ്വാതന്ത്ര്യമുണ്ട്. മുഖ്യമന്ത്രി സംസാരിച്ചുകഴിഞ്ഞതിനുശേഷം ചോദ്യം ചോദിച്ചാൽ ഉത്തരം പറയാമെന്ന് അദ്ദേഹം പറയുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ യാതൊരു അന്തവുമില്ലാതെ സഭാനടപടികളെത്തന്നെ തടസ്സപ്പെടുത്തത്തക്കനിലയിൽ ചോദ്യങ്ങൾ വരുകയും ഉത്തരം പറയുകയും ചെയ്തുകൊണ്ടിരിക്കുന്നതു ശരിയാണോ? അതൊന്നു തീരുമാനിച്ചിട്ട് മുന്നോട്ടുപോകുന്നതു നന്നായിരിക്കും.

<u>മി. സ്പീക്കർ:</u> ചോദ്യംചോദിക്കാനും പോയിൻറു് ഓഫ് ആർഡർ ഉന്നയിക്കാനും മെമ്പറൻമാർക്ക് അവകാശമുണ്ട്. ഏതവസരത്തിലെല്ലാം പായിൻറ് ആഫ് ആർഡറുകളും ചോദ്യങ്ങളും ചോദിക്കാനുള്ള അവസരം കൊടുക്കണമെന്നുള്ളതിനെപ്പററി തീരുമാനിക്കാൻ സ്പീക്കർക്ക് അവകാശമുണ്ട്. ഇവിടെ ബഹുമാനപ്പെട്ട മന്ത്രി ചോദ്യം ചോദിച്ചാൽ ഉത്തരം പറയാമെന്നു പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ചോദ്യം ചോദിക്കാൻ അനുവദിച്ചു. ഇപ്പോൾ ഇനി ഉത്തരം പറയാൻ സാധ്യമല്ലെന്ന് അദ്ദേഹം പറയുകയും ചെയ്തു. അതുകൊണ്ട് ഇവിടെ അവസാനിപ്പിക്കാം.

<u>ശ്രീമതി കെ. ആർ. ഗൗരി:</u> ചോദ്യങ്ങൾ ചോദിക്കുകയും ഉത്തരം പറയുകയും ചെയ്തപ്പോഴുള്ള വിഷമംകൊണ്ടാണ് ഉണ്ണി ഇങ്ങനെ പറഞ്ഞത .

Speaker: I am going to put these demands to Vote, now.

The question that Government be granted a supplementary sum not exceeding Rs. 32,58,500 under Demand II Land Revenue, was put and carried.

The Grant was made.

LIBRARY ARCHIVES Kerala Legislative Assembly

The question that Government be granted a supplementary sum not exceeding Rs. 100 under Demand XIII Police, was put and carried.

The Grant was made.

The question that Government be granted a supplementary sum not exceeding Rs. 3,30,500 under Demand IX Heads of States, Ministers and Head quarters Staff, was put and carried.

The Grant was made.

The question that Government be granted a supplementary sum not exceeding Rs. 22,98,300 under Demand XXII Agriculture, was put and carried.

The Grant was made.

The question that Government be granted a supplementary sum not exceeding Rs. 5,39,100 under Demand I Agricultural Income Tax and Sales Tax, was put and carried.

The Grant was made.

The question that Government be granted a supplementary sum not exceeding Rs. 98,900 under Demand IV Taxes on Vehicles, was put and carried.

The Grant was made.

The question that Government be granted a supplementary sum not exceeding Rs. 1,50,000 under Demand V Stamps, was put and carried.

The Grant was made.

The question that Government be granted a supplementary sum not exceeding Rs. 2,36,300 under Demand VI Registration Fees, was put and carried.

The Grant was made.

The question that Government be granted a supplementary sum not exceeding Rs. 2,13,700 under Demand VII State Legislature, was put and carried.

The Grant was made.

The question that Government be granted a supplementary sum not exceeding Rs. 10,63,800 under Demand X District Administration and Miscellaneous, was put and carried.

The Grant was made.

The question that Government be granted a supplementary sum not exceeding Rs. 2,65,100 under Demand XI Administration of Justice, was put and carried.

The Grant was made.

LIBRARY ARCHIVES Kerala Legislative Assembly

The question that Government be granted a supplementary sum not exceeding Rs. 1,82,08,500 under Demand XVII General Education, was put and carried.

The Grant was made.

The question that Government be granted a supplementary sum not exceeding Rs. 5,00,000 under Demand XVIII Technical Education, was put and carried.

The Grant was made.

The question that Government be granted a supplementary sum not exceeding Rs. 49,79,000 under Demand XX Public Health, was put and carried.

The Grant was made.

The question that Government be granted a supplementary sum not exceeding Rs. 14,50,0' 0 under Demand XXV Animal Husbandry. was put and carried.

The Grant was made.

The question that Government be granted a supplementary sum not exceeding Rs. 4,99,900 under Demand XXVI Co-operation, was put and carried.

The Grant was made.

The question that Government be granted a supplementary sum not exceeding Rs. 76,75,000 under Demand XXVII Industries, was put and carried.

The Grant was made

The question that Government be granted a supplementary sum not exceeding Rs. 17,74,700 under Demand XXVIII Community Development Projects, National Extension Service and Local Development Works, was put and carried.

The Grant was made

The question that Government be granted a supplementary sum not exceeding Rs. 200 under Demand XXXI Statistics and Miscellaneous, was put and carried.

The Grant was made

The question that Government be granted a supplementary sum not exceeding Rs. 1,21,91,000 under Demand XXXII Irrigation. was put and carried.

The Grant was made

LIBRARY ARCHIVES Kerala Legislative Assembly

The question that Government be granted a supplementary sum not exceeding Rs. 1,17,35,200 under Demand XXXIII Public Works, was put and carried.

The Grant was made

The question that Government be granted a supplementary sum not exceeding Rs. 2,28,200 under Demand XXXV Transport Schemes, was put and carried.

The Grant was made

The question that Government be granted a supplementary sum not exceeding Rs. 17,92,000 under Demand XXXVI Famine, was put and carried.

The Grant was made

The question that Government be granted a supplementary sum not exceeding Rs. 17,12,000 under Demand XXXIX Forest, was put and carried.

The Grant was made

The question that Government be granted a supplementary sum not exceeding Rs. 66, 44,300 under XL Miscellaneous, was put and carried.

The Grant was made

The question that Government be granted a supplementary sum not exceeding Rs. 2,77,400 under Demand XLI Miscellaneous Contributions and assignments, was put and carried.

The Grant was made

The question that Government be granted a supplementary sum not exceeding Rs. 30,00,000 under Demand XLIII Capital Outlay on Public Health was put and carried.

The Grant was made

The question that Government be granted a supplementary sum not exceeding Rs. 500 under Demand XLV Capital Outlay on Industrial and Economic Development, was put and carried.

The Grant was made

The question that Government be granted a supplementary sum not exceeding Rs. 1,51,00,000 under Demand XLVI Capital outlay on irrigation, was put and carried.

The Grant was made

The question that Government be granted a supplementary sum not exceeding Rs. 2,68,51,100 under Demand XLVII Capital Outlay on Public Works, was put and carried.

The Grant was made

LIBRARY ARCHIVES Kerala Legislative Assembly

The question that Government be granted a supplementary sum not exceeding Rs. 68,900 under Demand LI Capital Outlay on Forest, was put and carried.

The Grant was made.

The question that Government be granted a supplementary sum not exceeding Rs. 100 under Demand LV Loans and Advances by the Government, was put and carried.

The Grant was made.

Mr. Speaker: The House will now adjourn and meet again tomorrow at 8 a. m. The Assembly adjourned at 1 p.m. to meet again at 8 a.m. on Tuesday, the 3rd March, 1970.

2/3015/MC.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly